Date of publication: 9 ഫെബ്രുവരി 2018
വോള്യം 14 / ലക്കം 2 / വില 20₹
ISSN 2319 – 9741


അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത



## വീട്

# വീട്





# സംഘടിത

സംഘടിത/ ഫെബ്രുവരി 2018/വോള്യം 14/ലക്കം 2



വീട്, സ്വത്തവകാശം, സ്ത്രീ :
തുല്യമല്ലാത്ത നീതികൾ 5
**ശ്രീപ്രിയ ബാലകൃഷ്ണൻ**

ഇടം നഷ്ടപ്പെട്ടവർ 10
**സിജി വൈലോപ്പിള്ളി**

തെക്കേപ്പുറത്തെ പെണ്ണുങ്ങൾ 13
**പസ്കി**

വീട് 16
**ശ്രീജിത ജയഭാരതി**

അതിജീവനത്തിന്റെ വീടോർമ്മകൾ 19
**അമൃത**

അകത്തേക്ക് തുറക്കുന്ന ജാലകങ്ങൾ 25
**ജുന സാജു**

കട്ടക്കറുപ്പ് 28
**കെ. ആർ. രാഗി**

സുകൃതം തേടി 34
**വീട്ടുവിശേഷം /റഷീദ ഗഫൂർ**

വീടിന്റെ പെണ്ണിടങ്ങൾ 30
**സി. ഹരിത**

വിലാപ്പുറങ്ങൾ 41
**വായനാനുഭവം/ഷീല എൻ. കെ.**

വഴിത്താരകൾ 45
**ജാനകി**

വാക്ക്... പല വാക്ക് 48
**കവിത/സിന്ധു ഉല്ലാസ്**

ജനകീയ കോടതി 49
**പുനർവായന/ചന്ദ്രമതി**

വിചാരണ നേരിടുന്നവൾ 48
**മിനി പ്രസാദ്**

വാസ്തവം 55
**ഡോ. ജാൻസി ജോസ്**

സ്നേഹ സാഗരം 56
**കഥ/ഹാജറ പി. എം.**

മുലയുള്ളവർക്ക് മലകയറിക്കൂടേ? 59
**റിപ്പോർട്ട്/ദീപ**

ഉന്മാദിനികളുടെ കാഴ്ചവട്ടങ്ങൾ 60
**കവിത/ സന്ധ്യ പത്മ**

നോതറുടെ സിദ്ധാന്തത്തിന് നൂറു വയസ്സ്
തികയുമ്പോൾ- 61
**ശാസ്ത്രം /സീമ ശ്രീലയം**



**ഫോട്ടോ ഫീച്ചർ :** **ക്യാൻവാസുകളാവുന്ന വീട്ടുചുവരുകൾ**



**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി.എഡിറ്റർ** : ഡോ. ജാൻസി ജോസ്, **പത്രാധിപസമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഗാർഗി ഹരിതകം, അഡ്വ.കെ.കെ.പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനിസു കുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934



**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

Federal Bank, A/c.No. 14130100072122, IFSC: FDRL0001413

# മുഖപ്രസംഗം



ഷീബ കെ.എം.

നിരാശാജനകവും ജനവിരുദ്ധ ആപൽസൂചനകളുള്ളതുമായ കേന്ദ്രബജറ്റിൽ നിന്നും വ്യത്യസ്തമായി സ്ത്രീസൗഹൃദമാണെന്ന് അവകാശപ്പെട്ടുകൊണ്ടാണ് കേരള ബജറ്റ് അവതരിപ്പിക്കപ്പെട്ടത്. ബജറ്റ് വിഹിതത്തിൽ 1267 കോടി രൂപയാണ് സ്ത്രീക്ഷേമത്തിനായി നീക്കിവെച്ചിട്ടുള്ളത്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ തടയാൻ 50 കോടി, അതിക്രമത്തിനിരയായവരെ പുനരധിവസിപ്പിക്കാൻ നിർഭയ വീടുകൾ, കുടുംബശ്രീക്ക് 200 കോടി, സ്ത്രീകൾക്ക് യാത്രയ്ക്കിടെ താമസിക്കാനുള്ള ഷീ ലോഡ്ജുകൾ(എറണാകുളത്ത് ) പണിയാൻ 4 കോടി, അവിവാഹിതരായ അമ്മമാരുടെ ക്ഷേമതുക 2000 രൂപയാക്കൽ, ട്രാൻസ്ജെൻഡേഴ്സിന്റെ ക്ഷേമത്തിന് 10 കോടി നീക്കിവെക്കൽ ഇങ്ങനെ ഏറെ സ്വാഗതാർഹമായ പരിഗണനകൾ ചരിത്രത്തിലാദ്യമായി ഒരു സർക്കാർ മുന്നോട്ട് വെച്ചിരിക്കയാണ്. സത്രീകളുടെ അവസ്ഥകളെയും രചനകളെയും സൗന്ദര്യാത്മകമായി പരാമർശിച്ച വ്യത്യസ്തത കൂടി ഈ ബജറ്റിനുണ്ടായി എന്നത് സന്തോഷകരം തന്നെ.എന്നാൽ ലിംഗഭേദാവസ്ഥകളെയും പുരുഷാധികാരത്തെയും ജനാധിപത്യജീവിതാവസ്ഥകളിലേക്ക് പരിവർത്തിപ്പിക്കാനുള്ള പദ്ധതികളിലേക്ക് ഈ ഗണിതവാഗ്ദാനങ്ങൾ വിവർത്തനം ചെയ്യപ്പെടുമോ എന്നതാണ് ചോദ്യം. ആസൂത്രണത്തിൽ പ്രായോഗിക ലിംഗഭേദാവശ്യങ്ങൾ (practical gender needs ) എന്നും ദീർഘപ്രാധാന്യമുള്ള ലിംഗഭേദാവശ്യങ്ങൾ ( strategic gender needs) എന്നും ഉള്ള ഘടകങ്ങളെ സ്ത്രീവാദപണ്ഡിതർ വേർതിരിച്ചു പറയാറുണ്ട്. ദീർഘകാലത്തിൽ സ്ത്രീകൾക്ക് തങ്ങളുടെ ചുറ്റുമുള്ള അധികാര ബന്ധങ്ങളെ തകർക്കാൻ കെല്പുണ്ടാക്കുന്ന (strategic) പദ്ധതികൾക്കാണ് സംരക്ഷണ / സുരക്ഷാ പദ്ധതികളോടൊപ്പം ഗൗരവമായി വികസിപ്പിച്ചെടുക്കേണ്ടതെന്ന് ചുരുക്കം.

വടയമ്പാടിയിലെ ജാതിമതിൽ മലയാളികളുടെ മനസ്സിൽ ഉയർന്നുനിൽക്കുന്ന സവർണ്ണാതിർത്തിയുടെ പ്രതീകം തന്നെയാണ്. അതിനാൽ ജാത്യാധികാരത്തിനെതിരെ ഉയർന്നു വരുന്ന ഏതു സമരത്തെയും ചെറുത്തുനില്പിന്റെ ഒറ്റപ്പെട്ട സൂചനയെന്നതിലപ്പുറം കേരളത്തിന്റെ സാമൂഹ്യ ചരിത്രത്തെ വിപ്ലവാത്മകമായി തിരുത്തിക്കുറിക്കാൻ ശേഷിയുള്ള മുന്നേറ്റമായിത്തന്നെ പ്രഖ്യാപിക്കേണ്ടതുണ്ട്. മുന്നണി പോരാളികളായി നിലകൊണ്ട സി.കെ.ജെന്നി, ഗോമതി, വിനീത വിജയൻ, മൃദുലദേവി, മായ പ്രമോദ്, സതി അങ്കമാലി എന്നിവരെ അഭിനന്ദിക്കുകയും സമരത്തോട് ഐക്യപ്പെടുകയും ചെയ്യുന്നു.

ജനുവരി 26 നു റിപ്പബ്ലിക്ക് ദിനത്തിൽ സ്ത്രീകളുടെ പൗരാവകാശനിഷേധത്തിനെതിരെ ശബ്ദമുയർത്തിക്കൊണ്ട് സ്ത്രീകൾ ബോണാക്കാട് ഒത്തുചേരുകയുണ്ടായി.അഗസ്ത്യാർ മല കയറാൻ ഇനിയും സ്ത്രീകളെ അനുവദിക്കാത്തതിൽ പ്രതിഷേധിച്ചായിരുന്നു ഈ കൂട്ടായ്മ. കേട്ടാൽത്തന്നെ വിചിത്രമായ സുരക്ഷാവാദങ്ങളാൽ സ്ത്രീകളെ തടയുന്ന സർക്കാർ നയങ്ങൾ അപലപനീയമാണ്.

ആധുനികകാലത്ത് പൊതു ഇടങ്ങളിലേക്ക് ഏറെക്കുറേ പ്രവേശനം നിഷേധിക്കപ്പെട്ട് വീടിന്റെ ഉത്തരവാദിത്വങ്ങൾ ഏതാണ്ട് പൂർണ്ണമായും ഏറ്റെടുക്കേണ്ടിവന്നവരായി സ്ത്രീകൾ മാറി. ആധുനികതയുടെ കുടുംബിനീവൽക്കരണം ഈ പ്രക്രിയയ്ക്ക് ആക്കം കൂട്ടുകയും ചെയ്തു. കണക്കുകളനുസരിച്ച് ലോകത്തിലെ മൂന്നിൽ രണ്ട് വീടുകളുടെയും സാമ്പത്തികമടക്കമുള്ള ഉത്തരവാദിത്വങ്ങൾ വഹിക്കുന്നത് സ്ത്രീകളാണത്രെ. എങ്കിലും കുടുംബനാഥനെ അന്വേഷിക്കുന്ന ഓദ്യോഗിക കാഴ്ചകളാണ് നമ്മെ നിർണ്ണയിക്കുന്നത്. 'വീടും തടവും' എന്ന ശീർഷകം പ്രതിഫലിപ്പിക്കും പോലെ ഒട്ടേറെ സ്ത്രീകളുടെ ജീവിതങ്ങൾ വീടിന്റെ ചുവരുകൾക്കകത്ത് തളയ്ക്കപ്പെട്ടു. എന്നാൽ ഇരയാകാൻ കൂട്ടാക്കാതെ അകജീവിതകങ്ങളിൽ നിന്നു തന്നെ ജീവിതവും സ്നേഹവും ആനന്ദവും കണ്ടെത്താനുള്ള വഴികൾ സ്ത്രീകൾ നിരന്തരം ആരാഞ്ഞു കൊണ്ടേയിരിക്കയും ചെയ്തു.

വീട് എന്ന പദം വളരെ വ്യത്യസ്തമായ അനുഭവലോകങ്ങളിലേക്കാണ് ഓരോ സ്ത്രീയെയും എത്തിക്കുക. ഏറ്റവും പ്രബലമായ ഗൃഹാതുരത്വത്തിന്റെ തൃഷ്ണകളോടൊപ്പം നേർവിപരീതമായി അസ്വാതന്ത്ര്യത്തിന്റെ അധികാരകേന്ദ്രങ്ങളായുമുണ്ട് വീടനുഭവങ്ങൾ. തകർത്തെറിഞ്ഞ് ഇറങ്ങിപ്പോന്നതിന്റെ ഓർമ്മകളോ പറ്റാഞ്ഞതിന്റെ അസ്വസ്ഥതകളോ സൂക്ഷിക്കുന്നവർക്ക്. വ്യവസ്ഥയുടെ നിബന്ധനകൾക്ക് പുറത്തു ജീവിക്കുന്നവർക്ക് കയറിച്ചെല്ലാനാവാത്തയുമിടം തന്നെ വീടുകൾ. ദുരിതാനുഭവങ്ങളുടെ നീറ്റലുകളാണ് ഇനിയും ചിലർക്കത്.അനാഥത്വങ്ങൾ അവശേഷിപ്പിച്ച് മറഞ്ഞ അമ്മമാരുടെ പ്രതിരൂപങ്ങളാണ് വേറെ പലർക്കും വീടുകൾ. വീടുള്ളവരുടെയും ഇല്ലാത്തവരുടേയും യാഥാർത്ഥ്യങ്ങൾ എത്രയോ വിഭിന്നം! ഉണ്ടായിട്ടും വൃദ്ധസദനങ്ങളിൽ ജീവിക്കുന്നവരുടേത് ഏറെ ദുഃഖകരവും. തങ്ങൾ ജീവിക്കുന്ന, ദൈനംദിനമായി പുനരുല്പ്പാദിപ്പിക്കുന്ന ഇടം എന്ന മട്ടിൽ സ്ത്രീകൾ എങ്ങനെയാണ് വീടനുഭവിക്കുന്നത് എന്ന് അന്വേഷിക്കുകയാണ് ഈ ലക്കം സംഘടിത. വായനയ്ക്കും വിചാരത്തിനും ഹൃദയപൂർവ്വം സമർപ്പിക്കുന്നു.

ചർച്ചാവിഷയം

ശ്രീപ്രിയ ബാലകൃഷ്ണൻ



ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക, പാലക്കാട് ഗവ. വിക്ടോറിയ കോളേജ്

# വീട്, സ്വത്തവകാശം, സ്ത്രീ : തുല്യമല്ലാത്ത നീതികൾ

*"To my brother belong the green fields*
*While I am banished afar"*

*'പച്ചപ്പാടങ്ങൾ എൻ സഹോദരനുള്ളതല്ലോ*
*ഞാനോ ദൂരെ നാടുകടത്തപ്പെടും'*
*(ബിന അഗർവാളിന്റെ 'A Field of One's Own: Gender and Land Rights in South Asia' എന്ന പുസ്തകത്തിൽ നിന്ന് ഉദ്ധരിച്ച വടക്കേ ഇന്ത്യയിൽ നിന്നുള്ള നാടോടി ഗാനം )*

വീട് എന്നത് കുടുംബം എന്ന സ്ഥാപനത്തിന്റെ രൂപകമായിട്ടായിരിക്കും ഒരുപക്ഷെ കൂടുതലും മനസ്സിലാക്കപ്പെടുന്നത്. എങ്കിലും വീട് ഒരു വസ്തുവക കൂടിയാണല്ലോ. സ്ത്രീയുടെ വീടുമായുള്ള ബന്ധം വസ്തു - അവകാശം എന്നതിനേക്കാളേറെ സാങ്കല്പികവും ആലങ്കാരികവുമായ ഒന്നായിട്ടാണ് ഏറിയകൂറും ഇന്നും തിരിച്ചറിയപ്പെടുന്നത്. വിപ്ലവാനന്തര ഫ്രാൻസിലാണ് ആദ്യമായി സ്ത്രീകൾക്കും തുല്യസ്വത്താവകാശം വേണം എന്ന ആവശ്യം ഉയർന്നു വന്നത്. രക്തബന്ധങ്ങളിൽ രാഷ്ട്രീയം



കലർത്തിയ, 'സഹോദരീ–സഹോദർന്മാർ തമ്മിലുള്ള യുദ്ധം' ആയിട്ടു തന്നെയാണ് അന്നും ഈ ആവശ്യത്തെ പുച്ഛിച്ചു തള്ളിയവർ കണ്ടത്.

1821 ൽ  ഇംഗ്ലണ്ടിൽ ഭാഗികമായും 1835ൽ അമേരിക്കയിലും  1956 ൽ ഇന്ത്യയിൽ ഹിന്ദു പിന്തുടർച്ചാവകാശനിയമത്തിലൂടെയുമാണ് ആദ്യമായി സ്ത്രീകൾക്ക് സ്വത്തവകാശം ഉണ്ട് എന്ന് ഉറപ്പിക്കപ്പെടുന്നത്. എങ്കിലും ഇന്നും പൂർണ്ണമായ ലിംഗനീതിയും തുല്യതയും ഉറപ്പാക്കപ്പെടാത്ത ഒരു മേഖലയാണ് സ്വത്തവകാശം. നിയമപരമായ സ്വത്തവകാശത്തിനു വേണ്ടി സ്ത്രീകൾ നടത്തിയിട്ടുള്ള സമരങ്ങൾ മാനവചരിത്രത്തിൽത്തന്നെ അനന്യമായ ഒന്നായിരിക്കണം.

'ഹോളി ഫാമിലി' ('വിശുദ്ധ കുടുംബം')  യിൽ മാർക്സ് ഉന്നയിക്കുന്ന ഒരു സന്ദർഭം ഉണ്ട്. യുജീൻ സ്യുവിന്റെ സാങ്കല്പിക കഥാപാത്രമായ 'പാരിസിന്റെ മിസ്റ്റ്രെസ്സ് ' എന്ന വേശ്യയെ കഥാകാരൻ മാനസാന്തരത്തിലൂടെ വേശ്യാവൃത്തിയിൽ നിന്ന് 'രക്ഷപ്പെടുത്തു'കയും അവൾ മഠത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്നതോടെ അവളുടെ ദാരിദ്ര്യം അകന്നു എന്നതാണ് കഥാസന്ദർഭം. ക്രിസ്ത്യൻ മതധാർമ്മികതയുടെ വികലമായ സദാചാരബോധങ്ങളുടെ വിമർശനങ്ങൾക്കൊപ്പം ഈ പ്രബന്ധത്തിൽ മാർക്സ് ഉയർത്തുന്ന ഒരു പ്രധാനപ്പെട്ട ആശയമാണ് സ്ത്രീയുടെ സ്വത്തവകാശം. നിരാലംബയായ

വേശ്യയായിരിക്കുന്നവൾ മഠത്തിന്റെ ചുറ്റുമതിലിലേക്ക് കയറുന്നതോടെ ഇല്ലാതായിത്തീരുന്നതല്ല അവളുടെ അനാഥത്വം എന്ന് മാർക്സ് വാദിക്കുന്നു. ഈ അടിത്തറയിൽ നിന്നാണ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിലെ ബൂർഷ്വാ കുടുംബത്തിന്റെ സമൂല വിമർശം മാർക്സ് ആരംഭിക്കുന്നത്. വേശ്യാഗൃഹങ്ങളെ വീടായിക്കാണുന്നതിന്, ലൈംഗിക തൊഴിലാളികളുടെ അവകാശമായി കാണുന്നതിന് ഇന്നും നിയമത്തിനു പോലും പരിമിതികൾ ഉണ്ട് എന്നതാണ് സത്യം. 1984 ൽ ഷബാന ആസ്മിയും, സ്മിതാ പാട്ടീലും അഭിനയിച്ച , മികച്ച സംവിധായകനുള്ള ദേശീയ അവാർഡ് നിതിഷ് റോയ്ക്ക് നേടിക്കൊടുത്ത, 'മണ്ടി' എന്ന സിനിമ ഇതേ ആശയത്തെ ഹാസ്യാത്മകമായി ആവിഷ്കരിച്ചത് ഓർമ്മയുണ്ട്. ഹൈദരബാദിലെ ഒരു വേശ്യാഗൃഹം ഒഴിപ്പിക്കാൻ സദാചാരവാദികളായ ഏതാനും പൊതുപ്രവർത്തകർ ശ്രമിക്കുന്നതിലൂടെ ലൈംഗികത്തൊഴിലാളികളുടെ ഒരു വീട് ഛിന്നഭിന്നമായിപ്പോകുന്നതാണ് ഈ സിനിമയുടെ ഇതിവൃത്തം. 2006 ൽ ഇമ്മോറൽ ട്രാഫിക്കിങ്ങ് ആക്റ്റ് ഭേദഗതി ബില്ലിലെ നിരോധനാത്മകമായ വശങ്ങൾക്കെതിരായി നാലായിരത്തോളം ലൈംഗികത്തൊഴിലാളികൾ ദില്ലിയിൽ മാർച്ച്

**വിവാഹിതയായ ഒരു ഇന്ത്യൻ സ്ത്രീയുടെ വീട് ഏതാവും? സ്വന്തം മാതാപിതാക്കളുടേത്? ഭർത്താവിന്റേത്? അതോ ഭർത്താവും കുട്ടികളും അടങ്ങുന്ന അവൾ താമസിക്കുന്ന വീട്? ബഹുഭൂരിപക്ഷം സ്ത്രീകളും ഉത്തരവാദിത്വങ്ങളെയും ചുമതലകളെയും അവ നിറവേറ്റാൻ കഴിയാത്തതിന്റെ കുറ്റബോധങ്ങളെയും ഒക്കെ ഈ മൂന്ന് ഇടങ്ങളിലുമായി നിക്ഷേപിക്കുമ്പോൾ അവളുടെ അവകാശങ്ങൾ ഏതു വീട്ടിലാണ് എന്നതിനെക്കുറിച്ച് ഇന്ത്യൻ നിയമങ്ങൾക്ക് ഈ അടുത്ത കാലം വരെ വലിയ തീരുമാനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല എന്നത് അദ്ഭുതപ്പെടുത്തും.**



നടത്തുകയുണ്ടായി. ഏറ്റവും അപകടകരമായ ഒരു തൊഴിലായി തങ്ങളുടേത് നിലനിൽക്കുന്നതിന് രണ്ടു പ്രധാന കാരണക്കാരായി അവർ ചൂണ്ടിക്കാണിച്ചത് കൂട്ടിക്കൊടുപ്പുകാരെയും ഭൂവുടമസ്ഥരും പോലീസും അടങ്ങുന്ന ബിസ്സിനസ് ലോബിയെയുമാണ്. ലൈംഗിക തൊഴിൽ ഡിക്രിമിനലൈസ് ചെയ്യുന്നതിലേക്കുള്ള ഒരു പ്രധാന പടി സുരക്ഷിതമായ തൊഴിൽസ്ഥലങ്ങളുടെ ലഭ്യതയും അവകാശവും ആണ് എന്ന് 2016 ലെ ലൈംഗികത്തൊഴിലാളി സംരക്ഷണ പോളിസിയിൽ അംനെസ്റ്റിയും വ്യക്തമാക്കുന്നുണ്ട്.

വിവാഹിതയായ ഒരു ഇന്ത്യൻ സ്ത്രീയുടെ വീട് ഏതാവും? സ്വന്തം മാതാപിതാക്കളുടേത്? ഭർത്താവിന്റേത്? അതോ ഭർത്താവും കുട്ടികളും അടങ്ങുന്ന അവൾ താമസിക്കുന്ന വീട്? ബഹുഭൂരിപക്ഷം സ്ത്രീകളും ഉത്തരവാദിത്വങ്ങളെയും ചുമതലകളെയും അവ നിറവേറ്റാൻ കഴിയാത്തതിന്റെ കുറ്റബോധങ്ങളെയും ഒക്കെ ഈ മൂന്ന് ഇടങ്ങളിലുമായി നിക്ഷേപിക്കുമ്പോൾ അവളുടെ അവകാശങ്ങൾ ഏതു വീട്ടിലാണ് എന്നതിനെക്കുറിച്ച് ഇന്ത്യൻ നിയമങ്ങൾക്ക് ഈ അടുത്ത കാലം വരെ വലിയ തീരുമാനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല എന്നത് അദ്ഭുതപ്പെടുത്തും. ഇന്ത്യയിലെ പിന്തുടർച്ചാ നിയമങ്ങൾ പൊതുവിൽ സ്ത്രീയ്ക്ക് സ്വത്തവകാശത്തിന്റെ കാര്യത്തിൽ തുല്യത വേണം എന്ന പക്ഷത്തേക്ക് ചാഞ്ഞു തുടങ്ങിയത്

പ്രമാദമായ മേരി റോയ് കേസ് മുതലാണ്. 2010 ലാണ് ഇന്ത്യൻ പിന്തുടർച്ചാ നിയമങ്ങളെ ലിംഗപരമായി നീതിയുക്തമാക്കുന്നതിലേക്ക് 1998ൽ മേരി റോയ് കൊടുത്ത കേസ് പൂർണ്ണത കൈവരിക്കുന്നത്. ക്രിസ്ത്യൻ, പാഴ്സി വിഭാഗങ്ങൾക്ക് ബാധകമായ ഇന്ത്യൻ പിന്തുടർച്ചാനിയമവും (1925), ഹിന്ദു, ബുദ്ധിസ്റ്റ്, ജെയ്ൻ, സിക്ക് തുടങ്ങിയ വിഭാഗങ്ങൾക്ക് ബാധകമായ ഹിന്ദു പിന്തുടർച്ചാവകാശനിയമവും (1956), ഏതാണ്ട് പത്തു വർഷം മുന്നെ വരെ, ആർജ്ജിതമായ പിതൃസ്വത്തിൽ സ്ത്രീകളെ തുല്യാവകാശികളായി പരിഗണിച്ചിരുന്നില്ല. പിതൃദായക്രമം പിന്തുടർന്നു വന്ന ഹിന്ദു പിന്തുടർച്ചാനിയമത്തിൽ ഭേദഗതി വരുത്തി സ്ത്രീകളെ നിയമപ്രകാരം തുല്യാവകാശി (copartner) ആക്കുന്നത് 2005 ലാണ്. ഈ ഭേദഗതി പോലും 2005 ലെ വിധിദിവസം ജീവിച്ചിരിക്കുന്ന പിതാക്കൾക്കും മക്കൾക്കും മാത്രമേ ബാധകമാവുകയുള്ളൂ എന്ന നിബന്ധനയോടെയായിരുന്നത് ഫലത്തിൽ അന്നു ജീവിച്ചിരുന്ന രണ്ടു തലമുറയിലെ സ്ത്രീകളെയും പിതൃസ്വത്തിൽ തുല്യപങ്കാളികളല്ലാ തെയാക്കുകയാണ് ചെയ്തത്.

ഇതിനു പുറമേ ഇന്നും കാർഷികഭൂമി പിന്തുടർച്ചാനിയമത്തിന്റെ പരിധിയിൽ വരുത്താത്ത സംസ്ഥാനങ്ങളിൽ പിതൃസ്വത്തായ ഭൂമിക്കുമേൽ പൂർണ്ണ അവകാശം മകനോ മകന്റെ പുത്രനോ ആണ്. കുടുംബനാഥന്റെ ആത്മഹത്യകളെ തുടർന്ന് സ്ത്രീകളുടെ അത്യദ്ധ്വാനത്താൽ പിടിച്ചുനിൽക്കുന്ന കാർഷികകുടുംബങ്ങളിൽ ഈ നിയമങ്ങൾ അശനിപാതം പോലെ വന്നു വീഴുന്ന കഥകളും അനവധി. കാർഷികഭൂമിയുടെ അവകാശനിർണ്ണയം ഓരോ സംസ്ഥാനങ്ങളിലും വ്യത്യസ്തമായതിനാൽ മഹാരാഷ്ട്രയിൽ സ്വന്തം സഹോദരന്മാരുടെ കൃഷിയിടങ്ങളിൽ കൂലിക്കും അടിമകളായും പണിചെയ്യാൻ നിർബന്ധിതരാകുന്ന വിധവകളും ഭർത്താക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ട വരുമായവർ അനവധിയാണ് എന്ന് ഗെയിൽ ഓംവെദ് നിരീക്ഷിക്കുന്നുണ്ട്. ചിപ്കോ സമരം ഉൾപ്പെടെ പല സമരങ്ങളിലും സ്ത്രീകൾ സമരമുഖങ്ങളിൽത്തന്നെ സ്വന്തം കുടുംബത്തിലെ പുരുഷന്മാരുടെ താൽപ്പര്യങ്ങൾക്കെതിരെ വർത്തിച്ച് ഭൂസ്വത്തിൽ തുല്യപങ്ക് ആവശ്യപ്പെട്ടിട്ടുണ്ട്. ലിബറൽ സ്ത്രീശാക്തീകരണ വാദികൾ പലപ്പോഴും തൊഴിൽ മേഖലയിലേക്ക് ഉള്ള സ്ത്രീ മുന്നേറ്റങ്ങളേക്കുറിച്ച് ആകുലരും വാചാലാരും ആകുമ്പോൾ ഭൂമിയുടെ, വീടിന്റെ, സ്വത്തിന്റെ നിയമപരമായ അവകാശം സ്ത്രീകൾക്ക് ഇന്നും സൈദ്ധാന്തികമായും പ്രായോഗികമായും നിഷേധിക്കപ്പെടുന്നതിനെക്കുറിച്ച് ഖേദകരമായ ഒരു നിശ്ശബ്ദത അവരുടെ വ്യവഹാരങ്ങളിൽ നിറഞ്ഞു

**കേരളത്തെ ഇളക്കിമറിച്ച ജിഷയുടെ ദുരന്തം പോലും ആത്യന്തികമായി ഭൂരഹിതയായ, വീടില്ലാത്ത സ്ത്രീയുടെ അരക്ഷിതാവസ്ഥയുടെ നേർക്കാഴ്ച്ചയായിരുന്നല്ലോ. ഭൂപരിഷ്കരണത്തിലൂടെ കോളനികളിലേക്കും അടച്ചുറപ്പില്ലാത്ത വഴിയോരച്ചായ്പ്പുകളിലേക്കും ഒതുക്കപ്പെട്ട കേരളത്തിലെ ഭൂരഹിതരായ വലിയ ഒരു വിഭാഗം ജനതയുടെ പരിച്ഛേദമാണ് ജിഷ.**

നിൽക്കുന്നത് കാണാം. കേരളത്തെ ഇളക്കിമറിച്ച ജിഷയുടെ ദുരന്തം പോലും ആത്യന്തികമായി ഭൂരഹിതയായ, വീടില്ലാത്ത സ്ത്രീയുടെ അരക്ഷിതാവസ്ഥയുടെ നേർക്കാഴ്ച്ചയായിരുന്നല്ലോ. ഭൂപരിഷ്കരണത്തിലൂടെ കോളനികളിലേക്കും അടച്ചുറപ്പില്ലാത്ത വഴിയോരച്ചായ്പ്പുകളിലേക്കും ഒതുക്കപ്പെട്ട കേരളത്തിലെ ഭൂരഹിതരായ വലിയ ഒരു വിഭാഗം ജനതയുടെ പരിച്ഛേദമാണ് ജിഷ.

സ്വത്തവകാശനിയമങ്ങളിൽ മുച്ചൂടും നിറഞ്ഞു നിൽക്കുന്നത് സ്ത്രീയുടെ ജന്മാവകാശത്തെ ചൊല്ലിയുള്ള അവ്യക്തതയാണ്. പെണ്ണ് മറ്റൊരു വീട്ടിലേക്ക് പോകേണ്ടവൾ ആണെന്ന തത്വത്തിൽ നിന്ന് ഉരുത്തിരിയുന്നതാണ് നിയമങ്ങൾ പലതും എന്ന് വ്യക്തം. ഇന്നും ഹിന്ദു വിവാഹ നിയമത്തിലെ സെക്ഷൻ 7 പ്രകാരം ഒരു സുപ്രധാന ഉടമ്പടി ആണ് 'കന്യാദാനം'. ഇതിലൂടെയാണ് 'സ്ത്രീധന'മായി കിട്ടിയ സ്വത്തിലും ഭർതൃഗൃഹത്തിലെ താമസത്തിനും, ജീവനാംശത്തിനും സ്ത്രീക്ക് അവകാശം കിട്ടുന്നത്. ഇതിൽ നിന്നും വ്യത്യസ്തമായി മുസ്ലിം വ്യക്തി നിയമത്തിൽ വിവാഹം തന്നെ രണ്ടു വ്യക്തികൾ തമ്മിലുള്ള ഉടമ്പടി ആയിരിക്കുന്നതുകൊണ്ട് കുടുംബങ്ങൾ തമ്മിലുള്ള സ്ത്രീകളെ കൊടുക്കലും വാങ്ങലും ഫലത്തിൽ ഇല്ല എന്നും അതുകൊണ്ടു തന്നെ മുസ്ലിം വിവാഹനിയമങ്ങൾ പരക്കെ പ്രചരിപ്പിക്കപ്പെടുന്നതുപോലെ ആത്യന്തികമായി സ്ത്രീവിരുദ്ധം അല്ല എന്നും ഫ്ളേവിയ ആഗ്നെസിനെപ്പോലെയുള്ള നിയമവിദഗ്ദ്ധർ അഭിപ്രായപ്പെടുന്നുണ്ട്. (2002 ലെ ഷാമിം ആറ വിധിയെ ശക്തമാക്കി മുസ്ലിം വ്യക്തിനിയമത്തിനകത്തു നിന്നുകൊണ്ടു തന്നെ മുത്തലാക്ക് എതിർക്കപ്പെടുകയാണ് വേണ്ടത് എന്ന് അവർ എടുത്തു പറയുന്നതും ഇതു കൊണ്ട്

തന്നെ.) പ്രാഥമികമായും ഹിന്ദു ആയ ഒരു പൊതുബോധത്തിന്റെ തുടർച്ചയാണ് ഇന്ത്യൻ മതേതര നിയമങ്ങൾ എന്ന സത്യം നിലനിൽക്കെ വിവാഹിതയായ സ്ത്രീയുടെ അവകാശങ്ങൾ, സ്ത്രീയുടെ പിന്തുടർച്ചാവകാശങ്ങൾ, അവളുടെ പരിരക്ഷണവും സ്വത്തും ആരാണ് അർഹിക്കുന്നത് എന്നതിനെക്കുറിച്ചൊക്കെയുമുള്ള ധാരണകൾ ഒക്കെയും നിർമ്മിക്കുന്നതും ഇതേ ഹിന്ദു ബോധം തന്നെയാണ്.

2015 ലെ ഹിന്ദു പിന്തുടർച്ചാ നിയമഭേദഗതിക്ക് വഴി തെളിയിച്ച ഒരു കേസ് ഉണ്ട്. 1955 ൽ വിവാഹം കഴിഞ്ഞ് മൂന്ന് മാസത്തിനകം വിധവയാക്കപ്പെട്ട് ഭർതൃകുടുംബത്താൽ ഉപേക്ഷിക്കപ്പെട്ട നാരായണി എന്ന ഒരു സ്ത്രീ പിന്നീട് സ്വന്തം മാതാപിതാക്കളാൽ സംരക്ഷിക്കപ്പെടുന്നു. വിദ്യാഭ്യാസവും ജോലിയും നേടി ഉയർന്ന പദവിയിലെത്തിയ ഇവർ വിൽപ്പത്രം ഇല്ലാതെ 1995 ൽ മരണപ്പെടുമ്പോൾ ഇവരുടെ വയോവൃദ്ധരായ മാതാപിതാക്കൾ ഇവരുടെ സംരക്ഷണയിൽ ആയിരുന്നു. മകളുടെ പി.എഫിന്റെയും ആർജ്ജിതസ്വത്തിന്റെയും അവകാശത്തിനായി ശ്രമിച്ചപ്പോൾ ആണ് നിയമപരമായി ഇന്ത്യയിൽ വിവാഹിതയായ പെണ്മക്കളുടെ സ്വത്തിനോ സംരക്ഷണത്തിനോ മാതാപിതാക്കൾക്ക് അവകാശമില്ല എന്ന കാര്യം തെളിയുന്നത്. 1955 ൽ ഉപേക്ഷിച്ച നാരായണിയുടെ ഭർതൃകുടുംബം അവകാശവാദവുമായി വരികയും സഹതാപത്തിന്റെ നിലപാട് കോടതിക്ക് എടുക്കാൻ കഴിയാത്തതിനാൽ നിയമപരമായ അവകാശികൾ അവർ തന്നെയാണ് എന്ന് സുപ്രീം കോടതി വിധിക്കുകയും ചെയ്യുന്നു. ഇതിനെ തുടർന്നുള്ള ചർച്ചകളിലൂടെയാണ് സ്ത്രീകളുടെ ആർജ്ജിത സ്വത്തിൽ മാതാപിതാക്കളെ അവകാശികളാക്കുന്ന നിയമഭേദഗതി 2015ൽ വരുത്തുന്നത്.

ഇക്കഴിഞ്ഞ വർഷം സുപ്രീം കോടതി ഒരു വിചിത്രമായ നിരീക്ഷണം നടത്തുകയുണ്ടായി. ഭർത്താവിനെ അയാളുടെ മാതാപിതാക്കളിൽ നിന്നകറ്റുകയോ ശ്വശുരരെ സംരക്ഷിക്കാൻ വിസമ്മതിക്കുകയോ ചെയ്യുന്ന ഭാര്യമാരെ 'ക്രൂരത' കാരണമായിക്കാണിച്ച് ബന്ധം വേർപെടുത്താം എന്നാണ് കർണ്ണാടകക്കാരായ ദമ്പതിമാരുടെ കേസിൽ വിധിപ്രസ്താവനയിൽ ഇന്ത്യയുടെ പരമോന്നത കോടതി വിധിച്ചത്. വിവാഹ ശേഷം സ്ത്രീ ശ്വശുരകുടുംബത്തിന്റെ അവിഭാജ്യ സ്വത്തായിത്തീരുമെന്ന സംസ്ക്കാരമാണ് ' ഇന്ത്യയുടേത് എന്നാണ് കോടതി നിരീക്ഷിച്ചത്. ഈ നിരീക്ഷണം ഉടലെടുക്കുന്നത് സ്ത്രീക്ക് സ്വന്തം വീടുമായുള്ള സർവ്വബന്ധങ്ങളും അടർത്തി മാറ്റുന്ന 'കന്യാദാനം' പോലെയുള്ള അതിരൂഢമായ ആൺകോയ്മയിലൂന്നിയ മനോഭാവങ്ങളിൽ നിന്നും തന്നെയാണ്. വിവാഹിതരായ സ്ത്രീകൾ

**ഇന്ത്യൻ മതേതര നിയമങ്ങൾ എന്ന സത്യം നിലനിൽക്കെ വിവാഹിതയായ സ്ത്രീയുടെ അവകാശങ്ങൾ, സ്ത്രീയുടെ പിന്തുടർച്ചാവകാശങ്ങൾ, അവളുടെ പരിരക്ഷണവും സ്വത്തും ആരാണ് അർഹിക്കുന്നത് എന്നതിനെക്കുറിച്ചൊക്കെയുമുള്ള ധാരണകൾ ഒക്കെയും നിർമ്മിക്കുന്നതും ഇതേ ഹിന്ദു ബോധം തന്നെയാണ്.**



ജോലിസംബന്ധമായ കാരണങ്ങൾ കൊണ്ടുപോലും ഒറ്റയ്ക്ക് ജീവിക്കുന്നത് ഇന്നും പൊതുവേ അസ്വീകാര്യമായ കാര്യമാണല്ലോ. വേണ്ടി വന്നാൽ ഹോസ്റ്റലുകളിലോ പേയിങ് ഗസ്റ്റായോ തങ്ങുകയോ താങ്ങാവുന്നതിലുമധികം ദൂരം യാത്രചെയ്ത് ജോലിക്കു പോവുകയോ ചെയ്ത് 'വീട്' താങ്ങി നിർത്തുന്ന എത്രയോ സ്ത്രീകൾ ഉണ്ട്.

കേവലമായ പ്രതീകങ്ങളിൽ ഒതുങ്ങാതെ നിയമപരമായ ഒരു അവകാശമായി വീട് വ്യക്തികളാൽ തിരിച്ചറിയപ്പെടേണ്ടതുണ്ട്. ഈ തിരിച്ചറിവ് ഏകരൂപമായ താൽപ്പര്യങ്ങളുടെയും ഇഷ്ടങ്ങളുടെയും ഒരു സങ്കേതമാണ് വീട് എന്ന ധാരണയെ പൊളിച്ചു കളയുക തന്നെ ചെയ്യും. ഒരു വീട്ടിൽത്തന്നെ അതിന്റെ വാർത്തെടുക്കപ്പെട്ട ഒരുമയിലേക്ക് ഒതുങ്ങുന്ന എത്ര ബ്രഹ്മാണ്ഡങ്ങൾ ഉണ്ട്? വീടു വിട്ടിറങ്ങുന്ന പുരുഷൻ ബുദ്ധനും വീടു വിട്ടിറങ്ങുന്ന സ്ത്രീ പിഴച്ചവളും ആകുന്ന സമവാക്യങ്ങൾ തന്നെയാണ് ഇന്നും വീട് എന്ന ആശയം നിലനിർത്തുന്നത്.

ചര്‍ച്ചാവിഷയം

സിജി വൈലോപ്പിള്ളി
അമേരിക്കന്‍ പ്രവാസ എഴുത്തുകാരി



# ഇടം നഷ്ടപ്പെട്ടവര്‍



വിവാഹത്തിലൂടെ ഒരു സ്ത്രീക്ക് സംഭവിക്കുന്ന ഏറ്റവും വലിയ നഷ്ടം സ്വന്തം 'ഇട'ത്തിന്റേതാണ്. ഒരു മണ്ണില്‍ നിന്ന് മറ്റൊന്നിലേക്കുള്ള പറിച്ചു നടലില്‍ ആഭരണങ്ങളും, വസ്ത്രങ്ങളും എടുത്ത് കൊണ്ടുപോകുന്ന ലാഘവത്തോടെ സ്വന്തം ഇടത്തെ അടച്ച് കൊണ്ടുപോകാനാകില്ല. എന്നെ സംബന്ധിച്ച് കുട്ടിക്കാലം മുതലേ പ്രിയപ്പെട്ട ഇഷ്ടങ്ങളുണ്ട്. ആള്‍ക്കൂട്ടത്തില്‍ ഏകാന്തതയെ തിരയുന്ന ഒരു കുട്ടി. പേരമരത്തണലിലും, അമ്മിത്തറയിലും, കിണറ്റിന്‍കരയിലും ഇരുന്നുള്ള മനോരാജ്യം കാണല്‍. അസമയങ്ങളില്‍ നോവല്‍ വായന, കുളത്തില്‍ പരലിനെപ്പോലെ നീന്തി നടക്കല്‍, കുറ്റി പറിച്ചോടുന്ന പശുവിനെപ്പോലെ പാരമ്പര്യങ്ങളെ നിഷേധിക്കാനുള്ള വാസന. എന്റെ വേഷം, എന്റെ മുഖം, എന്റെ ജീവിതം... ലോകത്തിന് അതില്‍ ഒരു അവകാശവുമില്ല. ഞാന്‍ നട്ട് നനച്ച് വളര്‍ത്തിയ സ്വന്തം ഇടങ്ങള്‍. വിവാഹത്തോടെ ഈ ഇടങ്ങള്‍ മുക്കാലും നഷ്ടപ്പെടുന്നു. ഉത്തരേന്ത്യയില്‍ ജനിച്ചുവളര്‍ന്ന ഭര്‍ത്താവ് . ഭാഷ, രുചി, രാഷ്ട്രീയം എന്നിവ തികച്ചും വ്യത്യസ്തം. നഗരത്തിലെ ഫ്ളാറ്റില്‍

**ഉത്തരേന്ത്യയില്‍ ജനിച്ചുവളര്‍ന്ന ഭര്‍ത്താവ്. ഭാഷ, രുചി, രാഷ്ട്രീയം എന്നിവ തികച്ചും വ്യത്യസ്തം. നഗരത്തിലെ ഫ്ളാറ്റില്‍ എകാന്തതക്ക് ഇടമില്ല, അതും മുംബൈ പോലുള്ള മഹാനഗരങ്ങളില്‍! വീടിനുള്ളില്‍ നടക്കുമ്പോള്‍ ചെരിഞ്ഞും, ദിശമാറിയും സഞ്ചരിക്കണം. അല്ലെങ്കില്‍ പരസ്പരം തടഞ്ഞ് വീഴും. മയമുള്ള ശബ്ദങ്ങള്‍ വളരെ കുറവ്. ഒരു വശത്ത് ടി.വി. കാണുന്നവര്‍, മറ്റൊരു വശത്ത് പാട്ട്, മിക്സി, വാഷിംങ്ങ് മെഷിന്റെ കുലുക്കം. നഗരത്തിന് സ്വകാര്യതയില്ല. അത് സ്വയം ഉണ്ടാക്കിഎടുക്കേണ്ട ബാധ്യത വന്നത് നഗരത്തില്‍ പാര്‍ത്തപ്പോഴാണ്.**



എകാന്തതക്ക് ഇടമില്ല, അതും മുംബൈ പോലുള്ള മഹാ നഗരങ്ങളിൽ! വീടിനുള്ളിൽ നടക്കുമ്പോൾ ചെരിഞ്ഞും, ദിശമാറിയും സഞ്ചരിക്കണം. അല്ലെങ്കിൽ പരസ്പരം തടഞ്ഞ് വീഴും. മയമുള്ള ശബ്ദങ്ങൾ വളരെ കുറവ്. ഒരു വശത്ത് ടി.വി. കാണുന്നവർ, മറ്റൊരു വശത്ത് പാട്ട്, മിക്സി, വാഷിംങ്ങ് മെഷിന്റെ കുലുക്കം. നഗരത്തിന് സ്വകാര്യതയില്ല. അത് സ്വയം ഉണ്ടാക്കി എടുക്കേണ്ട ബാധ്യത വന്നത് നഗരത്തിൽ പാർത്തപ്പോഴാണ്. വിവാഹ ശേഷം മറ്റ് പലതും നമ്മളിലേക്ക് കടന്ന് കയറുന്നുണ്ട്, ആ ശ്രമങ്ങളെ പരാജയപ്പെടുത്തുക എന്നത് ഒരു കലയാണ്. ശ്രദ്ധിച്ചില്ലെങ്കിൽ വേദനയും, പരിഭവവും,പകയും വരും. സ്വർണ്ണത്തെ ഒഴിവാക്കി കല്ല്മാലകൾ ധരിക്കുന്ന ശീലം ഒഴിവാക്കാൻ എനിക്കാകുമായിരുന്നില്ല. താലിയോട് എതിർപ്പില്ല. അത് ഹൃദയാകൃതിയിൽ നെഞ്ചിനോട് ചേർന്ന് നിൽക്കുന്ന സ്നേഹമാണ്. പക്ഷെ മറ്റൊന്നും അണിയില്ല എന്ന വാശി എനിക്കുണ്ട്. അതുപോലെ മറ്റൊന്ന് മുടിയായിരുന്നു. കാച്ചെണ്ണ തേച്ച് കോതി മിനുക്കാൻ എനിക്കറിയില്ല. പറ്റുന്നത്ര മേലോട്ട് വെട്ടി നിർത്തി ഭാരം ഒഴിവാക്കും. സ്വന്തം ഇഷ്ടങ്ങളിലേക്കുള്ള കടന്നു കയറ്റങ്ങൾ ചെറുതെന്ന് തോന്നുമെങ്കിലും ചെറുത്ത് നിൽപ്പ് ഉണ്ടാക്കുന്ന പ്രശ്നങ്ങൾ ഒരു പെണ്ണിന്റെ 'തോന്നിവാസം' എന്ന ഓമനപ്പേരിലാണ് അറിയപ്പെടുന്നത്! മറ്റൊരു കടന്ന് കയറ്റം നമ്മുടെ രുചികളിലേക്കാണ്. എന്റെ നാവിൽ മുഴുവനും തൃശൂർ രുചികളാണ്. ഞങ്ങൾ ഒരുവിധം എല്ലാം അമ്മിയിൽ ചതച്ച് 'കുത്തിക്കാച്ചി'ക്കളയും. ജീരകവും സവാളയും അപൂർവ്വമാണ്. കുഞ്ഞുള്ളിയും കറിവേപ്പിലയുമാണ് രജപുത്രർ. മല്ലിയില ഞങ്ങളുടെ നാട്ടിൽ കണ്ടിട്ടേയില്ല. മല്ലിയിലയുടെ മണത്തിന് ആദ്യ വാസനയിൽ 'ചാഴി' യുടെ മണം എന്നാണ് ഞാൻ വിശേഷിപ്പിച്ചത്. ഭർത്താവിന്റെ വീട്ടിൽ പരിപ്പിലടക്കം അവർ മല്ലിയില

വിതറും. മല്ലിയിലയും പൊതിനയും ചേർന്ന പച്ച ചട്നി തേച്ച് അവർ ഒരു വിധം എല്ലാ ഭക്ഷണവും കഴിക്കും. ഓക്കാനത്തോടെയാണ് അവരുടെ രുചികളിലേക്ക് കയറിയത്. എങ്കിലും അദ്ദേഹത്തിന്റെ രുചി അദ്ദേഹത്തിന്റെ 'ഇടമാണ്' എന്നറിഞ്ഞുകൊണ്ട് അതിനെ അവഗണിച്ചില്ല. പതുക്കെ മണത്തും രുചിച്ചും അത് എന്റെ കൂടി ഇഷ്ടമാക്കാൻ ശ്രമിച്ചു. കാലം കഴിഞ്ഞപ്പോൾ ഉത്തരേന്ത്യൻ 'ചാട്ട്' കൾ എന്റെ ഏറ്റവും പ്രിയ ഭക്ഷണമായി. ഒരു ഇടം നഷ്ടപ്പെടുമ്പോൾ മറ്റൊന്ന് നമ്മൾ സൃഷ്ടിക്കുന്നുണ്ട്. നഷ്ടപ്പെട്ടതിനെപ്പറ്റി വേദനിക്കുമ്പോഴും പുതിയതിൽ കൂടാരം കെട്ടുന്നു. എന്റെ ജീവിതത്തിൽ സംഭവിച്ച മറ്റൊരു പറിച്ചു നടൽ അമേരിക്കൻ പ്രവാസമാണ്. പ്രവാസത്തിൽ

**നാടിന്റെ രുചികൾ, കലകൾ, ഭാഷ എന്നിവ പ്രസരിപ്പിച്ച് അവൾ ഓടി നടക്കുന്നു. ഇതിനിടയിൽ രണ്ടോ മൂന്നോ കൊല്ലം കൂടുമ്പോഴുള്ള നാട്ടിൽ വരവ് അവളെ അന്യഗ്രഹജീവിയാക്കുന്നുണ്ട്.**

നാട്ടിലെ കണ്ണികൾ ഓരോന്നായ് പൊട്ടുന്നു. കുട്ടികൾ നാട്ടിലേക്കില്ലെന്ന് വാശിപിടിക്കുന്നു. നാട്ടിൽപോയി സ്ഥിരതാമസമാക്കണമെന്ന് ആഗ്രഹിച്ചിട്ടും പോകാൻ കഴിയാതെ ഇരു തോണിയിൽ കാലിട്ട് ജീവിക്കുന്ന എത്രയോ പേരെ അറിയാം. അവർക്ക് സ്വന്തം നാട്ടിലോ വിദേശത്തോ സ്വന്തമായി ഒരു ഇടം സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല. നാട്ടിൽപോയാൽ ഒറ്റയാകുന്ന ജീവിതത്തെ അവർ ഭയക്കുന്നു. ഇവിടെ സ്വന്തമാക്കാൻ ഒന്നുമില്ല എന്ന് പരാതി പറയുന്നു. അവസാനത്തെ ശ്വാസത്തിലും അവർ സ്വന്തം ഇടങ്ങളെപ്പറ്റിയോർക്കുന്നുണ്ട്, സങ്കടപ്പെടുന്നുണ്ട്. മുടിയിലെ നരകൾ കൂടുന്തോറും ഞാൻ എന്നിൽ അവരെ കാണുന്നുണ്ട്. ഒരു തിരിച്ചുപോക്കില്ലാത്ത വിധം സ്വന്തം 'ഇടത്തെ' എന്നെന്നേക്കുമായി നഷ്ടപ്പെടുന്നവൾ!




ഒരു സ്ത്രീ സ്വന്തം ഇടം സ്ഥാപിക്കുകയല്ല ചെയ്യുന്നത്, കുടുംബത്തിനായുള്ള ഇടമാണ് അവൾ സ്ഥാപിക്കുന്നത്. പ്രത്യേകിച്ച് കുട്ടികൾക്ക് തലമുറകളായി പകർന്നു കിട്ടേണ്ട സ്നേഹ കോശങ്ങളുടെ വാഹിനികൾ അമ്മമാരാണെന്നുള്ള 'കടമ' അവളിലുണ്ട്. നാടിന്റെ രുചികൾ, കലകൾ, ഭാഷ എന്നിവ പ്രസരിപ്പിച്ച് അവൾ ഓടി നടക്കുന്നു. ഇതിനിടയിൽ രണ്ടോ മൂന്നോ കൊല്ലം കൂടുമ്പോഴുള്ള നാട്ടിൽ വരവ് അവളെ അന്യഗ്രഹജീവിയാക്കുന്നുണ്ട്. പേരമരങ്ങൾ വീണിരിക്കുന്നു, അമ്മിത്തറ ശ്യൂന്യം, കിണറ്റുവക്കിൽ വേട്ടാളന്മാർ കൂടുവെച്ചിരിക്കുന്നു. നാടിന്റെ മാറ്റങ്ങളിൽ അമ്പരക്കുന്നവരാണ് പ്രവാസികൾ. പുതിയ കാഴ്ചകൾ പതർച്ചയുണ്ടാക്കുന്നു. കൊല്ലങ്ങൾ കഴിയുന്തോറും

'ഇടങ്ങളെ' കുറിച്ചുള്ള ചർച്ചകൾ ന്യൂനപക്ഷങ്ങളുടെ കരച്ചിൽ മാത്രമെന്ന് വിലയിരുത്തുന്നവരുണ്ട്. കാല്പനികതയുടെ അതിപ്രസരം! പ്രത്യേകിച്ച് സ്ത്രീകൾ എഴുതുമ്പോൾ അതിൽ കൂടുതലും കാല്പനികതയാണ്. ഇതൊക്കെ അല്ലറ ചില്ലറ നഷ്ടങ്ങൾ മാത്രമാണ്. സ്വന്തം 'ഇടങ്ങൾ' നഷ്ടപ്പെടാൻ മാത്രം ജനിച്ചവരാണ് സ്ത്രീകൾ എന്ന് വാദിക്കുന്നവരുണ്ട്. കാരണം അവൾ മറ്റൊരാളുടെ കുടെ മറ്റൊരു വീടിന്റെ ഭാഗമാകേണ്ടവളാണ്. സ്വന്തം ഭൂതകാലത്തെ പടം പൊഴിച്ച് കളയേണ്ടവൾ. അവളുടെ ജീവിതം തന്നെ കുടുംബ സമർപ്പണമാണ്. അതിൽ 'ഇടങ്ങൾ' ക്ക് സ്ഥാനമില്ല!

ചർച്ചാവിഷയം

പസ്കി





**അഭിനേത്രി**
**കോഴിക്കോട് പ്രസ്സ് ക്ലബ്ബിൽ**
**ജേർണലിസം വിദ്യാർത്ഥി**

# തെക്കേപ്പുറത്തെ പെണ്ണുങ്ങൾ

നൂറ്റാണ്ടിനു മുകളിൽ പഴക്കമുള്ള, തെക്കേപ്പുറത്തെ- കോഴിക്കോടിന്റെ ചരിത്രത്തിലും സംസ്കാരത്തിലും രുചിപ്പെരുമയിലും എക്കാലവും ഇടംപിടിച്ച ഇവിടുത്തെ തറവാടുകളിലെ- പെൺജീവിതങ്ങൾ ഇന്നും അലിഖിതമാണ്. കോഴിക്കോട് ഫുട്ബോൾ കളിക്കാൻ വന്ന തങ്ങളുടെ പ്രിയപ്പെട്ട താരങ്ങൾക്ക് ആഭരണങ്ങൾ ഊരിക്കൊടുത്ത് ആരാധന പ്രകടിപ്പിച്ച ചരിത്രം വരെ ഉണ്ടായിരുന്നിട്ടുപ്പോലും ഇവർ പക്ഷേ ചരിത്രത്തിലില്ല.

ഒരു മനുഷ്യായുസ്സ് മുഴുവൻ വീടിന്റെ അകത്തളങ്ങളിൽ ജീവിക്കുമ്പോഴും ഈ സ്ത്രീകൾ പക്ഷേ അസംതൃപ്തർ അല്ല. അവകാശലംഘന ങ്ങളെക്കുറിച്ച് പുരുഷാധിപത്യത്തെക്കുറിച്ച് വാതോരാതെ പറയാൻ ഇവർക്കാവില്ല. തങ്ങളുടെ കുടുംബത്തിന് വേണ്ടിയുള്ള, അച്ഛനും

ആങ്ങളമാർക്കും ഭർത്താവിനും വേണ്ടിയുള്ള സമർപ്പണമാണ് തങ്ങളുടെ ജീവിതം എന്ന മഹത്തായ ത്യാഗം എന്നും സന്തോഷത്തോടെ പിന്തുടരുന്നവരാണ് ഇവർ. കേരളത്തിൽ ഇസ്ലാംമതം എത്തിയ കാലം മുതലേ ഈ മതം പിന്തുടരുന്നവരാണ് തെക്കേപ്പുറം നിവാസികൾ. ഇന്നും മതനിഷ്ഠമായി തന്നെ ജീവിക്കുന്നവർ. വ്യവസ്ഥാപിത ചട്ടക്കൂടുകളെ മാറി നിന്ന് വീക്ഷിക്കുമ്പോൾ സ്ത്രീ സ്വാതന്ത്ര്യമില്ലായ്മ യെക്കുറിച്ചും അവകാശലംഘനങ്ങ ളെക്കുറിച്ചുമൊക്കെ സാധിക്കുമെങ്കിൽ, വ്യവസ്ഥകൾക്കുള്ളിൽ സ്വമനസാലെ ജീവിക്കുന്നവർ വളരെ സുരക്ഷിതവും സ്വസ്ഥവുമായി ജീവിക്കുന്നതായി കാണാൻ സാധിക്കും. ഇസ്ലാം നിഷ്കർഷിക്കുന്ന ജീവിതചര്യ അതുപോലെ പിന്തുടരുന്നത് കൊണ്ടുതന്നെ പുരുഷാധിപത്യത്തിന്റെ ഉള്ളിലും ഇവിടുത്തെ സ്ത്രീകൾ അസ്വസ്ഥരല്ല. ഭക്ഷണം വസ്ത്രം പരിചരണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെ ഒട്ടും മടിക്കാതെ ഒട്ടും കുറയ്ക്കാതെ സ്നേഹസമ്പന്നരായ തങ്ങളുടെ പുരുഷന്മാരിൽ നിന്ന് ലഭിക്കുന്നതിനാൽ ജീവിതചര്യയിൽ ഇവർ തൃപ്തരാണ്.

**വ്യവസ്ഥാപിത ചട്ടക്കൂടുകളെ മാറി നിന്ന് വീക്ഷിക്കുമ്പോൾ സ്ത്രീ സ്വാതന്ത്ര്യമില്ലായ്മ യെക്കുറിച്ചും അവകാശലം ഘനങ്ങളെക്കുറിച്ചുമൊക്കെ സാധിക്കുമെങ്കിൽ, വ്യവസ്ഥകൾക്കുള്ളിൽ സ്വമനസാലെ ജീവിക്കുന്നവർ വളരെ സുരക്ഷിതവും സ്വസ്ഥവുമായ ജീവിക്കുന്നതായി കാണാൻ സാധിക്കും. ഇസ്ലാം നിഷ്കർഷിക്കുന്ന ജീവിതചര്യ അതുപോലെ പിന്തുടരുന്നത് കൊണ്ടുതന്നെ പുരുഷാധിപത്യത്തിന്റെ ഉള്ളിലും ഇവിടുത്തെ സ്ത്രീകൾ അസ്വസ്ഥരല്ല.**

പെൺമക്കൾ അന്യവീട്ടിൽ ചെന്ന് കഷ്ടപ്പെടാതിരിക്കാനായി മറ്റിടങ്ങളിൽ നിന്നും വ്യത്യസ്തമായാണ് തെക്കേപ്പുറത്തെ വിവാഹം. വീട്ടു പുതിയാപ്ല സിസ്റ്റം എന്ന് പൊതുവേ അറിയപ്പെടുന്ന ഈ വ്യവസ്ഥിതിയിൽ വിവാഹശേഷം ഭർത്താവ് ഭാര്യയുടെ വീട്ടിലാണ് താമസിക്കുക. മകളെ കെട്ടിച്ചയക്കൽ അല്ല മറിച്ച് മകനെ കെട്ടിച്ചയക്കുന്നു. ഒരുപക്ഷേ ആദ്യമായി കേൾക്കുന്നയാൾക്ക് ഇതെന്താ



ഇങ്ങനെ എന്ന് ചോദിക്കാൻ തോന്നുന്നു എങ്കിൽ ബാക്കി കൂടി കേട്ടിട്ട് വേണം. മകളുടെ ഭർത്താവിന് വിശിഷ്ടമായ സ്ഥാനമാണ് ഭാര്യവീട്ടിൽ ലഭിക്കുക. തീരുമാനങ്ങൾ എടുക്കുന്നതിലും മറ്റെല്ലാ അഭിപ്രായങ്ങളിലും കുടുംബത്തിലെ മുതിർന്ന സ്ഥാനവും പരിഗണനയും ആണ് ഇവർക്ക്. തങ്ങളുടെ മരുമകനും ഭർത്താവിനും വിശേഷ ഭക്ഷണങ്ങൾ ഉണ്ടാക്കിക്കൊടുക്കുക, സൽക്കാരങ്ങൾ നടത്തി അവരെ പ്രീതിപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ സദാ വ്യാപൃതരാണവർ. അപാരമായ കൈപ്പുണ്യവും

കുടുംബങ്ങളെ സൽക്കരിച്ച് പ്രീതിപ്പെടുത്താനുള്ള മനോഭാവവുമുള്ള ഇവരുടെ ദിവസത്തിന്റെ മുക്കാൽ പങ്കും അടുക്കളയിലാണ്. പ്രിയപ്പെട്ടവരിൽ നിന്നു കിട്ടുന്ന മനസുനിറഞ്ഞ് പ്രശംസ മാത്രം മതി ഈ സ്ത്രീകൾക്ക് നിർവൃതിയണയാൻ.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒട്ടും പിറകിലല്ല തെക്കേപ്പുറത്തെ സ്ത്രീകൾ. പ്രായമേറിയ സ്ത്രീകൾക്ക് സ്കൂൾ വിദ്യാഭ്യാസം കുറവാണെങ്കിലും

രുചിക്കൂട്ടുകളിൽ മാത്രമല്ല, ഒപ്പന കളിക്കുന്നതിലും മൈലാഞ്ചിയിടുന്നതിലും തെക്കേപ്പുറത്തെ സ്ത്രീകളുടെ കഴിവ് അപാരമാണ്. പാരമ്പര്യമായി കീഴടക്കിവെച്ചിരിക്കുന്ന ഈ കഴിവുകൾ പെരുന്നാൾ, കല്യാണം പോലുള്ള വിശിഷ്ട ദിവസങ്ങളിൽ മാത്രമായി ചുരുങ്ങുന്നു എന്നതാണ് വാസ്തവം.

നാന്നൂറോളം വരുന്ന അംഗങ്ങളുള്ള കൂട്ടുകുടുംബവ്യവസ്ഥയെ ഇന്നും കാമ്പൊട്ടും ചോർന്നുപോ



തങ്ങളുടെ പെൺമക്കളെ ചുരുങ്ങിയ പക്ഷം ഹയർ സെക്കണ്ടറിയെങ്കിലും മുഴുമിപ്പിക്കാറുണ്ട്. ഉന്നതവിദ്യാഭ്യാസത്തിനു അയക്കാറുണ്ടെങ്കിലും പഠനസമയത്ത് തന്നെ ഒട്ടുമുക്കാൽ പെൺകുട്ടികളുടെയും വിവാഹം കഴിപ്പിക്കാറുണ്ടെങ്കിലും വിവാഹശേഷമുള്ള പഠനം അവളുടെയും ഭർത്താവിന്റെയും താല്പര്യാനുസരണം മുന്നോട്ടു പോകുന്നു. പലപ്പോഴും പഠനം മുടക്കിപ്പോകുന്ന അവസ്ഥയാണുള്ളതെങ്കിലും ഡോക്ടർ, എഞ്ചിനീയർ, ടീച്ചർ തുടങ്ങിയ മേഖലകളിലെല്ലാം തെക്കേപ്പുറത്തെ സ്ത്രീസാന്നിദ്ധ്യമുണ്ട്.

കാതെ ചേർത്തുനിർത്തുന്നതിന് പിന്നിലും തീർച്ചയായും അകത്തളങ്ങളിലെ ഈ സ്ത്രീജന്മങ്ങളാണുള്ളത്. പ്രിയപ്പെട്ടവർക്കു വേണ്ടിയുള്ള സമർപ്പണവും ത്യാഗവുമാണ് ഇവിടുത്തെ ഓരോ സ്ത്രീയുടെയും ജീവിതം. അതുകൊണ്ട് തന്നെയാവാം ചരിത്രത്തിലെവിടെയും ഇവരെ എഴുതപ്പെടാതെ പോയതും!

ചർച്ചാവിഷയം

ശ്രീജിത ജയഭാരതി

കോഴിക്കോട് വനിത പോളിടെക്നിക്കിൽ അധ്യാപിക
സാഹിത്യതൽപര



# വീട്




ആന്തരികമൂല്യങ്ങൾ മൂലധനം ആയെടുക്കാത്ത ഇടങ്ങളാണ് പലപ്പോഴും വീടുകൾ. അതിനു കാരണം അവ അടിസ്ഥാനപരമായി ഇടത്തരം ബോധവളർച്ചയെത്തിയവരെ ലക്ഷ്യമാക്കി ഉണ്ടാക്കപ്പെട്ട സ്ഥാപനങ്ങളിൽ ഒന്നാണ് എന്നതായിരിക്കാം. കാരണമെന്തായാലും സാമൂഹികമായി അംഗീകരിക്കപ്പെടുന്ന മൂല്യങ്ങളിൽ നിന്നും വ്യത്യസ്തമായ ചിന്തകളുള്ളവർക്ക് വീട് വളരെ അസഹനീയമായ ഇടമാണ് പലപ്പോഴും.

ഓരോ വീടും ഉപേക്ഷിക്കുന്നത് അതുകൊണ്ടു തന്നെ ആന്തരിക വളർച്ചയ്ക്ക് സാധ്യതയും സൗകര്യവും അതിനുവേണ്ട വഴികളും ഒരുക്കുന്നു. സൗഹൃദങ്ങളും പലപ്പോഴും നമുക്ക് വീടുകൾ തന്നെയാണ്. അവ കൊഴിഞ്ഞു പോവുകയും പുതിയവ വന്നുചേരുകയും ചെയ്യുന്നതു പോലെ നമ്മുടെ വളർച്ചയ്ക്ക് അനുസൃതമായ പുതിയ ഇടങ്ങൾ നമുക്ക് അത്യാവശ്യമായി വരുന്നു. കാലം പോകുംതോറും പല പ്രാവശ്യം നമ്മൾ പലയിടങ്ങൾ മാറേണ്ടി വരുന്നു. പക്ഷെ ഇതിൽ നിന്നു വ്യത്യസ്തമായി വിട്ടുപോയ സ്ഥലങ്ങളിലേക്ക് തന്നെ തിരിച്ചെത്തുന്നവരുമുണ്ട്.

കൂട്ടുകാരുടെയൊപ്പവും സമാനമനസ്കരുടെയൊപ്പവും പ്രണയിതാക്കളുടെയൊപ്പവും സ്വന്തമായും ഒക്കെ പലയിടങ്ങളിലും താമസിച്ച് അതിലും ഭേദമാണ് സാധാരണക്കാരായ തന്റെ മാതാപിതാക്കളുടെ കൂടെ താമസിക്കുന്നത് എന്ന് പറയുന്നവരെയും വീട് പോലെ തന്നെ എല്ലാ ഇടങ്ങളെയും സംരക്ഷിച്ച് പരിപാലിക്കുകയും സ്വന്തമായി കരുതുകയും ചെയ്യുന്നവരെയും കാണാം.

സ്ത്രീവാദി എന്ന നിലയിലും സാമൂഹ്യപ്രവർത്തകർ എന്ന നിലയിലും ആന്തരികവളർച്ചയ്ക്ക് പ്രാധാന്യം നൽകുന്നവർ എന്ന നിലയിലും പല സൗഹൃദങ്ങളാണ് ഈ വിഷയത്തിൽ അഭിപ്രായം പറയാറുള്ളവർ. സ്വന്തം വീട്ടിൽ താമസിക്കാൻ പറ്റാതെ വരുമ്പോൾ ഇത്തരം പല വീടുകളിലും വീടുവിട്ടു പോവുന്നവർ താമസിക്കുന്നു. അധികാരത്തിന്റെ മാറി വരുന്ന രൂപങ്ങൾ, പല ഭാവങ്ങൾ പഠിക്കാനുള്ള അവസരം കൂടിയാണ് അത്തരം തങ്ങലുകൾ. പലരും വീടുവിട്ടിറങ്ങുന്നത് മറ്റൊരു വീടുണ്ടാക്കുന്നതിനോ സ്വന്തം വീട്ടിലെ സ്വത്തുക്കൾ സംരക്ഷിക്കാനോ അല്ല. വീട് വിടുന്നത് ആന്തരികമായ സ്വത്തുക്കൾ കൂട്ടുവാൻ വേണ്ടിയാണ്. ആന്തരികമായ സ്വത്ത് എന്നൊന്ന് ഉണ്ടെന്നു തന്നെ വിശ്വസി



**വീട് എന്ന സ്ഥാപനം ഉണ്ടാക്കുമ്പോൾ പ്രധാനമായ പരിഗണനയിൽ വരുന്നത് സംരക്ഷണമാണ്. പുറംലോകത്തിൽ നിന്നുള്ള സംരക്ഷണം. പുറംലോകത്തിൽ നിന്നുള്ള സംരക്ഷണം. പുറം എന്ന വലിയ ഒരു ലോകം. അവിടെ അക്രമികളും സ്നേഹിക്കാത്തവരും. അകത്ത് നമ്മൾ സുരക്ഷിതരും സ്നേഹിക്കപ്പെടുന്നവരും അങ്ങനെ പോകുന്നു ആ മിഥ്യാധാരണകൾ.**

ക്കാത്ത ഇടങ്ങളാണ് പലപ്പോഴും വീടുകൾ എന്നതുകൊണ്ടാണ്. നമ്മൾ അതിന് നിർബന്ധിതരാവുന്നത് വീട് എന്ന സ്ഥാപനം ഉണ്ടാക്കുമ്പോൾ പ്രധാനമായ പരിഗണനയിൽ വരുന്നത് സംരക്ഷണമാണ്. പുറം ലോകത്തിൽ നിന്നുള്ള സംരക്ഷണം. പുറം എന്ന വലിയ ഒരു ലോകം. അവിടെ അക്രമികളും സ്നേഹിക്കാത്തവരും. അകത്ത് നമ്മൾ സുരക്ഷിതരും സ്നേഹിക്കപ്പെടുന്നവരും അങ്ങനെ പോകുന്നു ആ മിഥ്യാ ധാരണകൾ.

ചില ഫെമിനിസ്റ്റ് ആശയങ്ങളും വീടെന്ന സങ്കല്പവും : ഇത്തരത്തിൽ അകംപുറം എന്ന ആശയപരമായി ദാരിദ്ര്യം നികത്താതെ നാം സൃഷ്ടിക്കുന്ന ലോകം ഒരിക്കലും നമ്മെ വളർച്ചയ്ക്ക് പ്രാപ്തരാക്കുന്നില്ല. സാമ്പത്തികവും സാമൂഹികവും മാത്രമാ

യ വളർച്ചയെ മാത്രം ഉന്നം വെച്ചുള്ള എല്ലാ പ്രോജക്ടുകളും പൂർണ്ണമാണെന്ന് നമ്മൾ വിചാരിക്കുന്നിടത്ത് ഇതേ പ്രശ്നമാണുള്ളത്. നമ്മൾ സ്വയം ശക്തിപ്പെടുത്തുക എന്നത് മറന്ന്, ആന്തരികസൗന്ദര്യവും വൈകാരികതയും മറന്ന് സാമൂഹികമായ പുറത്തുള്ള സംരക്ഷണത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നു. പ്രശ്നം അടിസ്ഥാനപരമായി നമ്മുടെ സങ്കല്പങ്ങൾ തന്നെ ദരിദ്ര്യമാണ് എന്നതാണ്. ഇടത്താവളങ്ങളെ ശാശ്വത കേന്ദ്രങ്ങളായി കാണുന്നു എന്നതാണ്. അത് നമ്മുടെ ആശയങ്ങളിലുള്ള വെട്ടും തിരിത്തുമാണ് ആവശ്യപ്പെടുന്നത്. സാമ്പത്തിക ഉന്നമനം കൊണ്ടു മാത്രം സ്ത്രീകൾക്ക് ജീവിതമുണ്ടാവുന്നില്ല.

ഒരു സ്ത്രീയെന്ന നിലയിലുള്ള എന്റെ ജീവിതം വീടുകളിൽ തുടങ്ങുന്നത് ഡിഗ്രികാലഘട്ടത്തിലാണ്. അന്ന് കഠിനമായ താത്പര്യമായിരുന്നു ഒരു ബാഗ് നിറയെ പുസ്തകങ്ങളുമായി നാടുവിട്ടു പോകാൻ. അതിനു മുതിർന്ന എന്നെ വീട്ടുകാർ ഭ്രാന്താണെന്ന് പറഞ്ഞ് ചികിത്സിക്കുകയാണ് ചെയ്തത്. യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന കാലത്ത് ഹോസ്റ്റലിൽ താമസിച്ചതാണ് വീട് വിടുന്നതിന്റെ ഒരു താത്കാലികാശ്വാസം നൽകിയ പ്രായോഗികമായ ഒരു പ്രോജക്ട്. അന്ന് തന്നെ വീട് മാറ്റിയെടുക്കാനുള്ള എന്റെ ശ്രമവും തുടങ്ങി. വീട്ടിൽ അനിയനും എനിക്കും തരുന്ന ഭക്ഷണത്തിലെ വ്യത്യാസം തന്നെയായിരുന്നു ആദ്യത്തെ പ്രതികരണം. അവന് യാതൊരു സങ്കോചവും കൂടാതെ വലിയ അളവിൽ പൊരിച്ച മീനുമായി വരുന്ന പ്ലേറ്റ് കണ്ടപ്പോൾ തന്നെ അരിശം ഇരച്ചു കയറി. കൺമുന്നിൽ എത്തിയപ്പോൾ അത് തട്ടിത്തെറിപ്പിച്ചത് ഞാൻ പോലും അറിയുന്നതിന് മുമ്പായിരുന്നു. അരിവെന്ത പൂക്കൾ ഹാളിൽ നിറയെ പറന്ന് താഴെ ചേക്കേറി. എനിക്കും മനസ്സമാധാനം എല്ലാ വഴക്കുകൾക്കുമൊടുവിൽ ഒരു ഇറങ്ങിപ്പോക്കാണ്.

അങ്ങനെ ഒരിക്കൽ അമ്മ എന്നെ വിളിച്ചു പറഞ്ഞു. 'നീ ഉടൻ തന്നെ വീടുപണി തുടങ്ങണം.' കാര്യമറിയാതെ മിഴിച്ചു നിന്ന എന്നോട്, 'ഇപ്പോൾ ഇറങ്ങിപ്പോയാൽ നിനക്ക് ഹോസ്റ്റൽ എങ്കിലും ഉണ്ടല്ലോ. നാളെ കോഴ്സ് കഴിഞ്ഞാൽ നീ എന്തു ചെയ്യും?' ഇറങ്ങിപ്പോകുന്നത് കയറിച്ചെല്ലാൻ ഇടങ്ങൾ ഉണ്ടാക്കിക്കൊണ്ടായിരുന്നില്ല. ആദ്യത്തെ ശ്രമവും ഒടുവിലത്തെ ശ്രമവും ഒന്നും അങ്ങനെയായിരുന്നില്ല. ഇടങ്ങൾ ചുരുങ്ങിച്ചുരുങ്ങി ശ്വാസം മുട്ടിക്കുമ്പോഴാണ് ഇറങ്ങിപ്പോകലുകൾ. ഇതിലുള്ള സമാനതയാണ് പിൽക്കാലത്ത് പല കൂട്ടുകാരെയും സമ്മാനിച്ചത്. മറ്റുള്ളവർക്ക് മനസ്സിലാവാത്തത് ഞങ്ങൾ സുഹൃദ് വലയത്തിൽ മാത്രം അംഗീകരിക്കപ്പെടുന്ന ചില സത്യങ്ങളെയും.

ഏറ്റവും ഒടുവിൽ കലയ്ക്ക് പ്രാധാന്യം നൽകുന്ന ഒരിടം അന്വേഷിച്ച് സുഹൃത്തിന്റെ സാധാരണയായി എല്ലാവരും വന്നിരിക്കാൻ സാധ്യതയുള്ള ഒരു വീട്ടിലെത്തിയപ്പോൾ ഒരു സംഭവം നടക്കുന്നു. ഞാൻ ചെന്ന ദിവസം തന്നെ നടന്ന പല സംഭവങ്ങളുടെ അടിസ്ഥാനത്തിൽ അവിടെ നിന്നിരുന്ന മറ്റൊരു സ്ത്രീയെ വീട്ടുടമ പുറത്താക്കുന്നു. അവിടെ കൂടിയിരുന്ന ഒരു പുരുഷനും സ്ത്രീകൾക്ക് ഇടം നഷ്ടപ്പെടുന്നതിന്റെ വേദന പങ്കിടുന്നില്ലായിരുന്നു. അവരെല്ലാവരും സമൂഹത്തിൽ നിന്ന് ഉയർന്ന് ചിന്തിക്കുന്ന പുരുഷന്മാരായിരുന്നിട്ടുകൂടെ, സ്ത്രീകളുടെ ഇടം എന്ന ആശയവുമായി ബന്ധപ്പെട്ട് അന്നേ വരെ അവർ യാതൊരു ചിന്തകൾക്കും സമയമോ സൗകര്യമോ മെനക്കെടുത്തിയിരുന്നില്ല. അതിനെക്കുറിച്ചുള്ള ചർച്ചകൾക്കൊടുവിൽ 'ശരിയാണ് ഇതൊരു ആണിടമാണ്' എന്ന രീതിയിലുള്ള യാതൊരു ഭാവമാറ്റവുമില്ലാത്ത നിഗമനങ്ങളാണ് നേരിടേണ്ടി വരിക. അത്തരം ആണിടങ്ങൾ മാറ്റിത്തീർക്കുകയോ പുതിയ ഇടങ്ങൾ ഉണ്ടാക്കുകയോ ചെയ്യേണ്ടത് പൂർണ്ണമായും സ്ത്രീകളുടെ ഉത്തരവാദിത്തമായാണ് അവർ പോലും കണക്കാക്കുന്നത്. ഇത് അരാഷ്ട്രീയതയാണ്. അരാഷ്ട്രീയതയ്ക്ക് കടുത്ത ഭാഷയിൽ പ്രതികരിക്കാനുള്ള ധാർമ്മികമായ ഉത്തരവാദിത്തമുള്ള കലാകാരന്മാരും കലാസ്വാദകരും തന്നെയാണ് ഇതിൽ നിന്നും ചുവടുകൾ പിന്നോട്ട് വയ്ക്കുന്നത്. ഇടങ്ങൾ മാറ്റിത്തീർക്കുന്നതിനു മുമ്പ് ഇടങ്ങളെക്കുറിച്ചുള്ള അറിവുകൾ പരിമിതമാണ് എന്ന ധാരണ വളരേണ്ടതുണ്ട്.

**മാറ്റത്തിനു വേണ്ടിയുള്ള ഉദ്യമങ്ങൾ :**

ട്രാൻസ്ജെന്റേർസ് സുഹൃത്തുക്കളും സ്ത്രീകളും ഫെമിനിസ്റ്റ് പുരുഷന്മാരും ഒക്കെ അടങ്ങുന്നതാണ് ഇത്തരത്തിൽ സാംസ്കാരികമായ സെൻസിറ്റിവിറ്റിയുള്ള മറ്റിടങ്ങൾ. ഞങ്ങൾ ഞങ്ങൾക്കു വേണ്ടി നിർമ്മിക്കുന്ന പുതിയ ലോകങ്ങൾ. അത് സ്വർഗ്ഗമാണോ എന്ന് സ്വാഭാവികമായും ചോദ്യങ്ങൾ ഉയരാം. സ്വർഗമല്ല. അവിടെയും പരിമിതികളുണ്ട്. ഇറക്കി വിടൽ അനുഭവിച്ചവർ തന്നെ മറ്റുള്ളവരെ ഇറക്കിവിടുന്ന നാടകങ്ങളും ക്രൂരതകളും സംഭവിക്കാറുണ്ട്. പക്ഷേ, ഇടങ്ങളെക്കുറിച്ചുള്ള ധാരണയില്ലാതെയല്ല, പൂർണ്ണമായ ധാരണയോടെയും അറിവോടും കൂടിയാണ് അവിടെ അത് സംഭവിക്കുന്നത്. മനുഷ്യരുടെ സ്വകാര്യതയുടെ ആവശ്യങ്ങളും മറ്റും മനസ്സിലാക്കുമ്പോഴും പലപ്പോഴും മനുഷ്യർ സ്വാർത്ഥരാവുന്നതിന് അവരുടെ ആന്തരിക വളർച്ചയുടെ കുറവുമാത്രമേ പരിമിതിയായി കാണിക്കാൻ പാടുകയുള്ളൂ. വീടുകളിൽ നിന്ന് ഇറങ്ങുന്നവർ അന്വേഷണം നടത്തേണ്ട വിഷയമാണിത്.

ചർച്ചാവിഷയം
അമൃത
കാലടി സംസ്കൃത സർവ്വകലാശാലയിൽ ചരിത്ര ഗവേഷക





# അതിജീവനത്തിന്റെ വീടോർമ്മകൾ

വീടാണ് മനുഷ്യ ആവാസവ്യവസ്ഥയുടെ അടിസ്ഥാനഘടകം. വീടിനെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ പല തരത്തിലുള്ള കാഴ്ചപ്പാടുകളാണ് പലർക്കുമുള്ളത് . വീടൊരു ഗതകാലസ്മരണയായി അവശേഷിക്കുകയും കുട്ടിക്കാലത്തേക്കുള്ള തിരിച്ചുപോക്കിനെക്കുറിച്ച് സ്വപ്നം കാണുകയും ചെയ്യുന്നവരാണ് ഭൂരിഭാഗം പേരും. ബാല്യം കൗമാരം, യൗവനം, വാർധക്യം എല്ലാം വീടുമായി ബന്ധപ്പെട്ടു കിടക്കുന്നു. പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം വീട് അവളെ അച്ചടക്കമുള്ളവളായി വളർത്തിയെടുക്കുകയും മറ്റൊരു വീട്ടിലേക്ക് കയറി ചെല്ലുമ്പോൾ പാലിക്കേണ്ടതായ ആചാര്യമര്യാദകൾ പരിശീലിപ്പിക്കുകയും ചെയ്യുന്ന കോച്ചിംഗ് സെന്ററുകൾ കൂടിയാണ്. ഓരോ വ്യക്തിയും സാമൂഹ്യജീവിയെന്ന നിലയിൽ സമൂഹത്തിലെ പൊതുഇടങ്ങളുമായി പലതരത്തിൽ ഇടപെട്ടുകൊണ്ടാണ് ജീവിച്ചു വരുന്നത്. ഇത്തരം ഘട്ടങ്ങളിൽ ഒരു വ്യക്തിയുടെ വ്യക്തിത്വം അവളുടെ വീടുമായി ബന്ധപ്പെടുത്തി ഇകഴ്ത്തലുകൾക്കും പുകഴ്ത്തലുകൾക്കും

**പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം വീട് അവളെ അച്ചടക്കമുള്ളവളായി വളർത്തിയെടുക്കുകയും മറ്റൊരു വീട്ടിലേക്ക് കയറി ചെല്ലുമ്പോൾ പാലിക്കേണ്ടതായ ആചാര്യമര്യാദകൾ പരിശീലിപ്പിക്കുകയും ചെയ്യുന്ന കോച്ചിംഗ് സെന്ററുകൾ കൂടിയാണ്.**



വിധേയമാക്കാറുണ്ട്. വ്യക്തിത്വത്തെ നിർണയിക്കുന്ന എല്ലാ ഘട്ടങ്ങളിലും പഠനം ജോലി വിവാഹം തുടങ്ങി എല്ലാവിധ ദൈനംദിന ഇടപെടലുകളിലും നല്ല–മോശം വീട്ടിൽ ജനിക്കുന്നയാൾ എന്ന താരതമ്യപഠനത്തിലൂടെ കടന്നുപോകേണ്ടി വരും.

വീടോർമ്മകളെ സംബന്ധിച്ചിടത്തോളം ബാല്യം ഏറ്റവും നിർണായകമായ കാലഘട്ടമാണ് . വീടിനെക്കുറിച്ച് ചോദിച്ചാൽ വളരെ പെട്ടെന്ന് ഒട്ടുമിക്കവരും സംസാരിച്ചു തുടങ്ങുക അവരുടെ കുട്ടിക്കാലവും ആഘോഷങ്ങളും കളികളും എല്ലാം ആയിരിക്കും . നിറങ്ങളും വർണ്ണങ്ങളും നിറഞ്ഞ അത്തരം ബാല്യത്തിലേക്ക് തിരിച്ചു പോകാൻ ആഗ്രഹിക്കുന്നവരായിരിക്കും കൂടുതൽ പേരും . എന്നാൽ ഇതിനൊരു മറുപുറമുണ്ട്. ഇനിയൊരു കുട്ടിക്കാലം വെച്ച് നീട്ടിയാൽ വേണ്ട അല്ലെങ്കിൽ ഇനിയൊരു ബാല്യം തിരിച്ചു വരരുത് എന്ന് ആഗ്രഹിക്കുന്ന ഒരു കൂട്ടം പെൺകുട്ടികൾ ഉണ്ട് നമുക്കിടയിൽ. അതാഗ്രഹിക്കുന്നവരിൽ ഒരാളാണ് ഈ ഞാനും. കാരണം ആഘോഷങ്ങളോ അത്ഭുതപ്പെടുത്തുന്ന സന്തോഷം നൽകുന്ന ഒന്നും തന്നെയോ ഓർമ്മകൾക്ക് നിറം നൽകാൻ ഇല്ല. മാത്രവുമല്ല ഒരിക്കലുമുണങ്ങാത്ത വ്രണങ്ങളുടെ അവശേഷിപ്പുകൾ ഇപ്പോഴും എവിടെയൊക്കെയോ നീറുന്നുണ്ട്. കേരളത്തിൽ ലക്ഷത്തോളം വരുന്ന കോളനികളിലും ലക്ഷം വീടുകളിലും ഒറ്റപ്പെട്ട് പുറമ്പോക്കുകളിലും കനാൽബണ്ടുകളിലും ജീവിക്കുന്ന കോടിക്കണക്കിന് ആളുകൾ ഉണ്ട്. അവർ താമസിക്കുന്ന ഇടവും വീടുകൾ തന്നെയാണ്. എന്തുകൊണ്ടെന്നാൽ മനുഷ്യൻ സ്ഥിരമായി താമസിക്കാൻ ഉണ്ടാക്കിയെടുക്കുന്ന നിർമ്മിതികൾ ആണല്ലോ വീടുകൾ . വീട് ഒരു സമൂഹത്തിന്റെ അടിസ്ഥാനപരമായ ഏകകം മാത്രമല്ല അടിസ്ഥാനപരമായ സാമ്പത്തികഘടന കൂടിയാണ്. ഒറ്റമുറി വീടുകളിലും യാതൊരു അടച്ചുറപ്പുമില്ലാത്ത വീടുകളിലും ഉറങ്ങി ഉണർന്ന് ഉണരുന്ന എത്രയധികം പെൺകുട്ടികൾ ഉണ്ടെന്നോ ഇവിടെ . അവരെ സംബന്ധിച്ച് വീട് ഒരിക്കലും നിർവചനങ്ങൾക്ക് വഴങ്ങുകയില്ല. കാരണം മഴയിൽനിന്നും വെയിലിൽ നിന്നും രോഗകാരികളായ വിവിധതരം ജീവികളിൽ നിന്നും ഒരളവോളം അവളുടെ തന്നെ ഗണത്തിൽപ്പെടുന്ന ശത്രുക്കളിൽ നിന്നും രക്ഷ നൽകുകയും, മെച്ചപ്പെട്ട ആരോഗ്യപരിപാലനത്തിനും തന്റെ ഭാവി തലമുറയെ ചിട്ടയിൽ വളർത്തിയെടുക്കാനുള്ള

**നിറങ്ങളും വർണ്ണങ്ങളും നിറഞ്ഞ അത്തരം ബാല്യത്തിലേക്ക് തിരിച്ചു പോകാൻ ആഗ്രഹിക്കുന്നവരായിരിക്കും കൂടുതൽ പേരും . എന്നാൽ ഇതിനൊരു മറുപുറമുണ്ട്. ഇനിയൊരു കുട്ടിക്കാലം വെച്ച് നീട്ടിയാൽ അല്ലെങ്കിൽ ഇനിയൊരു ബാല്യം തിരിച്ചു വരരുത് എന്ന് ആഗ്രഹിക്കുന്ന ഒരു കൂട്ടം പെൺകുട്ടികൾ ഉണ്ടാകും നമുക്കിടയിൽ.**



സൗകര്യവും ഉറപ്പുനൽകുന്ന ഇടങ്ങളാണ് വീടുകൾ എന്നാണ് പ്രമാണം. കേരളത്തിൽ ജിഷ എന്ന പെൺകുട്ടി തന്റെ പുറമ്പോക്കിലെ ഒറ്റമുറി വീട്ടിൽ കൊല്ലപ്പെട്ടപ്പോൾ ഞെട്ടലോടെ ഈ ദുരന്തത്തെ നോക്കിക്കണ്ട് അത്ഭുതപ്പെട്ടു. ഞാനടക്കമുള്ള ഒരുകൂട്ടം പെൺകുട്ടികളെ സംബന്ധിച്ച് ജിഷയും അവളുടെ ജീവിതവും ഞങ്ങൾക്ക് അന്യമായിരുന്നില്ല. ഓരോ നിമിഷത്തിനും ദിവസങ്ങൾക്കും അതിജീവനത്തിന്റെ കഥ പറയാനുണ്ടാകും.

ചാണകം കൊണ്ടു മെഴുകി വൃത്തിയാക്കിയ ഒറ്റമുറി വീടുകൾ പലതും ദൂരെ നിന്ന് കണ്ടാൽ തുണി കൊണ്ട് അലങ്കരിച്ച സർക്കസ് കൂടാരം പോലെ തോന്നുമായിരുന്നു. കാരണം

**കേരളത്തിൽ ജിഷ എന്ന പെൺകുട്ടി തന്റെ പുറമ്പോക്കിലെ ഒറ്റമുറി വീട്ടിൽ കൊല്ലപ്പെട്ടപ്പോൾ ഞെട്ടലോടെ ഈ ദുരന്തത്തെ നോക്കിക്കണ്ട് അത്ഭുതപ്പെട്ടു. ഞാനടക്കമുള്ള ഒരുകൂട്ടം പെൺകുട്ടികളെ സംബന്ധിച്ച് ജിഷയും അവളുടെ ജീവിതവും ഞങ്ങൾക്ക് അന്യമായിരുന്നില്ല ഓരോ നിമിഷത്തിനും ദിവസങ്ങൾക്കും അതിജീവനത്തിന്റെ കഥ പറയാനുണ്ടാകും.**




ഉപയോഗിക്കുന്ന വസ്ത്രങ്ങൾ അടക്കി വയ്ക്കുന്നതിനുള്ള അലമാര പോലുള്ള യാതൊരു വിധ സൗകര്യങ്ങളും ആ വീടുകളിൽ ഉണ്ടാകില്ല . അതുകൊണ്ടുതന്നെ ആ വീടിന് ചുറ്റും വലിയ തുണി അഴകൾ വലിച്ചുകെട്ടി വസ്ത്രങ്ങൾ അതിൽ തൂക്കി ഇടുമായിരുന്നു. പുറത്തുനിന്നു നോക്കിയാൽ ആ വീട്ടിൽ ഉപയോഗിക്കുന്ന എല്ലാ വസ്തുക്കളും വീടിനുചുറ്റും അകത്തുമായി അടുക്കി വച്ചിട്ടുണ്ടാവും. അകത്തുകടന്നാൽ മണ്ണുകൊണ്ട് ഉണ്ടാക്കിയെടുത്ത അടുപ്പ് തറകൾ. ഭക്ഷണം തൂക്കിയിടുന്ന ഉറികൾ. ചെറിയ ചെറിയ ഓവുകൾ. ഉപയോഗിക്കാത്ത വസ്തുക്കൾ നിറച്ച ചാക്കുകെട്ടുകൾ ഓലപ്പായ തുന്നിനിറച്ച സ്വയം നിർമ്മിച്ച തലയിണകൾ . വേനൽ കാലത്തെ അതിജീവിക്കാൻ അടക്കാ മരത്തിന്റെ പാള കൊണ്ട് നിർമ്മിച്ച വീശാൻ പാളകൾ. വിളക്കിനടുത്ത് അടുക്കിവച്ചിരിക്കുന്ന പുസ്തകക്കെട്ടുകൾ. സാധാരണ കാഴ്ചകളാണ് ഇവ. അടിച്ചും വഴക്കു പറഞ്ഞു എല്ലാ വീട്ടിലേയും കുട്ടികളെ ഹൈസ്കൂൾ തലം വരെ എല്ലാവരും പഠിപ്പിച്ചു പോന്നു. വീടിനോട് തൊട്ടു മാറി ഷീറ്റ് വലിച്ചുകെട്ടിയ കുളിമുറി, ദൂരെ കിണർ ഒരു മൂന്നു സെന്റിലെ സ്വാഭാവിക കാഴ്ചകളാണ് ഇവ.

ഞങ്ങളുടെ സാമൂഹ്യ-സാംസ്കാരിക ജീവിത ലോകത്തെ ചികഞ്ഞെടുത്താൽ എല്ലാവരും തന്നെ കൂലിപ്പണിക്കാരായിരുന്നു. അച്ഛനമ്മമാരെ സംബന്ധിച്ച് പ്രൈമറി തലംവരെ മാത്രം വിദ്യാഭ്യാസയോഗ്യത ഉണ്ടായിരുന്നുള്ളൂ. അതും ചുരുക്കം ചിലർക്കുമാത്രം. കൂലിപ്പണി, എന്നുപറഞ്ഞാൽ കെട്ടിടനിർമാണം, റോഡ് പണി , കൽപ്പണി കള്ളുചെത്ത് കൂടാതെ ഭൂരിഭാഗം പേരും പാടത്തെ പണിക്കാരായിരുന്നു. ഇത്തരം ജോലികൾക്കൊന്നും തന്നെ സ്ത്രീ പുരുഷ വ്യത്യാസം ഉണ്ടായിരുന്നില്ല . പക്ഷെ കൂലിയിൽ അതുണ്ടായിരുന്നു കേട്ടോ . എന്റെ ഓർമ്മയിൽ കോളനിയിൽ നിന്ന് ഒരേ ഒരു ഗവൺമെന്റ് സ്കൂൾ അധ്യാപിക മാത്രമേ ഉണ്ടായിരുന്നുള്ളൂ . പിന്നീട് ഡി.ഇ.ഒ ആയിട്ടായിരുന്നു അവർ പിരിഞ്ഞത്.ഗവേഷണ മേഖലയിലേക്ക് കാലെടുത്തു വച്ച കാലഘട്ടത്തിൽ യൂണിവേഴ്സിറ്റിയിൽ പോകുമ്പോൾ നല്ല വസ്ത്രം ധരിക്കണമെന്നും പറഞ്ഞു ആദ്യമായി ടീച്ചർ ഡ്രസ്സ് മേടിച്ചു തന്നിരുന്നു. എനിക്ക് അഡ്മിഷൻ സമയത്ത് ചേരുന്നതിനുള്ള പണമില്ലാതെ വന്നപ്പോൾ ടീച്ചർ കൈയ്യിൽ വച്ചു തന്ന നോട്ടുകെട്ടുകളുടെ കടം ഇനിയുമുണ്ട് ബാക്കി . ഞങ്ങളെ സംബന്ധിച്ച് നോക്കിക്കാണാവുന്ന ഏറ്റവും വലിയ ഉയരത്തിൽ ടീച്ചർ മാത്രമേ ഐഡിയൽ ഫിഗറായി ഉണ്ടായിരുന്നുള്ളൂ. കൂലിപ്പണിക്ക് പോയാൽ ലഭിക്കുന്ന പണവും പാടത്തെ പണിയിൽ നിന്നു ലഭിക്കുന്ന നെല്ലും മാത്രമായിരുന്നു ഒരു കുടുംബത്തിന്റെ ശരാശരി



വരുമാനം. എല്ലാ കുട്ടികളെയും സ്കൂളുകളിൽ വിടാൻ ശ്രമിച്ചിരുന്നെങ്കിലും അടിസ്ഥാന സാമ്പത്തികാവസ്ഥ ആർക്കും തന്നെ ഇല്ലാതിരുന്നതിനാൽ ഹൈസ്കൂൾ തലം വരെ അല്ലെങ്കിൽ പ്ലസ്ടു തലം വരെ മാത്രം വിദ്യാഭ്യാസം ഒതുക്കി ഒട്ടുമിക്ക ആൺകുട്ടികളും പെൺകുട്ടികളും.

പെൺകുട്ടികളുടെ കാര്യത്തിൽ സഹോദരന്മാർ പണിക്കിറങ്ങിയതുകൊണ്ട് കോളജ് തലം വരെ ചിലർക്കൊക്കെ എത്താൻ കഴിഞ്ഞു. അടച്ചുറപ്പില്ലാത്ത വാതിലും ജനലും അടച്ച് വാതിലിനു തടയായി പലരും കുത്തിനിറച്ച ചാക്കുകൾവെച്ച് കവാടം സുരക്ഷിതമാക്കാറുണ്ട്. എല്ലാ രാത്രിയിലും അമ്മമാർ ഉറങ്ങുമ്പോൾ വെട്ടുകത്തിയും ചൂലും കരുതി വയ്ക്കേണ്ടി വന്നു. ഓരോ അമ്മമാരും കാക്കയ്ക്കും പരുന്തിനും കൊടുക്കാതെ അമ്മക്കിളിയുടെ ചിറകിനു കീഴെ ഒളിപ്പിക്കും പോലെ കുഞ്ഞുങ്ങളെ പോറ്റി എടുക്കുന്നു. ശക്തമായ മഴയും കാറ്റും അടിച്ചാൽ



അടുത്തുനിൽക്കുന്ന പറമ്പിലെ വരിക്കപ്ലാവോ മൂവാണ്ടൻ മാവോ പല വീടുകളും ശിഥിലമാക്കാം എന്ന് ഭയന്നു കടന്നു പോയ ഒരുപാട് മഴക്കാലങ്ങളുണ്ട് നെഞ്ചിൽ. തലേ ദിവസത്തെ കാറ്റിലും മഴയിലും കുളിമുറിയുടെ താത്കാലിക ഷീറ്റ് കാറ്റെടുത്തിട്ടുണ്ടാകും. പിറ്റേന്ന് മേൽക്കൂരയില്ലാത്ത ആകാശം കാണുന്ന കുളിമുറികളിൽ കുഞ്ഞു കാലിൽ ആരും കാണാതെ കുനിഞ്ഞിരുന്നു ദേഹം വൃത്തിയാക്കിയ ദിനങ്ങളും മഴക്കാലം സമ്മാനിച്ചിട്ടുണ്ട് . കടുത്ത അധ്വാനഭാരം എല്ലാ രാത്രിയും മദ്യപിച്ചു വരുന്ന അച്ഛൻമാർ സമ്മാനിച്ചു. എല്ലാവീടിനും അത് ദിവസവുമുള്ള കലഹത്തിനും ഒച്ചപ്പാടുകൾക്കും തെറിപ്പാട്ടുകൾക്കും വഴിവയ്ക്കും. ഇതെല്ലാം കണ്ടു പുതിയ തലമുറ വളർന്നു കൊണ്ടേയിരുന്നു. എല്ലാത്തിനും മുൻപിൽ നിസ്സഹായതയോടെ നോക്കി നിന്നു. ജീവിതത്തിൽ എപ്പോഴും പിന്തുടർന്നു അത്. എല്ലാത്തിൽ നിന്നും ഉള്ള ഒളിച്ചോട്ടമായിരുന്നു. ആരുടെയും മുമ്പിൽ നിൽക്കാൻ കോൺഫിഡൻസ് ഇല്ലാത്ത സഭാകമ്പം ഇന്നും പിൻ തുടർന്നുകൊണ്ടേയിരിക്കുന്നു. പാതിവഴിയിൽ പഠനം ഉപേക്ഷിച്ച പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം ക്രിസ്ത്യൻ കന്യാസ്ത്രീ മഠങ്ങൾ അവർക്ക് സ്വാഗതമരുളി . വീട്ടുകാരെ സംബന്ധിച്ച് ഒന്നിൽ കൂടുതൽ പെൺകുട്ടികളാണെങ്കിൽ ഇളയകുട്ടിയെ ഒഴിച്ച് ബാക്കി എല്ലാവരേയും അത്തരം മഠങ്ങളിൽ പണിക്കയച്ചു. അകത്തളങ്ങളിൽ പണിയെടുക്കാൻ വിധിക്കപ്പെട്ട കുറേയേറെ പെൺജീവിതങ്ങൾ. പിന്നീട് അവർക്ക് ഇരുപത്തിമൂന്നോ നാലോ വയസ്സാകുമ്പോൾ വീടുകളിലേക്കുള്ള അവരുടെ തിരിച്ചുവരവ് ഒരു ഇടക്കാല പരോളു മാത്രമാണ്. കാരണം ഈ വരവിന് ഇടയ്ക്ക് ഏതെങ്കിലും വ്യക്തിയുമായി വിവാഹം ഉറപ്പിച്ച് വിവാഹം നടത്തി വിടുകയും ചെയ്യും. സാമ്പത്തികം ഒന്നും ഇല്ലാത്തതുകൊണ്ട് തന്നെ ചെന്നു കയറുന്നിടത്തെ സാഹചര്യങ്ങൾ വിശദീകരിക്കേണ്ടതില്ലല്ലോ. മറ്റു ചിലരാകട്ടെ പഠനം നിർത്തി വീട്ടുകാരെ സഹായിക്കുന്നതിനായി ടൗണിലെ തുണിക്കടകളിലും പടക്ക കടകളിലും മറ്റും ഒക്കെയായി ജീവിതം തുടരും. ഇവരുടെയും അവസാന രക്ഷപ്പെടൽ ഇത്തരത്തിലുള്ള വിവാഹം തന്നെ. അത് രക്ഷപ്പെടലാണോ കൊലക്കയർ ആണോ എന്നൊക്കെ പിന്നെ അറിയാം. ഇനി ഇതിൽ നിന്ന് രക്ഷപ്പെട്ട പഠിച്ചവരുടെ കാര്യമെടുക്കാം . ഗ്രാജുവേഷനും പോസ്റ്റ് ഗ്രാജുവേഷനും ഒക്കെ കഴിഞ്ഞ് ജോലിക്കുള്ള ശ്രമം തുടങ്ങുമ്പോഴേക്കും വിവാഹം മുന്നിൽ വന്നുനിൽക്കും. പഠിപ്പുള്ളതുകൊണ്ട് നല്ല ആലോചനകൾ ആവും വരുന്നത് എന്നു കരുതണ്ട. സാമ്പത്തിക പ്രശ്നങ്ങൾ ഉള്ളതുകൊണ്ടു തന്നെ ജീവിതം അങ്ങനെ തീരും. പിന്നീട് പഠനത്തെ സംബന്ധിക്കുന്ന കാര്യങ്ങളിലേക്കുള്ള ഒരു തിരിച്ചുവരവ് നടക്കാം നടക്കാതിരിക്കാം. ഒരു കോളനിയിൽ ജീവിക്കുന്ന പെൺകുട്ടിയെ സംബന്ധിച്ച് അവൾ അവളുടെ ബാല്യം, കൗമാരം യൗവനം വാർദ്ധക്യം വരെ ഓരോ ഘട്ടത്തിലും പലതരത്തിലുള്ള അതിജീവനത്തിന്റെ പാഠങ്ങൾ ഉൾക്കൊണ്ടു കൊണ്ടാണ് വളർന്നുവരുന്നത്. പൊതുസമൂഹത്തിൽ രണ്ടാം തരമായും മൂന്നാം തരമായും അവൾ മാറ്റിനിർത്തപ്പെടുന്നു . അവളെ പൊതുകാഴ്ചപ്പാടിലൂടെ മോശക്കാരിയായി കാണാനുള്ള പ്രവണത എപ്പോഴുമുണ്ടാകും. അവളുടെ വ്യക്തിത്വത്തെ ബോധ്യപ്പെടുത്തണമെങ്കിൽ ചെറുതൊന്നുമല്ല കഷ്ടപ്പെടേണ്ടി വരുന്നത്. വീടിനുള്ളിലെ ചട്ടക്കൂടിൽ അവൾക്ക് ഒരിക്കലും സുരക്ഷിതയായും സ്വതന്ത്രയായും തന്റെ ഇഷ്ടത്തിന് പൊതുസമൂഹത്തിൽ ജീവിക്കാൻ കഴിയാതെ വരുന്നു . ഈ കെട്ടുപാടുകളെ പൊട്ടിച്ചെറിഞ്ഞ് പുറത്ത് കടന്നവരും അതിനുള്ളിൽ തന്നെ ജീവിച്ചു തീർക്കുന്നതുമായ ഒരായിരം പെൺകുട്ടികളുണ്ട് നമുക്കിടയിൽ.



**ചർച്ചാവിഷയം**


ജുന സാജു

കാനഡയിൽ ജീവിതം
മുൻ ബിസിനസ്സ് അനലിസ്റ്റ്
എഴുത്തുകാരി

# അകത്തേക്ക് തുറക്കുന്ന

ഒരിക്കലും മറക്കാൻ പറ്റാത്ത ഒരു മഴക്കാലമായിരുന്നു അത്. സന്തോഷങ്ങളുടെ ചാറ്റൽ മഴയിൽ നിന്നും ഒരിക്കലും നിലയ്ക്കാത്ത സങ്കടത്തിന്റെ പെരുംമഴയിലേക്ക് ഒലിച്ചുപോയ ദിവസങ്ങൾ. മഴ തോർന്ന ഇടവേളയിൽ വെയിൽ പടർന്നിറങ്ങിയപ്പോൾ പുറത്തുപോയതായിരുന്നു ഞാൻ. വൈകുന്നേരം ആയപ്പോഴേക്കും ഇരുളടച്ചുവന്നു, വീണ്ടും മഴ. കൂടെ ഇലകളെയും മരക്കൊമ്പുകളെയും തല്ലിയുടച്ചുകൊണ്ട് വീശുന്ന കാറ്റ്... ആകെ ഇരുൾമയം. വഴിയിൽ ഒരടി നടക്കാൻ പറ്റാത്ത അവസ്ഥ. എങ്കിലും എല്ലാം പെട്ടെന്ന് നിലച്ചു. കാറ്റും മഴയും പരാതി പറഞ്ഞുപോയ വഴികളിൽ വന്മരങ്ങളും ചെടികളും തലകുനിച്ചുനിന്നു. പ്രളയത്തെ ഓർമ്മപ്പെടുത്തി, കാറ്റ് അടർത്തിയിട്ട മരച്ചില്ലകളും മഴത്തല്ലിൽ ഉതിർന്നുപോയ ഇലകളും കൊണ്ട് മൂടിക്കിടന്ന വഴിയിൽ ഞാൻ പകച്ചുനിന്നു.ചിലപ്പോഴങ്ങനെയാണ്, പ്രകൃതിയുടെ കളങ്കമില്ലാത്ത വികാരവിക്ഷോഭങ്ങളിൽ നമ്മൾ തീരെ ചെറുതായിപ്പോകും, ഒന്നുമല്ലാതെ.

വീട്ടിലെത്തുമ്പോൾ നന്നായി ഇരുട്ടി. അവിടെയും സ്ഥിതി ഒട്ടും വ്യത്യസ്തമായിരുന്നില്ല. കുലച്ച വാഴകളും ചില മരങ്ങളും പറമ്പിൽ കടപുഴകി വീണിരിക്കുന്നു. ഒരാൾ പൊക്കത്തിൽ ഇരുന്ന ഷെൽഫിന്റെ മുകളിൽ വച്ച ഫ്ളവർവെയസ് നിലത്തു തകർന്നു തരിപ്പണമായിക്കിടക്കുന്നു. ജനാലക്കരികെ തൂക്കിയിട്ടിരുന്ന, കുശാൽ നഗരത്തിൽ നിന്നും കൊണ്ടുവന്ന മണികൾ അടർന്നു വീണ് ചിന്നിച്ചിതറിയിട്ടുണ്ട്. എന്തുകൊണ്ടെന്നറിയില്ല ഹൃദയം വിറച്ചുകൊണ്ടിരുന്നു. ഇരുളിൽ ഇരുന്നു ആരോ എന്നോടു പറഞ്ഞുകൊണ്ടിരുന്നു, ഇത് സന്തോഷത്തിന്റെ ഒടുവിലത്തെ ദിനങ്ങളാണ്... ഓർക്കുക. വരാനിരിക്കുന്ന പെരുംമഴകളിൽ അടർന്നുവീഴുന്നത് ഇലകളും മരങ്ങളും മാത്രമാകില്ല. ഉടഞ്ഞുപോയ ചില്ലുകൾ നി



# ജാലകങ്ങൾ

**കാറ്റിലും മഴയിലും തനിച്ചു നിൽക്കുന്നൊരു വീട് സ്വപ്നം കണ്ടു ശ്വാസം കിട്ടാതെ ഞെട്ടിയുണരുമ്പോൾ, അവിടെ പുറത്ത് പോയ എന്നെയും കാത്ത് വഴിക്കണ്ണുമായി വാതിലടയ്ക്കാതെ ഇന്നും അച്ചനും അമ്മയും നിൽക്കുന്നുണ്ടെന്ന് മനസ്സ് വിഭ്രാന്തിപ്പെടുമ്പോൾ, ഇല്ലെന്നുള്ള യാഥാർത്ഥ്യത്തിലേക്ക് കരൾപിളർന്നു തിരിച്ചുപോകുമ്പോൾ, ഒക്കെയും ഇന്നും ഹൃദയം അതുപോലെ വിറച്ചുകൊണ്ടേയിരിക്കാറുണ്ട്.**

ത്തുനിന്നു പെറുക്കുന്ന അമ്മയെ നോക്കി അച്ഛൻ പറഞ്ഞു. ഇതിനുത്തരവാദി ഇവൾ തന്നെയാ... കാറ്റും കോളും കണ്ടപ്പോഴേ ഞാൻ പറഞ്ഞതാ മുന്നിലെ വാതിൽ അടയ്ക്കാൻ. മോള് കാറ്റിലും മഴയിലും പുറത്തെവിടെയോ നിൽക്കുമ്പോൾ ഞാനെങ്ങനെയാ വാതിലടക്കുന്നത് എന്ന് പറഞ്ഞു വാതിലടക്കാൻ കൂട്ടാക്കിയില്ല . കണ്ടോ, എന്നിട്ട് നിനക്കുപകരം അകത്തേക്ക് വന്നതൊരു കാറ്റും. ശരിയായിരുന്നു. എനിക്ക് പകരം അന്ന് അകത്തേക്ക് കയറിപ്പോയ കാറ്റ് പിന്നെയും പലതും പറഞ്ഞു. വരാനിരിക്കുന്ന മഴ ദിവസങ്ങളിൽ മുറ്റത്തിനോരത്തെ കള്ളിമുൾ ചെടികൾ പൊരിഞ്ഞുവീഴുമെന്നും, ഇടിമിന്നലിൽ തെങ്ങുകൾ കരിഞ്ഞുവീഴുമെന്നും, പിന്നെയും പലതും. ചിലപ്പോൾ അങ്ങനെയാണ്, പ്രകൃതി വരാനിരിക്കുന്ന പലതും നമ്മെ സൂചിപ്പിക്കാറുണ്ട്. അന്ന് ഹൃദയത്തിലുണ്ടായ വിറയൽ ഇന്നുമുണ്ടാകാറുണ്ട്.... കാറ്റിലും മഴയിലും തനിച്ചുനിൽക്കുന്നൊരു വീട് സ്വപ്നം കണ്ട് ശ്വാസം കിട്ടാതെ ഞെട്ടിയുണരുമ്പോൾ, അവിടെ പുറത്തുപോയ എന്നെയും കാത്ത് വഴിക്കണ്ണുമായി വാതിലടയ്ക്കാതെ ഇന്നും അച്ഛനും അമ്മയും നിൽക്കുന്നുണ്ടെന്ന് മനസ്സ് വിഭ്രാന്തിപ്പെടുമ്പോൾ, ഇല്ലെന്നുള്ള യാഥാർത്ഥ്യത്തിലേക്ക് കരൾപിളർന്നു തിരിച്ചുപോകുമ്പോൾ, ഒക്കെയും ഇന്നും ഹൃദയം അതുപോലെ വിറച്ചുകൊണ്ടേയിരിക്കാറുണ്ട്.

***************

എത്ര വേഗത്തിലാണ് വീട് വീടല്ലാതായിത്തീരുന്നത്. ഒരുവർഷത്തിനു ശേഷം സ്വന്തം മുറിയിൽ കിടന്നുറങ്ങുമ്പോൾ എന്നത്തേയും പോലെ രാവിലെ അമ്മ വന്നുണർത്തുമെന്നു പ്രതീക്ഷിച്ച് കട്ടിലിൽ തന്നെ വെറുതെ കിടന്നപ്പോൾ എനിക്കങ്ങനെ തോന്നി. പണ്ട് അമ്മ പതിവായി ഉണരാറുള്ള സമയം കഴിഞ്ഞിരിക്കുന്നു. കാത്തിരുന്നിട്ടും വിളിയൊന്നും കേൾക്കാതായപ്പോൾ, മെല്ലെ അമ്മയുറങ്ങുന്നിടത്തേക്ക് പോയി നോക്കി. ശാന്തമായി ഉറങ്ങുകയാണ്. ആ ശാന്തതയിലും വീടിന്റെ നിശ്ശബ്ദതയിലും എനിക്കങ്ങേയറ്റം സങ്കടവും ഭയവും തോന്നി. വേണമെങ്കിൽ അടുക്കളയിലേക്ക് പോകാം. പക്ഷെ നിശബ്ദയായി തിരിച്ചു പോയി തലയിണയിൽ മുഖം അമർത്തിക്കിടന്നു. അമ്മ വിളിക്കുമ്പോൾ മാത്രം എഴുന്നേൽക്കാം. ഇടയിൽ അച്ഛന്റെ കാൽപ്പെരുമാറ്റം കേട്ടു. അച്ഛനും അമ്മയെ നോക്കാൻ എഴുന്നേറ്റു വന്നിരിക്കുന്നു. മെല്ലെ എന്റെ വാതിലിനരികിലും വന്നു. പിന്നെ തിരിച്ചു പോയി കിടന്നു. അച്ഛനും അമ്മയോളം, അല്ലെങ്കിൽ അമ്മയെക്കാളും അവശതയിലായിരിക്കുന്നു.. കാത്തിരുന്ന് ഒടുവിൽ അമ്മ വന്നു വിളിച്ചപ്പോൾ, ഓ രാവിലെയായോ എന്ന ഭാവേനെ മെല്ലെ എഴുന്നേറ്റു കൂടെപ്പോയി. അമ്മയുടെ മുഖത്തെയും കൈകളിലെയും കാൽപ്പാദങ്ങളിലെയും കരുവാളിപ്പ് പകൽവെളിച്ചത്തിൽ കൂടുതൽ വ്യക്തമായി. പുതുതായി കിളിർത്തു തുടങ്ങിയ മുടികളെല്ലാം നരച്ചിരിക്കുന്നു. മുടിമുഴുവൻ പോയതിനു ശേഷം അമ്മ സ്കൈപ്പിൽ വീഡിയോ തീരെ ഓൺ ചെയ്യാറില്ലായിരുന്നു. ഒരുപാട് നിർബന്ധിച്ചാൽ വീഡിയോ ഓൺ ചെയ്തു കാമറ ജനാലക്കാഴ്ചകളിലേക്ക് തിരിച്ചു വയ്ക്കും. അതിലൂടെ ദൂരെ പഴയ തൊഴുത്തും, അതിനോട് ചേർത്ത് അമ്മയുണ്ടാക്കിയ മണ്ണിര കമ്പോസ്റ്റും ഞാൻ അവ്യക്തമായിക്കാണും.

ഉത്സവത്തിന്റെ ചെണ്ടകൊട്ട് കേൾപ്പിക്കാനും, പറമ്പിലൂടെ കടന്നുപോകുന്ന അയൽവീട്ടുകാരെ കാണാനുമൊക്കെയായി ജനാലകൾ ക്യാമറയ്ക്കു മുന്നിൽ മലർക്കെത്തുറന്നു വച്ച്, അമ്മ കാഴ്ചകൾക്കപ്പുറം മറഞ്ഞിരുന്നു. തലേന്ന് സന്ധ്യക്കായിരുന്നു വീട്ടിലേക്കെത്തിയത്. ഭർത്താവിന്റെ വീട് അധികം ദൂരെയൊന്നുമല്ല. അവിടുന്നു പുറപ്പെട്ടെന്നു കേൾക്കുമ്പോഴേ ഇരുട്ടിനെയും പാമ്പുകളെയും പഴുതാരകളെയും കണക്കാക്കാതെ അമ്മ വഴിയിൽ വന്നു, റോഡിൽ നിന്നും പറമ്പിലേക്ക് കയറുന്നിടത്ത് പാതികെട്ടിയ മതിലിൽ ഇരിക്കും. ഓട്ടോറിക്ഷ മുറ്റത്തോളം വരും. എങ്കിലും അമ്മ വഴിയിൽ തന്നെ വ

ന്നു കാത്തുനിൽക്കും. തലേന്ന് സന്ധ്യക്ക് എത്തിയപ്പോഴും നിറവ്യത്യാസങ്ങളൊക്കെ ശ്രദ്ധയിൽ പെട്ടിരുന്നെങ്കിലും ഇത്രയും ഭീകരമായി തോന്നിയിരുന്നില്ല. എത്രയുരച്ചു കഴുകിയിട്ടും പോകാത്ത കറകൾ പോലെ അവ തൊലിയിൽ ചേർന്നുപോയിരിക്കുന്നു. അമ്മ പക്ഷെ പതിവിലും സന്തോഷവതിയായിരുന്നു. അവധിക്കു വരുമ്പോൾ അമ്മയ്ക്ക് കൊടുക്കാൻ പറ്റിയ ഏറ്റവും നല്ല സമ്മാനവുമായാണ് ഞാൻ വന്നിരുന്നത്. ഒരു പേരക്കുട്ടി. അമ്മയുടേതെന്നല്ല വീട്ടിലെ തന്നെ ആദ്യത്തെ പേരക്കുട്ടിയാണ്. കഷ്ടിച്ച് രണ്ടുമാസം പ്രായം. കുട്ടിയെ കളിപ്പിക്കണം കുളിപ്പിക്കണം ഊട്ടണം ഉറക്കണം ഇങ്ങനെ എന്തുമാത്രം ആഗ്രഹങ്ങളായിരുന്നു അമ്മക്ക്. രാവിലത്തെ ഭക്ഷണവും, കുഞ്ഞിനെ മടിയിലിരുത്തി പതിവ് പേപ്പർ വായനയുമൊക്കെ കഴിഞ്ഞപ്പോൾ അമ്മ പറഞ്ഞു, ഇനി നമുക്കിവളെ കുളിപ്പിക്കാം.

കുളിപ്പിക്കാനുള്ള ചൂടുവെള്ളം കൊണ്ട് വന്നപ്പോഴേക്കും അമ്മ മുറ്റത്ത് അവളെയും കൊണ്ട് തയ്യാറായിക്കഴിഞ്ഞിരുന്നു. അമ്മ തന്നെ അവൾക്കായി വാങ്ങി വെച്ച നേർത്ത ഇഴകളുള്ള തോർത്ത് ചുമലിൽ ഇട്ടിട്ടുണ്ട്. നീട്ടിവച്ച കാലിൽ ചേർത്ത് വെച്ചു ഇളം ചൂടുവെള്ളം കുടഞ്ഞു കുളിപ്പിക്കാൻ തുടങ്ങിയതേയുണ്ടായിരുന്നുള്ളൂ. അമ്മ വിയർക്കുകയും കൈകൾ കുഴഞ്ഞു പോവുകയും ചെയ്തു. കാലിൽ കിടത്തിയ കുഞ്ഞിനെ എടുക്കാൻ എന്നോട് പറഞ്ഞു. ഇനി നീ കുളിപ്പിച്ചോളൂ എന്ന് പതിയെപ്പറഞ്ഞു അമ്മ അകത്തുപോയി കിടന്നു. അമ്മ തളർന്ന് കിടക്കുമ്പോഴാണ് വീട് ഏറ്റവും നിശ്ശബ്ദമാകുന്നത്. ആത്തമരങ്ങൾക്കു താഴെ സങ്കടങ്ങളുടെ ഇളവെയിലിലിരുന്നു ഞാൻ അവളെ കുളിപ്പിച്ചു. പിന്നീടൊരിക്കലും അമ്മയവളെ കുളിപ്പിക്കണമെന്നു ആഗ്രഹം പറഞ്ഞതേയില്ല.

****************************

എനിക്ക് മരിക്കാൻ പേടിയുണ്ടായിട്ടൊന്നുമല്ലേച്ചി, വല്ലപ്പോഴും എന്റെ മക്കൾ വീട്ടിലോട്ടു കയറി വരുമ്പോൾ ഒരുഗ്ലാസ്സ് വെള്ളം എടുത്ത് കൊടുക്കാൻ പോലും ആരുമില്ലാതായിപ്പോകുമല്ലോ എന്നോർക്കുമ്പോഴുള്ള സങ്കടം. അത്രേയുള്ളൂ. അടുക്കളവാതിലിനു ചേർന്ന് നിന്ന് അമ്മ തന്റെ ഇളയമ്മയോട് സങ്കടം പറയുന്നത് കേട്ടില്ലെന്ന് നടിച്ചു ഞാൻ ചായ തിളക്കുന്നതും നോക്കി നിന്നു. അമ്മയും അമ്മാവൻമ്മാരും അവരുടെ ഇളയമ്മമാരെ പണ്ടുതൊട്ടേ ചേച്ചീ എന്നാണ് അഭിസംബോധനചെയ്തിരുന്നത്. അടുക്കള വരാന്തയിൽ ഒരു പലകയിലിരുന്ന് അമ്മയെക്കേട്ടുകൊണ്ടിരുന്ന ആ അമ്മമ്മയുടെ കണ്ണ് നനഞ്ഞു. വിഷയം മാറ്റാനായി വരാന്തയിലെ തൂക്കണാംകുരുവിക്കൂട് ചൂണ്ടി ഇതിൽ പിന്നെ കിളികൾ വന്നോ അമ്മേ എന്ന് ഞാൻ വെറുതെ ചോദിച്ചു. അതൊക്കെ എന്നോ പറന്നു പോയില്ലേ എന്ന് സങ്കടങ്ങളിൽ പൊതിഞ്ഞൊരു മറുപടിയും തന്നു അമ്മ ടെറസിലേക്കു കയറിപ്പോയി.

ടെറസിൽ നിറയെ ചീരക്കൃഷിയുണ്ട് അമ്മക്ക്. ഉച്ചയൂണിനു ചീരയും, കോവക്ക മെഴുക്കുപുരട്ടിയും, കായപ്പുളിങ്കറിയുമുണ്ട്. എല്ലാം അമ്മയുടെ കൃഷിതന്നെ. ഒപ്പം ചെറിയ മത്തി പൊരിച്ചതുമുണ്ട്. വ്യാക്കൂൺ കാലത്തു പൊരിച്ച ചെറിയ മത്തി തിന്നാൻ വല്ലാതെ കൊതിതോന്നുന്നെന്ന് എപ്പഴോ പറഞ്ഞിരുന്നു. അന്നൊക്കെ കീമോയുടെ അസ്വാസ്ഥ്യങ്ങൾക്കിടയിലും അമ്മ മിക്ക ദിവസവും ഓൺലൈൻ വന്നിരുന്നു. ചേച്ചിയായിരുന്നു അമ്മയ്ക്ക് കൂട്ട്. അല്ലെങ്കിലും അമ്മയുടെ സങ്കടങ്ങളിൽ ചേച്ചിയോളം ചേർന്നിരിക്കുവാൻ എനിക്കൊരിക്കലും സാധിച്ചിട്ടില്ല. എന്റെ ഗർഭകാലത്ത് സാധിച്ചു തരാൻപറ്റാതെ പോയൊരാഗ്രഹം ആയതുകൊണ്ടാകാം, ഞാൻ വീട്ടിലേക്കു വന്നപ്പോൾ അമ്മ എല്ലാ ദിവസവും മത്തി പൊരിച്ചു തന്നു. എന്നും മത്തിയാണോ എന്ന് ഞാൻ ഒരിക്കലും അമ്മയോട് ചോദിച്ചതേയില്ല. എന്തുകൊണ്ടാണ് എന്നും മത്തിപൊരിക്കുന്നതെന്നു അമ്മയൊട്ട് പറഞ്ഞതുമില്ല.




************************

അമ്മ മരിച്ചു. ദിവസങ്ങൾക്കു ശേഷം അച്ഛനും. അന്നൊരു വിഷുവായിരുന്നു. ദൂരെ നിന്നും പടക്കങ്ങളും ശബ്ദങ്ങളും മറ്റാരവങ്ങളും അപ്പോഴും കേൾക്കുന്നുണ്ടായിരുന്നു. ഹൃദയത്തിൽ ദുഃഖത്തിന്റെ കർണ്ണികാരഭാരം. ചുറ്റും സഹതാപം, സ്നേഹം, ദയ. അടുത്ത വീട്ടിലെ ദേവിയേച്ചി അടുത്തുവന്നിരുന്ന് ആരോടെന്നില്ലാതെ പറഞ്ഞു. എന്നാലും അവര് തമ്മിലുള്ള മനപ്പൊരുത്തം നോക്കണേ, മരിച്ചിറ്റ് നാപ്പതിന്റന്നെന്നെ ഒളോനേം കൂടെ കൊണ്ടോയില്ലേ; ജനാലകൾക്കപ്പുറം പാഷൻ ഫ്രൂട്ട് വള്ളികൾക്കിടയിലൂടെ എത്ര ശ്രമിച്ചിട്ടും തടുക്കാനാവാതെ അനാഥത്വത്തിന്റെ പൊരിവെയിൽ വീട്ടിനകത്തേക്ക് ഇറങ്ങി വന്നു.



വീടിനെക്കുറിച്ചുള്ള ഓർമ്മകൾ ഇന്ന് പൊടിഞ്ഞുകിടക്കുന്ന ശലഭച്ചിറകുകൾ പോലെ വീർപ്പുമുട്ടിക്കുന്നു. ഒരു കാലമത്രയും സ്നേഹവും പരിഭവങ്ങളും കൊണ്ട് വീർപ്പുമുട്ടിച്ച വീട്.. പിന്നൊരിക്കൽ കണ്ണടച്ചു തുറന്നപ്പോഴേക്കും എന്നപോലെ ഓർമ്മകളെയും എന്നെയും മാത്രം അവശേഷിപ്പിച്ച വീട്. അച്ചാച്ചന്റെ പഴമുറിക്കുള്ളിൽ അത്യാവശ്യമുള്ളതൊക്കെയും എടുത്തുവച്ചു വീടടച്ചു ഒടുവിൽ മടങ്ങുമ്പോൾ, ടെറസിൽ അമ്മ അവസാനമായി പാകിയ ചീര വിത്തുകൾ വേനൽ മഴയിൽ മുളച്ച് പൊങ്ങിയിരുന്നു. തിരിഞ്ഞു നോക്കാതെ നടക്കണം എന്നുണ്ടായിരുന്നു...ഇടയിലെപ്പോഴോ അച്ഛൻ പിന്നിൽ നിന്നും വിളിച്ചു ചോദിച്ചു മോളെ, എല്ലാം എടുത്തല്ലോ...സൂക്ഷിച്ചു പോകണേ. തിരിഞ്ഞു നോക്കാതിരിക്കാൻ കഴിഞ്ഞില്ല അവിടെ ആരുമില്ലെന്നും, ഒക്കെ വെറുതെയാണെന്നറിഞ്ഞിട്ടും.

നിങ്ങൾ എന്നെങ്കിലും ആരും കാത്തിരിക്കാനില്ലാത്ത വീട്ടിലേക്കു കയറിച്ചെന്നിട്ടുണ്ടോ? മഞ്ചാടിമണികളും ഇലഞ്ഞിപ്പൂവുകളും വീണുകിടക്കാറുണ്ടായിരുന്ന വഴിയിലൂടെ, തൊട്ടാവാടിയുടെ അപരിചിതത്വത്തിന്റെ മുൾക്കുത്തേറ്റു സ്വന്തം വീടിന്റെ മുറ്റത്തേക്ക് നടന്നു പോയിട്ടുണ്ടോ? സങ്കടമായിരുന്നു. എത്ര ശ്രമിച്ചിട്ടും കരയാതിരിക്കാനായില്ല. അമ്മ കാത്തുനിൽക്കാറുണ്ടായിരുന്നിടത്ത് കാട്ടുപൊന്തകൾ ഇരുളൊളിപ്പിച്ചു വച്ചിരിക്കുന്നു. തൊടിയാകെ പടർന്ന കാട്ടുചെടികൾക്കിടയിൽ നിന്നും അമ്മ നട്ട വെളുത്ത മൊസാണ്ട ഒരുകുല പൂ എനിക്ക് നേരെ നീട്ടി. എത്ര കൊതിച്ചിട്ടുണ്ട് അതൊന്നു പൂവിട്ടു കാണാൻ എന്ന് അന്നേരം ഓർത്തുപോയി. പടർന്നു പന്തലിച്ച മരങ്ങൾക്കിടയിൽ വീട് മറഞ്ഞിരുന്നു. ഓരോഭാഗങ്ങളായി നശിച്ചു തുടങ്ങിയിരിക്കുന്നു. മഴക്കാലമായിരുന്നു. മുറ്റത്തിനോരത്ത് കാക്കപ്പൂക്കൾ വിരിഞ്ഞുകിടന്നു. ഓണക്കാലത്ത് കൂവയിലക്കൂടകളുമായി കാക്കപ്പൂവുകളും തുമ്പകളും തേടിപ്പോകുന്നതോർമ്മവന്നു. പുറത്തെ ഗോവണിയിലൂടെ ടെറസിലേക്കു കയറിയപ്പോൾ പായലിന്റെ വഴുവഴുപ്പിൽ കാൽ ഇടയ്ക്കൊന്നു തെന്നി. മുകളിൽ നിന്നും താഴേക്ക് നോക്കി. ഓർമ്മകളെ ഞെരിച്ചമർത്തിക്കൊണ്ടു കാട്ടുചെടികൾ പടർന്നുകയറിയിരിക്കുന്നു. ടെറസിൽ മണ്ണൊലിച്ചു കിടപ്പുണ്ട്. മുകളിലേക്ക് വലിച്ചു കെട്ടിയ കയറിൽ ഇപ്പോഴും മരതകമണികൾ പോലെ പച്ചകോവക്കകൾ തൂങ്ങിക്കിടക്കുന്നു. മരിച്ചുപോയവരല്ല, ജീവിച്ചിരിക്കുന്നവരാണ് യഥാർത്ഥത്തിൽ മരിച്ചുപോയതെന്ന് വീട് അപ്പോൾ എന്നോട് സങ്കടം പറഞ്ഞു.



ചർച്ചാവിഷയം

കെ.ആർ. രാഗി
കോഴിക്കോട് ഗവ. ആർട്ട്സ് & സയൻസ് കോളേജിൽ ഇംഗ്ലീഷ് വിഭാഗം അധ്യാപിക



# കട്ടക്കറുപ്പ്

**വ**തിവുള്ള ഒന്ന് എന്റെ വീട്ടിലില്ല. മുറിയിൽ കണ്ണാടി വയ്ക്കുന്നതിനു പകരം അകത്തളത്തിൽ, നാലാമത്തെ തൂണിൻമേൽ അഞ്ചടിക്കുമേലെ പൊക്കമുള്ള ഒരു നിലക്കണ്ണാടി ഞാൻ തന്നെയാണ് വയ്പ്പിച്ചത്. ഇന്ന് അതിൽ നോക്കിയപ്പോൾ എന്റെ മുഖം ഇങ്ങനെയല്ല വേണ്ടതെന്ന് തോന്നി. നെറ്റിയിലെ കണ്ണഞ്ചിപ്പിക്കുന്ന കുങ്കുമപ്പൊട്ട് രണ്ടാമതൊന്നും ചിന്തിക്കാതെ മായ്ച്ചുകളഞ്ഞു. നല്ല ആവണക്കെണ്ണയിട്ട് ചാലിച്ച കരിമഷി എടുത്ത് വട്ടത്തിൽ പൊട്ടു തൊട്ടു . മനസ്സിലെ തിളക്കമെല്ലാം കൺമഷിയിൽ കുരുങ്ങി . ഇതാണ്, ഇതാണെന്റെ ഉന്മാദത്തിന്റെ കേന്ദ്രബിന്ദു.ചോരയിലല്ല, കറുപ്പിൽ. എണ്ണക്കറുപ്പ്. എന്റെ വീടിന്റെ നിലം പോലെ തണുത്ത ഉന്മാദം.

**നല്ല ആവണക്കെണ്ണയിട്ട് ചാലിച്ച കരിമഷി എടുത്ത് വട്ടത്തിൽ പൊട്ടു തൊട്ടു . മനസ്സിലെ തിളക്കമെല്ലാം കൺമഷിയിൽ കുരുങ്ങി . ഇതാണ്, ഇതാണെന്റെ ഉന്മാദത്തിന്റെ കേന്ദ്രബിന്ദു. ചോരയിലല്ല, കറുപ്പിൽ. എണ്ണക്കറുപ്പ്. എന്റെ വീടിന്റെ നിലം പോലെ തണുത്ത ഉന്മാദം.**

അകത്തു ഞാൻ പാടിയ പാട്ടെല്ലാം കോലായിയിൽ നിന്നും പുറത്തെ വിശാലമായ കുരുക്കിൽ തടഞ്ഞു തിരിച്ചുവരാൻ പറ്റാത്തവണ്ണം അലഞ്ഞു തിരിഞ്ഞു.നേര്യതിന്റെ തലപ്പിൽ ഒരിറ്റ് കൺമഷി പടർന്നു കിടന്നു. അലക്കുവോളം കറുത്തിരിക്കട്ടെ.കട്ടക്കറുപ്പ്.

കുറച്ച് വർഷങ്ങൾക്കു മുന്നെയാണ്. ഒരു യൂറോപ്യൻ നാടകകൃത്ത് ... ആരാണ്.... യെസ്... ഇബ്സൻ. അയാളുടെയൊരു നാടകം വായിച്ചു. അതിലെ ഭാര്യ വീടുവിട്ടു ഇറങ്ങുന്നുണ്ട്. എങ്ങോട്ടെന്നില്ലാതെ. ഞാൻ പക്ഷെ ഇറങ്ങുകയല്ല, ഈ വീട്ടിലേക്ക് കേറുകയാണ് ചെയ്തത്. അവനവനിടം എന്നുള്ളത് ഓരോരുത്തർക്കും എത്ര വ്യത്യസ്തമായ സങ്കൽപ്പമാണെന്ന് എന്റെയുള്ളിലെ എഴുത്തുകാരിയെന്നവൾ താത്വികമായി ചിന്തിച്ചു.

**അലഞ്ഞു തിരിഞ്ഞ പാട്ടിനെ മൂളിയെടുത്താണ് അവൻ വന്നത്. ഞാനതറിഞ്ഞു. അവസാന നൂലിഴയും അടർന്നു മാറ്റുമ്പോൾ അവനെന്നോട് ചോദിച്ചു, 'നിന്റെ സങ്കൽപ്പത്തിലെ ഏത് ചായമാണ് ഞാൻ? ചുവപ്പോ? തിളയ്ക്കുന്ന ചുവപ്പ്?' മുറിയിൽ സിരയിൽ നിന്നും ഒഴുകിയ ചോരയ്ക്ക് അന്നേരം കറുത്ത് കട്ടയായ ചോരയുടെ ഗന്ധമായിരുന്നു. തളത്തിലെ കണ്ണാടിയിൽ മിന്നിവെട്ടിയ ഒരു കറുത്ത വട്ടപ്പുള്ളി ഞാൻ ഇവിടെ കിടന്നു കണ്ടു. അതിനും തറയിൽ വിരിച്ച കറുത്ത കല്ലിന്റെ തണുപ്പ്.**

ഇവിടെ ഒരു മുറി ഒഴിഞ്ഞിട്ട് വെച്ചിട്ടുണ്ട്. എന്റെ ഏറ്റവും പ്രിയപ്പെട്ടവർക്ക് ആവോളം എപ്പോൾ വേണമെങ്കിലും വന്ന് താമസിക്കാൻ.നിറച്ചും അലമാരകളുള്ള മുറി.ഏതെല്ലാം വസന്തങ്ങളും, കൊടുങ്കാറ്റും, പേമാരിയും കൊണ്ടാണവർ വരുന്നതെന്ന് പറയാൻ പറ്റില്ല. അതെല്ലാം വയ്ക്കാൻ സ്ഥലം വേണമല്ലോ. ഇനിയൊരു രസമുണ്ട്. എന്റെയടുത്ത് ഒരുപാട് ചായങ്ങളുണ്ട്. ദേഹത്തും ചുമരിലും നിലത്തും വേണമെങ്കിൽ ക്യാൻവാസിലും തേയ്ക്കാം അവ.

അവൻ വരുന്നതും കാത്ത് ഞാനിന്ന് ഇരിയ്ക്കുന്നതും എപ്പോഴത്തേയും പോലെയാണ്. അവൻ എന്നെ കാണാനാഗ്രഹിയ്ക്കുന്നതുപോലെ ഒരുങ്ങുന്നതിനേക്കാൾ എനിക്കിഷ്ടം മറ്റൊന്നാണ്. എനിക്കെന്നെ തന്നെ ഒരുക്കാൻ ഇഷ്ടമുള്ളതുപോലെ ഒരുങ്ങി അവനത് ഇഷ്ടപ്പെടുന്നത് സങ്കൽപ്പിക്കും. ഇഷ്ടവും ഒരു സങ്കൽപ്പമെന്നതു പോലെ തന്നെ ഈ ചായങ്ങളും സങ്കൽപ്പം തന്നെ. അയാളെന്നെ തള്ളിപ്പറഞ്ഞത് സങ്കൽപ്പജീവി എന്ന് വിളിച്ചിട്ടാണ്. ഊറി ചിരിക്കട്ടെ ഞാൻ. എന്റെ സങ്കൽപ്പത്തിനൊത്ത് അയാൾ തുള്ളിയത് അയാൾപ്പോലും അറിഞ്ഞില്ല. പാവം.

— — –

അലഞ്ഞു തിരിഞ്ഞ പാട്ടിനെ മൂളിയെടുത്താണ് അവൻ വന്നത്. ഞാനതറിഞ്ഞു. അവസാന നൂലിഴയും അടർന്നു മാറ്റുമ്പോൾ അവനെന്നോട് ചോദിച്ചു,

'നിന്റെ സങ്കൽപ്പത്തിലെ ഏത് ചായമാണ് ഞാൻ? ചുവപ്പോ? തിളയ്ക്കുന്ന ചുവപ്പ്?'

മുറിയിൽ സിരയിൽ നിന്നും ഒഴുകിയ ചോരയ്ക്ക് അന്നേരം കറുത്ത് കട്ടയായ ചോരയുടെ ഗന്ധമായിരുന്നു. തളത്തിലെ കണ്ണാടിയിൽ മിന്നിവെട്ടിയ ഒരു കറുത്ത വട്ടപ്പുള്ളി ഞാൻ ഇവിടെ കിടന്നു കണ്ടു. അതിനും തറയിൽ വിരിച്ച കറുത്ത കല്ലിന്റെ തണുപ്പ്.

'അല്ല, കറുപ്പാണ്. എന്റെ നേര്യതിന്റെ വെളുപ്പിൽ കറുത്തിരുണ്ടു കിടക്കുന്ന തണുത്ത കറുപ്പ് .' 'ഈ ചമയങ്ങളിൽ, നീ ഉടുത്തിരുന്ന നേര്യത്തിൽ.... നീ സുന്ദരിയാണ്.'വീടൊന്നു ഊറി ചിരിച്ചു.

അയാൾ പോയതിന്റെ പിന്നാലെത്തന്നെ അഴിച്ചിട്ടിരുന്ന ഷോർട്സും ടീ ഷർട്ടും എടുത്തിട്ടു. കൂട്ടുകാർ കളിയാക്കി വിളിക്കുന്ന ലേബർ റൂമിലേക്ക് ഞാൻ കയറി. അവിടെ കടലാസിന്റെ വെള്ളക്കറ നീക്കാൻ കറുത്ത മഷിപ്പേനയുണ്ട്. ഞാനൊന്ന് ഊറിച്ചിരിച്ച് വാതിലടച്ചു.

ചർച്ചാവിഷയം

സി.ഹരിത

**എഞ്ചിനീയർ**
**കെട്ടിട നിർമ്മാണത്തിൽ നൂതന പരീക്ഷണങ്ങൾ നടത്തുന്ന**
**അറിയപ്പെടുന്ന ആർക്കിടെക്ട്**



# വീടിന്റെ പെണ്ണിടങ്ങൾ



ഒരു ശരാശരി മലയാളി വീടിനൊരു അധികാര ശ്രേണി (Hierarchy) ഉണ്ട്. മതിലും ഗേറ്റും കടന്നാൽ ഉമ്മറം, സ്വീകരണമുറി, ഊൺമുറി, അടുക്കള കിടപ്പുമുറികൾ... എന്നിങ്ങനെ. ഇതിനെ ലംഘിക്കുന്ന വീടുകൾ കുറവാണ്. എന്തുകൊണ്ടായിരിക്കാം നമ്മുടെ വീടുകൾക്കീരീതി ഉള്ളത്? ഒരു അമ്മക്കും കുഞ്ഞിനും മാത്രം താമസിക്കാനായി ഒരു വീട് രൂപകൽപ്പന ചെയ്യേണ്ടി വന്നപ്പോഴാണ് ഗൗരവമായി ഇതിനെക്കുറിച്ച് ആലോചിച്ചത്. സ്വാതന്ത്ര്യത്തിന്റെ ഒരാഘോഷമായി തോന്നി ആ ഡിസൈൻ ചർച്ചകൾ. ഉമ്മറത്തു നിന്നും അടുക്കളയിലേക്കും സ്വീകരണമുറിയിലേക്കും ഒരു പോലെ കയറാവുന്ന ഒരു വീടാണ് അന്ന് ഉരുത്തിരിഞ്ഞു വന്നത്. ഒരു സ്ത്രീ കുടുംബനാഥയാകുമ്പോൾ മാത്രം സാധ്യമായേക്കാവുന്ന ഒന്നായി തോന്നി അത്. ഉമ്മറത്തിരുന്നു പത്രം വായിക്കുന്ന അച്ഛനും അടുക്കളയിൽ ഭക്ഷണം ഉണ്ടാക്കുന്ന അമ്മയും എന്ന രീതി മാറി വന്നാൽ വീടുകൾക്കീ വിധത്തിൽ തീർച്ചയായി മാറാൻ കഴിയും. അങ്ങനെ നോക്കുമ്പോൾ നമ്മുടെ വീടുകൾ തീർച്ചയായും സ്ത്രീയും പുരുഷനും തമ്മിൽ നിലനിൽക്കുന്ന വേർതിരിവുകളെ/ സമാനതകളെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ്.

വീടുണ്ടാക്കുക എന്നത് ഇക്കാലത്ത് ഒരു പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് കൂടിയാണ്. എന്താണ് വീടെന്ന നമ്മുടെ സങ്കല്പം? അത് സ്ത്രീയ്ക്കും പുരുഷനും ഒരു പോലെയാണോ? പുരുഷനും സ്ത്രീയും പ്രായമുള്ളവരും ഇല്ലാത്തവരും സമൂഹം അനുശാസിക്കുന്ന നിലക്ക് അടങ്ങിയൊതുങ്ങി കഴിയുന്ന കെട്ടിടം എന്നതിനപ്പുറം തങ്ങളുടെ വ്യക്തിത്വത്തിന്റേയും ആത്മാവിഷ്ക്കാരത്തിന്റെയും പ്രകാശനത്തിനുള്ള സ്വാഭാവിക വേദിയായി മാറി വരുന്നുണ്ട് വീടുകളെക്കുറിച്ചുള്ള നമ്മുടെ സങ്കൽപ്പം. ത

ന്റെ അരാജകത്വമോ മടിയോ ജോലിയോടുള്ള അമിതപ്രണയമോ പാട്ടിനോടും വരയോടുമുള്ള അഭിനിവേശമോ ഇതൊന്നുമല്ലാത്ത അസ്സൽ കിറുക്കോ- അങ്ങനെ എന്തും നിർഭയം പ്രകടിപ്പിക്കാവുന്ന ഇടമാവുന്നു വീടുകൾ. വീടുകൾക്കുള്ളിലെ ലിംഗസമത്വത്തിന്റെ, വീട്ടുജോലികളുടെ നിയതമായ വീതം വെക്കലിലെ മാറ്റത്തിന്റെയൊക്കെ പ്രതിഫലനം കൂടിയാവണം വീടുകൾ. എന്നാൽ പ്രായോഗികവും സാങ്കേതികവുമായ കേവല മാറ്റങ്ങൾക്കപ്പുറം വീടുകളുടെ പൊതുവായ ടൈപ്പോളജിക്ക് വലിയ രൂപാന്തരം വന്നിട്ടില്ലെന്ന് കാണാം. അതുകൊണ്ടാണ് ഇത്തിരി ഓപ്പൺ ആയ അടുക്കളകൾ വന്നു തുടങ്ങുമ്പോഴും അതെല്ലാം ഇപ്പോഴും പിന്നാമ്പുറത്തു തന്നെ ആയി പോകുന്നത്.

നമ്മുടെ വീടുകളിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള വേർതിരിവുകൾ നേരിട്ട് വായിച്ചെടുക്കാൻ ഒരുപക്ഷേ എളുപ്പമായിരിക്കില്ല . എന്നാൽ, പൊതുവായ – സ്വകാര്യമായ ഇടങ്ങളിൽ വ്യത്യാസം പെട്ടെന്ന് മനസ്സിലാക്കാം. സ്വകാര്യമായ ഇടങ്ങൾ മിക്കവാറും സ്ത്രീകളുടെ ആവശ്യമാണ് . വീടുകളിൽ നമ്മൾ ഇരിക്കുന്നതും കഴിക്കുന്നതും പാചകം ചെയ്യുന്നതുമായ ഇടങ്ങൾക്ക് വല്ലാത്ത സ്വകാര്യത ആവശ്യപ്പെടാറുണ്ട് . വീടുകൾ പൂർണമായും പ്രകൃതിയിലേക്കു തുറക്കുക എന്നതാണ് അതിൽ ജീവൻ കൊണ്ടുവരാനുള്ള പ്രധാനമാർഗ്ഗം. പക്ഷേ ഊൺ മുറിയിൽ നിന്നും പൂന്തോട്ടത്തിലേക്ക് തുറക്കുന്ന ആ വലിയ വാതിൽ ശരിക്കും സുരക്ഷിതമാണോ? ഈ നടുമുറ്റം ഒരു മേൽക്കൂര കൊണ്ടടക്കാമോ? മതിലിനു പത്തടി നീളമാക്കാമോ? ജനലിന് കുറച്ചുകൂടി അടുപ്പിച്ചു ഗ്രിൽ പിടിപ്പിക്കാനാവുമോ? തുടങ്ങിയ ചോദ്യങ്ങൾ ധാരാളമായി കേൾക്കാറുണ്ട് .കെട്ടിപ്പൂട്ടി വയ്ക്കേണ്ട ഒരു നിധിയാണ് നമ്മളും നമ്മുടെ കുടുംബവും എന്നൊരു തോന്നൽ പൊതുവെയുണ്ട്. കൂടുതൽ സ്വകാര്യത ആവശ്യപ്പെടുന്ന ഇടങ്ങളെല്ലാം മിക്കവാറും സ്ത്രീകൾ കൂടുതൽ ഉപയോഗിക്കാൻ സാധ്യതയുള്ള ഇടങ്ങളാണ് . അടുക്കളയ്ക്കും ഊൺമുറിക്കുമെല്ലാം എന്തിനാണ് ഇത്ര സ്വകാര്യത? നഗരങ്ങളും രാത്രിയും വീണ്ടെടുക്കുന്നതോടൊപ്പം നമുക്ക് നമ്മുടെ വീടുകളേയും വീണ്ടെടുക്കാനാവുമോ?

വീട് വയ്ക്കാനായി സ്വപ്നങ്ങൾ പങ്കുവയ്ക്കാൻ വരുന്നവർ മിക്കവാറും ഇപ്പോൾ പങ്കാളികളേയും കുട്ടികളെയും കൊണ്ടു വരാറുണ്ട് . ചില കുടുംബങ്ങളിലെങ്കിലും ഭാര്യയും ഭർത്താവും കൂടി ചേർന്നു തന്നെയാണ് സ്വപ്നങ്ങൾ നെയ്യുന്നത്.അത് സന്തോഷകരമായ കാര്യം തന്നെ. പക്ഷെ അപ്പോൾ പോലും പൂട്ടിവെക്കേണ്ട നിധികളായി വീടുകൾക്കുള്ളിൽ ഇരിക്കാൻ അവർ ആഗ്രഹിക്കുന്നു. വീടുകൾ കൂടുതൽ മനോഹരമാകുന്നത് അതു നമ്മുടെ ജീവിതം ആഘോഷിക്കാനുള്ള ഇടങ്ങളാവുമ്പോഴാണ്

**വീടുകൾ പൂർണമായും പ്രകൃതിയിലേക്കു തുറക്കുക എന്നതാണ് അതിൽ ജീവൻ കൊണ്ടുവരാനുള്ള പ്രധാനമാർഗ്ഗം. പക്ഷേ ഊൺ മുറിയിൽ നിന്നും പൂന്തോട്ടത്തിലേക്ക് തുറക്കുന്ന ആ വലിയ വാതിൽ ശരിക്കും സുരക്ഷിതമാണോ? ഈ നടുമുറ്റം ഒരു മേൽക്കൂര കൊണ്ടടക്കാമോ? മതിലിനു പത്തടി നീളമാക്കാമോ? ജനലിന് കുറച്ചുകൂടി അടുപ്പിച്ചു ഗ്രിൽ പിടിപ്പിക്കാനാവുമോ? തുടങ്ങിയ ചോദ്യങ്ങൾ ധാരാളമായി കേൾക്കാറുണ്ട് .**

.പ്രകൃതിയും വീടും തമ്മിൽ തിരിച്ചറിയാൻ പറ്റാത്തവിധം കൂടിക്കലരുമ്പോഴാണ് വീടിന്റെ ഓരോ മുക്കിലും മൂലയിലും നമ്മുടെ കൈ പതിയുമ്പോഴാണ് കെട്ടിടം വീടാകുന്നത് .

ഇനി വീടുണ്ടാക്കുന്ന സ്ത്രീകളുടെ കാര്യമാണെങ്കിലോ? പുരുഷകേന്ദ്രീകൃതമായ ഒരു മേഖലയിലേക്ക് വളരെ ബുദ്ധിമുട്ടി തന്നെയാണ് സ്ത്രീകൾ കടന്നുവന്നു തങ്ങളുടെ ഇടം കണ്ടെത്തുന്നത്. നന്നായി പ്രാക്ടീസ് ചെയ്യുന്ന പ്രമുഖരായ ഒരുപിടി നല്ല സ്ത്രീ വാസ്തുശിൽപികൾ ഇന്ത്യയിലുണ്ട്. ഇവരുടേതൊന്നും അത്ര സുഗമമായ യാത്രയായിരുന്നില്ല . ക്രിയാത്മകമായി ചിന്തിക്കാനും രൂപകൽപന ചെയ്യാനും പ്രകൃതിയോട് അനുയോജ്യമായി വീടു പണിയാനും സ്ത്രീകൾ സമർത്ഥരാണ്. ഡമോക്രാറ്റിക്കായ, ന്യൂട്രലായ ഇടങ്ങൾ സൃഷ്ടിക്കാൻ നേതൃത്വപരമായ പങ്ക് സ്ത്രീകളായ ആർക്കിടെക്റ്റുകൾക്കുണ്ട് . ഓരോ വ്യക്തിയുടെയും താൽപര്യങ്ങൾക്കനുസരിച്ചാണ് വീട്ടിലെ ഓരോ ഇടങ്ങളും രൂപകല്പന ചെയ്യേണ്ടതെന്നും. അതല്ലാതെ പെൺകുട്ടികളുടെ മുറിക്ക് പിങ്ക് നിറം മതിയെന്ന മട്ട് വാർപ്പച്ചടി വാദങ്ങളെ തിരുത്തുന്നതിലും സ്ത്രീകളായ


ആർക്കിടെക്റ്റുകൾക്ക് ഏറെ ചെയ്യാനുണ്ട്.

കൂടുതൽ ശേഷിയുള്ളവർ പ്രകൃതിയെ, അതിന്റെ വിഭവങ്ങളെ കൂടുതൽ ചൂഷണം ചെയ്യുന്നതിന്റെ മറ്റൊരു പതിപ്പ് തന്നെയാണല്ലോ അധികാരശ്രേണിയിൽ മുന്നിൽ വരുന്ന പുരുഷൻ വീടുകളിലെ സ്ത്രീകളുടെ മേൽ അത് പ്രയോഗിക്കുന്നത് .കൂടുതൽ ജൻഡർ ന്യൂട്രൽ ആയ വീടുകൾ എന്നതിന്റെ വിശാലമായ അർത്ഥം ആ നിലക്ക് കൂടുതൽ പ്രകൃതി സൗഹൃദം ആവുക എന്നതും കൂടിയാണ് . അത്രയ്ക്ക് പരസ്പര ബന്ധമുണ്ട് ഈ രണ്ട് വസ്തുതകൾക്കും . വീടിനകത്തെ ഇടങ്ങളിൽ ഈ അധികാരശ്രേണി പല അടരുകളായി ദൃശ്യമാകുന്നുണ്ട്. മുറപ്രകാരം ഉള്ളതും അല്ലാത്തതുമായ, പൊതുവായതും സ്വകാര്യമായതുമായ പുരുഷന്മാരുടെയും സ്ത്രീകളുടേതുമായ അങ്ങനെ പല നിലക്കുള്ള ഇടങ്ങൾ വീടുകളെക്കുറിച്ചുള്ള ജനാധിപത്യപരമായ പുതു സങ്കല്പം ഈ അടരുകളെ റദ്ദാക്കുകയും കുറേക്കൂടി തുറസ്സായ, ഭിത്തികൾ കുറഞ്ഞ എന്നാൽ ഓരോരോ സന്ദർഭത്തിനനുസരിച്ച് രൂപവും സ്വഭാവവും മാറുന്ന മൾട്ടിയൂട്ടിലിറ്റി സ്പെയ്സുകളായി മാറുന്നുണ്ട്.

ആത്യന്തികമായി പ്രകൃതിദുരന്തവും വനനശീകരണവും എല്ലാം ബാധിക്കുന്നത് സ്ത്രീകളെയും കുട്ടികളെയുമാണ് എന്നതുകൊണ്ടുതന്നെ കൂടുതൽ വിവേകത്തോടെ പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കാനും പ്രകൃതിയോട് കൂടുതൽ മമത കാണിക്കാനും സ്ത്രീകൾക്ക് കൂടുതൽ കഴിവുണ്ടെന്നാണ് പറയപ്പെടുന്നത്. എന്നാൽ ആർക്കിടെക്ചർ കോളേജുകളിൽ പഠിച്ചു പാസാവുന്ന വലിയൊരു വിഭാഗം പെൺകുട്ടികളും പിന്നീട് വാസ്തുശിൽപ രൂപകല്പനയിൽ നിന്നും മാറി നിൽക്കുന്നതായി കാണുന്നു .സ്ത്രീകൾ സിനിമയെടുക്കുമ്പോൾ സ്ത്രീവിരുദ്ധ പരാമർശങ്ങൾ കുറയുന്നതുപോലെ സ്ത്രീകൾ വീടുകൾ പണിയുമ്പോൾ നിലവിലുള്ള ഇടങ്ങൾ തീർക്കുന്ന അധികാരമേൽക്കോയ്മയുടെ ആരോഗ്യകരമല്ലാത്ത കൊണ്ടാടലുകളെ പതിയെയെങ്കിലും മാറ്റി പണിയാൻ സാധിക്കും എന്നതിൽ തർക്കമില്ല.

ഇനി തൊഴിലിടങ്ങളിലേക്ക് ചെല്ലുമ്പോൾ ആവട്ടെ ജെൻഡർ അതിന്റെ ഒരു പരിഗണന പോലും പലപ്പോഴും നമ്മുടെ കെട്ടിട രൂപകല്പനയിൽ ഇല്ല എന്നുകാണാം. നിറയെ സ്ത്രീകൾ ജോലി ചെയ്യുന്ന സ്കൂളുകളിൽ, മാളുകളിൽ, ആശുപത്രികളിൽ എത്ര കെട്ടിടങ്ങൾ പേരിനെങ്കിലും സ്ത്രീസൗഹൃദപരമാണ്? വൃത്തിയുള്ള ശുചിമുറികളുടെ കാര്യം പോട്ടെ. എട്ടും പത്തും മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുന്ന മുലയൂട്ടുന്ന അമ്മമാർക്ക് ഒരു ബ്രസ്റ്റ്പമ്പ് ഉപയോഗിക്കാൻ, കെട്ടിക്കിടക്കുന്ന പാലൊന്ന് ഒഴുക്കി കളയാൻ. വൃത്തിയുള്ള തീർത്തും

**കൂടുതൽ ശേഷിയുള്ളവർ പ്രകൃതിയെ അതിന്റെ വിഭവങ്ങളെ കൂടുതൽ ചൂഷണം ചെയ്യുന്നതിന്റെ മറ്റൊരു പതിപ്പ് തന്നെയാണല്ലോ അധികാരശ്രേണിയിൽ മുന്നിൽ വരുന്ന പുരുഷൻ വീടുകളിലെ സ്ത്രീകളുടെ മേൽ അത് പ്രയോഗിക്കുന്നത് .**



സ്വകാര്യമായ മുറിയുള്ള ഒരു ഓഫീസ് എങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ? നീണ്ട രാത്രി ഷിഫ്റ്റുകളിൽ ഒട്ടുമേ വൃത്തിയില്ലാത്ത ബാത്ത്റൂം വാഷ്ബേസിനിൽ പാൽ ഒഴുക്കിക്കളയുന്ന അമ്മമാരെക്കുറിച്ച് അംബരചുംബികളായ ആശുപത്രി/ ടെക്നോളജി പാർക്കുകൾ പണിയുമ്പോൾ നമ്മൾ ആലോചിക്കണ്ടേ? അങ്ങനെ ചിലതിന് കൂടി തൊഴിലിടങ്ങളിലെ പങ്കാളിത്തത്തിൽ നിന്നു സ്ത്രീകളെ അകറ്റി

നിർത്തുന്നതിൽ വലിയ പങ്കില്ലേ? വലിയ ഒച്ചയിൽ നമ്മൾ ആലോചിക്കേണ്ട, ഉത്തരം കണ്ടെത്തേണ്ട ചോദ്യങ്ങളാണിതെന്ന് ഞാൻ കരുതുന്നു.

വീടുകൾ കേവലം ഭിത്തികളും മേൽക്കൂരകളുമല്ലെന്നും അവ അകത്തെ മനുഷ്യരുടെ ഇടപെടലുകളുടെ രാഷ്ട്രീയത്തെ വലിയ അളവിൽ സ്വാധീനിക്കുമെന്നുമാണ് പറയാൻ ശ്രമിച്ചത് . സ്ത്രീകളുടെ ആവശ്യങ്ങളെ പോലും അവൾക്ക് കുറേക്കൂടി വലിയ അടുക്കള കൂടുതൽ ലോൺട്രിസ്പേസും സ്റ്റോറേജും എന്ന നിലയ്ക്ക് മറ്റുള്ളവർക്ക് നിർവചിക്കാൻ വിട്ടുകൊടുക്കരുത് . വീട് ഉറങ്ങാനും ഉണരാനുമുള്ള അഭയകേന്ദ്രം

**സ്ത്രീകൾ സിനിമയെടുക്കുമ്പോൾ സ്ത്രീവിരുദ്ധ പരാമർശങ്ങൾ കുറയുന്നതുപോലെ സ്ത്രീകൾ വീടുകൾ പണിയുമ്പോൾ നിലവിലുള്ള ഇടങ്ങൾ തീർക്കുന്ന അധികാരമേൽക്കോയ്മ യുടെ ആരോഗ്യകരമല്ലാത്ത കൊണ്ടാടലുകളെ പതിയെയെങ്കിലും മാറ്റി പണിയാൻ സാധിക്കും എന്നതിൽ തർക്കമില്ല.**



മാത്രമല്ല , അത് അവിടെ ജീവിക്കുന്നവരെ പലപ്പോഴും ഉത്തേജിപ്പിക്കുന്ന, ചിലപ്പോഴെല്ലാം സമാധാനിപ്പിക്കുന്ന അതിനുമപ്പുറം ചുറ്റിനെയും കുറിച്ച് ഗൗരവമായി ചിന്തിപ്പിക്കുന്ന ഒരു ഇടം കൂടിയാവണമെന്ന് വിഖ്യാത ആർക്കിടെക്ട് സാഹാഹാദിദ് പറയുന്നുണ്ട് . അങ്ങനെ ജീവിക്കാനുള്ള ഇടവും അതിന്റെ വിന്യാസവും തെരഞ്ഞെടുക്കാനുള്ള സവിശേഷമായ സ്വാതന്ത്ര്യം സ്ത്രീകളുടേത് കൂടിയാവണം.

വീടുകളിൽ മാത്രമല്ല അതിനുമപ്പുറമുള്ള പൊതുഇടങ്ങളിലും തൊഴിൽ സ്ഥലത്തുമെല്ലാം മെയ്ഡ് ഇൻ പാട്രിയാർക്കിയുടെ ഇഷ്ടികച്ചുവരുകൾ മെല്ലെയെങ്കിലും ചോദ്യം ചെയ്യപ്പെടണം. ഭരണകൂടത്തിനുമുണ്ട് വലിയപങ്ക് അക്കാര്യത്തിൽ. പെണ്ണുങ്ങളുടെ വാക്കും വരയും ബജറ്റ് വായനയിൽ മാത്രം പോരല്ലോ, അതിന്റെ പ്രയോഗത്തിലും വേണ്ടേ!

വീട്ടുവിശേഷം

റഷീദ ഗഫൂർ



# സുകൃതം തേടി

കുന്നത്ത് തറവാട്ടിലെ തൊടിയിൽ പലനിറങ്ങളിലുള്ള കശുമാങ്ങകൾ കുലകുലയായി പലതു തൂങ്ങിക്കിടക്കുന്നു. വിണ്ടുകീറിയ കശുമാവുകൾക്കാണ് വളരെയധികം മധുരമുള്ളത് എന്ന് രാധക്ക് അറിയാം. പക്ഷേ ഒരിക്കൽ തന്റെ സമപ്രായക്കാരിയും സഹോദരീപുത്രിയുമായ അനിതയോടവൾ കശുമാങ്ങയിൽ പാമ്പ് കൊത്തിയിട്ടാണ് വിണ്ടുകീറിയത് എന്നും അതു ഭക്ഷിച്ചാൽ ഉടനെ മരിക്കുമെന്നും പറഞ്ഞു പേടിപ്പിച്ചു. എന്നാലും അനിത കശുമാവിൻ ചുവട്ടിൽ നിന്നും മാറുന്ന അവസരം നോക്കി വിണ്ടുകീറിയ കശുമാവുകൾ പറിച്ചെടുത്തു അനിത കാണാതെ കഴിക്കും.

രാധയുടെ അമ്മയുടെ വീടാണ് കുന്നത്ത് തറവാട്. അവിടേക്കവൾ സ്കൂൾ അവധിക്കാലത്ത് മാത്രമാണ് വിരുന്നു പോകുന്നത്. രാധയുടെ അച്ഛന്റെ വീട് വളരെ ദൂരത്താണ്. കാലത്ത് ബസ്സിൽ കയറിയിരുന്നാൽ അന്തിനേരത്താണ് കുന്നത്തെ തറവാട്ടിലേക്കെത്താൻ പറ്റുകയുള്ളൂ. ദൂരം കൂടുതലുള്ളതിനാലും പണം മുടങ്ങുമെന്നതിനാലും അവൾ പള്ളിക്കൂടം പൂട്ടുമ്പോൾ മാത്രമാണ്

തൈപുറം തറവാട്ടിൽ നിന്നും കുന്നത്തെ തറവാട്ടി ലേക്കെത്തുന്നത്. പിന്നീട് രണ്ട് മാസം അവൾക്ക് ആഘോഷമായിരിക്കും. അച്ഛന്റെ വീട്ടുകാർക്ക് ധാരാളം സമ്പത്തും ഇഷ്ടംപോലെ പണിക്കാരുമുള്ള വലിയ വീടും ഉണ്ട്. പക്ഷെ കളിക്കാനും പുറത്തേക്ക് പോകാനുമുള്ള സ്വാതന്ത്ര്യം അവൾക്ക് വളരെ കുറവായിരുന്നു. നല്ല രുചിയുള്ള ഭക്ഷണവും വിലകൂടിയ മോഡൽ വസ്ത്രവുമെല്ലാം അച്ഛന്റെ വീട്ടിൽ നിന്നു തന്നെയാണ് അവൾക്ക് കിട്ടുന്നത്. എന്നിട്ടും അവൾക്ക് തോന്നാറുണ്ട് പാലും പഴങ്ങളും എല്ലാം നൽകി സ്വർണ്ണക്കൂട്ടിലടച്ച തത്തയുടെ അവസ്ഥയാണ് തനിക്കെന്ന്.

സ്വാതന്ത്രത്തിന്റെ സുഖം അമ്മയുടെ വീട്ടിൽ വിരുന്നു വരുമ്പോഴാണ് അവൾ അറിയുന്നത്. ധാരാ ളം ഫലങ്ങൾ കായ്ക്കുന്ന മരങ്ങളും പല വിധത്തിൽ പെട്ട നാടൻ പൂച്ചെടികളും അതിലെല്ലാം തേൻകുടി ക്കാൻ വരുന്ന പൂമ്പാറ്റകളും പക്ഷികളും തറവാട്ടു കുളത്തിലെ പലയിനം മത്സ്യങ്ങളും എല്ലാം ദിവ സവും ചുറ്റിനടന്ന് കണ്ടുകൊണ്ടിരിക്കുമ്പോൾ നേ രം പോകുന്നതൊന്നും അവൾ അറിയാറേയില്ല.

കുഞ്ഞായിരിക്കുമ്പോൾ തന്നെ മരങ്ങളോടും പ്രകൃതിയോടും വല്ലാത്തൊരു അടുപ്പം ആയിരുന്നു അവൾക്ക്. ഒരു തൈ നടുമ്പോൾ അതിൽ ഓരോ ഇലകളും പൂക്കളും കായ്കളും ഉണ്ടാകുമ്പോൾ അവളുടെ മനസ്സിൽ ഉള്ളിൽ എന്തെന്നില്ലാത്ത സംതൃപ്തി നിറയാറുണ്ട്. അച്ഛന്റെ വീട്ടിലെ പരിഷ്കാരത്തെക്കാൾ അമ്മയുടെ വലിയ കുളവും പലവിധത്തിലുള്ള ഫലവൃക്ഷങ്ങളും പൂക്കളും കോഴികളും താറാവുകളും എല്ലാം കൂടിയുള്ള ലോകമാണ് അവളിൽ ആനന്ദവും ഉണർവും ഉണ്ടാക്കിയിരുന്നത്.

നേരം പുലർന്നാൽ അവൾ ഓരോ വാഴക്കൂ മ്പിലും തേനിന് വേണ്ടി പരതിക്കൊണ്ടിരിക്കും. വിരിഞ്ഞ വാഴക്കൂമ്പുകളിൽ നിന്നെല്ലാം ഓരോ തുള്ളി തേനാണവൾക്ക് കിട്ടുന്നത്. അച്ഛന്റെ വീട്ടി ലാണെങ്കിൽ വലിയ കുപ്പികളിൽ കാശുകൊടുത്ത് വാങ്ങി വെച്ച തേനുണ്ട്. ചില ദിവസങ്ങളിൽ തേൻ കൂട്ടിയാണ് പ്രഭാത ഭക്ഷണമായ റൊട്ടിപോലും കഴിക്കുന്നത്. അമ്മയുടെ വീട്ടിലെ വാഴക്കൂമ്പിലെ ഓരോ തുള്ളി തേനും ചുണ്ടോടു ചേർത്തു വലിച്ചു കുടിക്കുമ്പോൾ കിട്ടുന്ന രസം അച്ഛന്റെ വീട്ടിലെ കുപ്പിയിലെ തേനിനില്ല. ഓരോ ദിവസവും നേരം പുലരുന്നത് തന്നെ അവൾക്ക് നല്ല കാഴ്ചകൾ കാണാനും ആനന്ദിക്കാനും ആയിട്ടായിരുന്നു. മുറ്റത്ത് അരിമുല്ല വിരിഞ്ഞിരിക്കുന്നു. ബാക്കിയുള്ള മൊട്ടുകൾ വാഴയിലയിൽ പൊതിഞ്ഞെടുത്ത് പിച്ചക മുല്ലയുടെ വള്ളിക്കരികിലേക്ക് നടന്നു അവളുടെ കയ്യിലെ വാഴയില കണ്ടപ്പോൾ കൂട്ടിൽ കിടന്ന് ആട്ടിൻകുട്ടികൾ തീറ്റയ്ക്കായി മുറവിളികൂട്ടി. അവൾ പ്ലാവിൻ ചുവട്ടിൽ നിന്ന് പഴുത്ത പ്ലാവിലകൾ പെറുക്കി അവർക്കു കൊടുത്തു. ആട്ടിൻകുട്ടികൾ

**അച്ഛന്റെ വീട്ടുകാർക്ക് ധാരാളം സമ്പത്തും ഇഷ്ടംപോലെ പണിക്കാരുമുള്ള വലിയ വീടും ഉണ്ട്. പക്ഷെ കളി ക്കാനും പുറത്തേക്ക് പോകാനുമുള്ള സ്വാതന്ത്ര്യം അവൾക്ക് വളരെ കുറവായിരുന്നു. നല്ല രുചിയുള്ള ഭക്ഷണവും വിലകൂടിയ മോഡൽ വസ്ത്ര വുമെല്ലാം അച്ഛന്റെ വീട്ടിൽ നിന്നു തന്നെയാണ് അവൾക്ക് കിട്ടുന്നത്. എന്നിട്ടും അവൾക്ക് തോന്നാറുണ്ട് പാലും പഴങ്ങളും എല്ലാം നൽകി സ്വർണ്ണക്കൂട്ടിലടച്ച തത്തയുടെ അവസ്ഥയാണ് തനിക്കെന്ന്.**

ഇരട്ടകൾ ആയിട്ടാണ് പിറന്നതെങ്കിലും ആദ്യം ജനിച്ച ആട്ടിൻകുട്ടിയോടാണ് അവൾക്ക് കൂടുതൽ ഇഷ്ടം. അതിനെ കാണാൻ നല്ല ഭംഗിയുണ്ട്. തലയും വാലും കാലുകളും വെള്ളനിറവും ഉടൽഭാഗം ഡാർക്കും ആയിരുന്നു അതിന്. ആട്ടിൻകുട്ടികൾക്ക് പ്ലാവില കൊടുത്തു കഴിഞ്ഞപ്പോൾ ബാക്കിയുള്ള പിച്ചകമുല്ല പൂ പറിക്കാൻ അവൾ തിടുക്കം കൂട്ടി നടന്നു .

'മോളേ... രാധേ പിച്ചകമുല്ല പറിക്കുമ്പോൾ വളരെ ശ്രദ്ധിച്ച് പതുക്കെ ഇറുക്കണം. ഇല്ലെങ്കിൽ വള്ളി വേഗം ഉണങ്ങിപ്പോകും.'.

അമ്മ പിച്ചകവള്ളി നടുന്നത് മൂന്നാമത്തെ തവണയാണ്. രണ്ട് പ്രാവശ്യവും വള്ളി ഉണ ങ്ങിപ്പോയതിനാലാണ് അമ്മൂമ്മ ഉപദേശവുമായി എത്തിയത്. ചുവപ്പുകലർന്ന മുല്ലപ്പൂവുകൾക്ക് വളരെയധികം സുഗന്ധമാണ്. വാഴയില നിറയുവോളം അവൾ പൂപറിച്ചെടുത്ത് ഉമ്മറക്കോലായിൽ വന്നിരുന്നു. വാഴനാരെടുത്ത് മുടിയിൽ ചൂടാനും കഴുത്തിലണിയാനും വെവ്വേറെയായി കൊരുത്ത് വെച്ചു കൊണ്ടിരുന്നു.

അപ്പോഴേക്കും ശക്തിയോടെ വീശിയ കാറ്റിൽ മാങ്ങകൾ ചറപറ വീഴുന്ന ശബ്ദം കേട്ട് അവൾ മാവിൻചോട്ടിലേക്ക് ഓടി. മൂവാണ്ടൻ, തത്തച്ചുണ്ടൻ, നീലൻ, ഗോമാങ്ങ, മുട്ടികുടിയൻ എത്ര പെറുക്കിയിട്ടും മാമ്പഴങ്ങൾ തീരുന്നില്ല. കാര്യസ്ഥൻ ചാത്തു ഉണ്ടാക്കിയ മുളയുടെ വട്ടി നിറഞ്ഞു തുടങ്ങിയിരുന്നു.

'അനിതേ.. അനിതേ..' രാധ അനിതയെ നീട്ടിവിളിച്ചു.

**ഒരു കണക്കിൽ പറഞ്ഞാൽ സ്വപ്നം കാണാനും ഒരിക്കൽകൂടി ഭാഗ്യമുണ്ടായി. പക്ഷെ തന്റെ മക്കൾക്കും കൊച്ചുമക്കൾക്കും അങ്ങിനെയുള്ള നല്ല കാലങ്ങൾ ഓർക്കാൻ കൂടിയില്ലല്ലോ എന്ന ചിന്ത അവളെ വല്ലാതാക്കി. വലിയ ഫ്ളാറ്റുകൾ കെട്ടാൻ സ്ഥലം മാറ്റിവെക്കുമ്പോൾ ഒരു മാവിൻ തൈ നട്ടുവളർത്താനുള്ള സ്ഥലം കൂടി ബാക്കിവെക്കാറുണ്ടോ നമ്മൾ. എയർകണ്ടീഷന്റെ തണുപ്പിനേക്കാൾ മരച്ചുവട്ടിലെ തണപ്പിന്റെ തണുപ്പിന് എന്തൊരു സുഖം ആണ്. ഇനി എന്നെങ്കിലും കുന്നിക്കുരുവും മഞ്ചാടിക്കുരുവും തനിക്ക് കാണാൻ പറ്റുമോ?**

'ഞാൻ മാങ്ങ പെറുക്കുമ്പോഴേക്കും ഞാവൽ പഴങ്ങളും ചാമ്പയും നീയ്യ് പെറുക്കിവെക്ക്. എനിക്ക് എല്ലാം വയറി നിറയെ കഴിക്കണം. ഇനി അടുത്ത സ്കൂൾ അവധിക്കല്ലെ എനിക്കിങ്ങോട്ടേക്ക് വരാൻ പറ്റുകയുള്ളൂ.' രാധ അനിതയെ ഓർമ്മപ്പെടുത്തി.

ഞാൻ പെറുക്കിത്തരാം. നീ പശുക്കിടാവിനെപ്പോലെ തുള്ളിച്ചാടാതിരുന്നാൽ മതി. ഇതെല്ലാം കഴിഞ്ഞിട്ട് നമുക്ക് കുളിക്കാൻ പോവണ്ടേ. കുളത്തിലൊന്ന് നീന്തിക്കളിക്കണ്ടേ. അനിതക്ക് കുളിയോടും നീന്തലിനോടുമാണ് ഏറെ താല്പര്യം.

എല്ലാം പെറുക്കി കഴിഞ്ഞാലെ ഞാൻ കുളിക്കാൻ വരുന്നുള്ളൂ, രാധ അനിതയോട് തെല്ല് ദേഷ്യത്തോടെ പറഞ്ഞു . കാറ്റിന് ശക്തി കൂടികൊണ്ടിരുന്നു. നേരിയ ചാറ്റൽ മഴയും പെയ്യാൻ തുടങ്ങി. മഴ ചെറുതായി നനയുന്നത് പോലും അനിതക്ക് ഇഷ്ടമല്ല. പക്ഷെ രാധക്കാണെങ്കിൽ മഴ നനയുന്നത് ഇഷ്ടവുമാണ്. മഴ പ്രകൃതിയുടെ വികൃതിയും സുകൃതവുമാണ്. പ്രകൃതിയുടെ വികൃതിയിൽ സുകൃതം തേടി പലപ്പോഴും അറിയാതെ ഇരുന്നുപോകുമവൾ. പെട്ടെന്നാണ് വലിയ ഒരു മാമ്പഴം ശക്തിയോടെ രാധയുടെ തലയിലേക്ക് വന്ന് പതിച്ചത്. വേദനകൊണ്ട് അവൾ ഉറക്കെ നിലവിളിച്ചു കൂവി.

അപ്പോഴാണ് പെട്ടെന്ന് തന്റെ ചെറുപ്പകാലത്തെ അനുഭവങ്ങളുടെ ലോകത്തു നിന്നും അവളുണർന്നത്. പഴയ മാമ്പഴക്കാലം സ്വപ്നമായി വീണ്ടും തന്റെ ഓർമ്മയിലേക്ക് വന്നതായിരുന്നു. താനിപ്പോൾ ഫ്ളാറ്റിലെ എട്ടാംനിലയിലെ മുറിയിലാണ്. അവൾ പരിസരബോധം വീണ്ടെടുത്ത് ജനൽക്കമ്പികളിൽ ചുണ്ടമർത്തി തനിക്ക് പറ്റിയ അമളിയിൽ തെല്ലു ജാള്യതയോടെ നിന്നു.

ഒരു കണക്കിൽ പറഞ്ഞാൽ സ്വപ്നം കാണാനും ഒരിക്കൽകൂടി ഭാഗ്യമുണ്ടായി. പക്ഷെ തന്റെ മക്കൾക്കും കൊച്ചുമക്കൾക്കും അങ്ങിനെയുള്ള നല്ല കാലങ്ങൾ ഓർക്കാൻ കൂടിയില്ലല്ലോ എന്ന ചിന്ത അവളെ വല്ലാതാക്കി. വലിയ ഫ്ളാറ്റുകൾ കെട്ടാൻ സ്ഥലം മാറ്റിവെക്കുമ്പോൾ ഒരു മാവിൻ തൈ നട്ടുവളർത്താനുള്ള സ്ഥലം കൂടി ബാക്കിവെക്കാറുണ്ടോ നമ്മൾ. എയർകണ്ടീഷന്റെ തണുപ്പിനേക്കാൾ മരച്ചുവട്ടിലെ തണപ്പിന്റെ തണുപ്പിന് എന്തൊരു സുഖം ആണ്. ഇനി എന്നെങ്കിലും കുന്നിക്കുരുവും മഞ്ചാടിക്കുരുവും തനിക്ക് കാണാൻ പറ്റുമോ? കൈതപ്പൂവിന്റെയും ഇലഞ്ഞിപൂക്കളുടെയും സുഗന്ധമുള്ള കാറ്റു തന്നെ തേടിവരുമോ? രാധയുടെ മനസ്സ് അശാന്തമായി തേങ്ങി. അവൾ എട്ടാം നിലയിൽ നിന്നും പുറത്തെ ആകാശത്തിന്റെ അനന്തതയിലേക്ക് കണ്ണും നട്ടു നിന്നു വീണ്ടും ഓർമ്മയുടെ സുകൃതത്തിലേക്ക് ജീവിതത്തിന്റെ ബാല്യകാലസുകൃതത്തിലേക്ക്...

**വായനാനുഭവം**


ഷീല എൻ.കെ.



# വിലാപ്പുറങ്ങൾ

## ബൈബിൾ പരാമർശത്താൽ സ്നാനപ്പെടുന്ന നോവൽ

ബൈബിൾ വചനങ്ങളുടെ സാന്നിധ്യത്തിൽ ആഴം കൊള്ളുന്ന ഒരു വികാര സമുദ്രം അലയിടുന്ന നോവലാണ് ലിസിയുടെ 'വിലാപുറങ്ങൾ'. നോവലിന്റെ പേരും 'മറിയ' എന്ന കഥാപാത്രത്തിന്റെ പേരും നോവലിന്റെ ഗതിയെ നിയന്ത്രിക്കുന്ന പ്രധാന സംഭവപരമ്പരകളും ബൈബിൾ ആശയങ്ങളോട് അനുകൂലിച്ചും പ്രതികൂലിച്ചും വേദപുസ്തക സാന്നിധ്യത്തെ അടയാളപ്പെടുത്തുന്നു. സാംസ്കാരിക നഗരിയുടെ നാമനിഷ്പത്തി മുതൽ രാഷ്ട്രീയം, പൂരപ്പെരുമ, കച്ചവട സംസ്കാരം എല്ലാം ഈ നോവലിന് വിഷയമാകുന്നു. കഥയ്ക്ക് വിഷയീഭവിക്കുന്നത് പ്രധാനമായും ക്രിസ്ത്യൻ കുടുംബങ്ങൾ ആയതു കൊണ്ടു തന്നെ ബൈബിളിന്റെ സ്വാഭാവിക സാന്നിധ്യം ഉറപ്പിക്കാൻ നോവലിസ്റ്റിന് എളുപ്പം കഴിഞ്ഞു. വേദപുസ്തകത്തോട് ഇണങ്ങിയും ചിലപ്പോഴൊക്കെ തർക്കിച്ചും ചോദ്യം ചെയ്തും ഒടുവിൽ സമരസപ്പെട്ടും നോവലിസ്റ്റ് നോവൽ സന്ദർഭങ്ങളെ ബൈബിൾ വചനങ്ങളുടെ ആത്മീയശക്തിയാൽ ജ്ഞാനസ്നാനം ചെയ്യിക്കുന്നു.






'താഴത്തേക്കെന്തിത്ര സൂക്ഷിച്ചു നോക്കുന്നു
താരകളേ നിങ്ങൾ നിശ്ചലമായ്.
നിങ്ങൾ തൻ കൂട്ടത്തിൽ നിന്നിപ്പോളാരാനും

ഭംഗമാർന്നൂഴിയിൽ വീണു പോയോ?'

വള്ളത്തോൾ നക്ഷത്രത്തിളക്കമുള്ള മഗ്ദലന മറിയത്തെ അവതരിപ്പിക്കുന്നു. രാത്രികളെ പ്രകാശമാനമാക്കുന്ന സുന്ദരിതന്നെ താരകളെ പോലെ അവളും.

വിലാപുറങ്ങളിലെ നായിക മറ്റൊരു മറിയ– പനങ്കേറി മറിയ. ഇവളെ കഥാപ്രവേശം ചെയ്യിക്കാൻ നോവലിസ്റ്റ് വേദപുസ്തകത്തിൽ നിന്ന് ആ മഗ്ദലനയെത്തന്നെ കൊണ്ടുവരുന്നു. അനേകം കണ്ണുകളെ തന്നിലേക്ക് ആവാഹിച്ചൊതുക്കാൻ കഴിവുള്ളവൾ. തന്റെ സാന്നിധ്യം കൊണ്ട് തരംഗങ്ങൾ ഉണ്ടാക്കുന്നവൾ. നിശ്ചലതയുടെ നടുവിലേക്കെറിയാൻ കല്ലുകൾ കൈവശമുള്ളവൾ. പനങ്കേറി മറിയ. പക്ഷേ ഇവൾ മഗ്ദലനയെപോലെ മോഹനരൂപത്തിലല്ല; രംഗപ്രവേശം ചെയ്യപ്പെടുന്നത് നോക്കുക :-

നടയിൽ തന്നെ കാലും കവച്ചിരുന്ന്
മുറുക്കിത്തുപ്പി
ഒരു വശപ്പിശക് ഇരിപ്പ് ....
ചിരിക്കാൻ മറന്നിട്ട് കാലമേറെയായതുപോലെ.
തുറിച്ചു നോട്ടങ്ങളെ അലസമായ് നേരിട്ട്
ഇടയ്ക്കു ചിറി തൊടച്ച് ...

നിന്റപ്പനെന്തേടി ?... എന്ന പരുപരുത്ത ശബ്ദമുയർത്തി എന്തൊരു നായികാ പ്രവേശം. ഇവിടെ നായികയുടെ സൗന്ദര്യക്കനൽ ചാരത്തിൽ മൂടിവെച്ചിരിക്കുന്നു. വായനക്കാരന്റെ നെടുവീർപ്പുകൾ കൊണ്ട് വീശിത്തെളിയിക്കാൻ മഗ്ദലന മറിയത്തെപ്പോലെ പശ്ചാത്താപചിന്ത ഇവിടെ നായികക്കില്ല. മറിച്ച് ന്യായീകരണമാണ്.

അവന്റെ കാമത്തിനും പ്രണയത്തിനും പകരം വെയ്ക്കാൻ മറ്റാരുമില്ലായിരുന്നു. ഏകാന്തതയെ നിറയ്ക്കാൻ അവനെയല്ലാതെ മറ്റാരെയും ഞാൻ കണ്ടില്ല. ആ ശൂന്യത മറയ്ക്കാൻ താൻ ലോകത്തെ കീഴ്മേൽ മറിച്ചു!

ഇങ്ങനെ അവൾ തന്റെ പ്രണയത്തെ ഉദാത്തവത്കരിച്ചു. പ്രതികാരത്തെ സാധുകരിച്ചു. പ്രവൃത്തികളെ പാപവിമുക്തമാക്കി. ഒരു രക്ഷകന്റെയും സാന്നിധ്യമില്ലാതെ.

ഇനിയും രക്ഷകനായ് അവതരിയ്ക്കുന്നവനോട് 'പനങ്കേറി മറിയ' ചോദിയ്ക്കാനിരിയ്ക്കുന്ന ഒരു ചോദ്യമുണ്ട്.

'എന്താണ് പാപം'?

വസ്തു നിഷ്ഠമായി ചിന്തിച്ചാൽ ഉത്തരം കാണാവുന്ന, ആത്മനിഷ്ഠമായ് ചിന്തിച്ചാൽ ഉത്തരം മാറിക്കൊണ്ടിരിക്കുന്ന ഈ 'മാരീച' പ്രകൃതിയെ തന്റെ നായികയോടൊപ്പം വായനക്കാർക്ക് വിശകലനത്തിനായ് നോവലിസ്റ്റ് എറിഞ്ഞു തരുന്നു.

വേദപുസ്തക നായികയിൽ നിന്ന് ചിന്താപരമായ ഒരു 'സംഗ്രമണ' ത്തിന് വിധേയമാകുന്നു. വിലാപുറങ്ങളിലെ നായിക വാത്മീകിയുടെ സീതയിൽ നിന്ന് ആശാന്റെ

**നടയിൽ തന്നെ കാലും കവച്ചിരുന്ന് മുറുക്കിത്തുപ്പി ഒരു വശപ്പിശക് ഇരിപ്പ് .... ചിരിക്കാൻ മറന്നിട്ട് കാലമേറെയായതുപോലെ. തുറിച്ചു നോട്ടങ്ങളെ അലസമായ് നേരിട്ട് ഇടയ്ക്കു ചിറി തൊടച്ച് ... നിന്റപ്പനെന്തേടി ?... എന്ന പരുപരുത്ത ശബ്ദമുയർത്തി എന്തൊരു നായികാ പ്രവേശം. ഇവിടെ നായികയുടെ സൗന്ദര്യക്കനൽ ചാരത്തിൽ മൂടിവെച്ചിരിക്കുന്നു. വായനക്കാരന്റെ നെടുവീർപ്പുകൾ കൊണ്ട് വീശിത്തെളിയിക്കാൻ മഗ്ദലന മറിയത്തെപ്പോലെ പശ്ചാത്താപചിന്ത ഇവിടെ നായികക്കില്ല. മറിച്ച് ന്യായീകരണമാണ്.**

സീതയിലേക്കെന്ന പോലെ.

വികാരം കൊള്ളുകയും ഒപ്പം വിമർശിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു കൊണ്ട് മറിയ മുന്നേറുന്നു.

മറിയക്കുള്ളിലെ പ്രണയം പിടഞ്ഞു. ഇത്രേം ദാഹമുള്ള മനസ്സ് ആരാണ് അവൾക്കുള്ളിൽ നിറച്ചത്? ആരെങ്കിലും ഒതുങ്ങി നിൽക്കാൻ പറ്റാത്ത വിധം അവളുടെ ചക്രവാളങ്ങളെ അനന്തമാക്കിയതാരാണ്?

അശാന്തിയുടെ ഉള്ളം അവളിൽ വെച്ച് ദൈവം ചിരിക്കുകയാണോ? താൻ ചെയ്തത് പാപമല്ലെന്ന് എത ചിറകിട്ടടിച്ച് നിഷേധിച്ചിട്ടും ഒടുവിൽ മറിയ പശ്ചാത്താപത്തിലേക്ക് വഴുതുന്നതു നോക്കുക. അവിടെയും വേദപുസ്തക സാന്നിധ്യമാണ്.

'പള്ളിയങ്കണത്തിന്റെ വലിയ കവാടങ്ങൾ കടന്ന് മറിയ സെമിത്തേരി ലക്ഷ്യമാക്കി നടന്നു. വീണ്ടെടുപ്പിന്റെ പാതകളിൽ അവളും ഒരുനാൾ രക്ഷകനെ കണ്ടുമുട്ടും.

അവന്റെ തിരുമുറിവുകളിലെ രക്തത്താൽ അവളുടെ പാപങ്ങളും കഴുകി നീക്കപ്പെടും.

മകളേ.... അവന്റെ മൃദു സ്വനം മിന്നലായി ;

അവളെ തൊട്ടു.

'വീണ്ടും ജനിക്കുക.

ഇവിടെ ഇങ്ങനെ കുറിക്കാം.

'ആ മഹാന്റെ കണ്ണിൽ നിന്നാച്ചാമ്പലിലൊരശ്രു കണ–

മാമലകീഫലം പോലെയടർന്നു വീണു".

എല്ലാ പാപങ്ങളെയും കഴുകിക്കളയാൻ കഴിയുന്ന ഉദാത്ത സങ്കല്പങ്ങൾ, വാസവദത്തയെ പോലെ പനങ്കേറി മറിയയെയും പാപവിമുക്തമാക്കുന്നു. മഗ്ദലനമറിയത്തെപ്പോലെ പനങ്കേറി മറിയയും യേശുവിന്റെ സാന്നിധ്യത്താൽ പരിശുദ്ധയാകുന്നു.

'വിലാപുറ'ങ്ങളിൽ കുത്തേൽക്കപ്പെടുന്നവർ

'പടയാളികളിൽ ഒരുവൻ അവന്റെ വിലാപുറത്ത് കുന്തം കൊണ്ട് കുത്തി. ഉടനെ അവിടെ നിന്ന് ചോരയും വെള്ളവും വന്നു. അവൻ മരണപ്പെട്ടിരിക്കുന്നു'.

ഈ ബൈബിൾ വചനത്തെ നോവലിസ്റ്റ് കഥാശരീരവുമായി കൂട്ടിച്ചേർക്കുന്നു. ഒരൊറ്റ അർത്ഥവാചകം കൊണ്ട്.

'അതിനാൽ അവളും'.

മറിയയുടെ പ്രണയത്തിൽ നിന്ന് താൽക്കാലികമായെങ്കിലും സൈമൺ പീറ്റർ നടത്തുന്ന പിന്മാറ്റം അവൾക്ക് വിലാപുറത്തു കിട്ടിയ കുത്തുപോലെ മർമ്മഭേദകമായിരുന്നു. അവൾ 'ഉയിർപ്പിന്റെ മൂന്നാം കനവി'നായ് കാത്തിരുന്നു. ഉയിർത്തെഴുന്നേല്പ് നീണ്ടു പോയതാകാം മറിയയുടെ സുവിശേഷങ്ങൾ 'വിലാപുറ'ങ്ങളായി മാറിയത്.

പ്രതീക്ഷകൾ ചതിയ്ക്കുമ്പോൾ മരണപ്പെടുന്ന ആത്മീയത മനുഷ്യജീവിതത്തെ അസ്വസ്ഥതകളിലേക്ക് അരക്ഷിതാവസ്ഥയിലേക്ക് തീരാത്ത ആത്മദാഹത്തിലേക്ക് ഒക്കെ വലിച്ചുകൊണ്ടു പോകുന്നു. മനസ്സ് ഉയിർത്തെഴുന്നേല്പിന് തയ്യാറാകും വരെ.

**ഉല്പത്തി ചരിത്രം** – ഏഴാം നാൾ

മനുഷ്യസൃഷ്ടി മറിയയുടെ പ്രണയ ദിനങ്ങൾ വർണ്ണിക്കുന്നത് ബൈബിളിലെ ഉല്പത്തി ചരിത്രത്തിന്റെ അകമ്പടിയോടെ എഴു ദിവസങ്ങിലായാണ്.

**ഒന്നാം നാൾ**

അവൾ മഞ്ഞ പൂക്കളുടെ മെത്തയിൽ ശയിച്ചു. മറിയ മലർന്നു കിടന്നു. മഞ്ഞക്കാടിലേക്ക് കയറാൻ മറിച്ച് കാറ്റു നിന്നു. മറിയക്ക് ത്രിൽ ആയി. വേണ്ട, മറിയക്ക് ആരേം സങ്കടപ്പെടുത്താൻ വയ്യ.

സാന്ധ്യയായി.

**രണ്ടാം നാൾ**

മഞ്ഞു വീണ പുൽത്തകിടി അതിരാവിലെ മറിയയെ മാടിവിളിച്ചു. കണ്ണുതുറന്നു നോക്കുമ്പോൾ ആ ചെക്കനാണ്. അവൾ ചിരിക്കുന്നതിനൊപ്പം തുളുമ്പുന്ന ചെറിയ മിനുപ്പിലേക്ക് അവൻ പാളി നോക്കി. സന്ധ്യയായി. പ്രഭാതമായി.

**മൂന്നാം നാൾ**

രണ്ടു ദിവസം ചെക്കനെ അവിടെയെങ്ങും കണ്ടില്ല.

സന്ധ്യയായി.

പ്രഭാതമായി.

**നാലാം നാൾ**

മറിയ പൂക്കളോടും കാറ്റിനോടും പറഞ്ഞു. മറിയക്ക് ചെറിയൊരു നാണം വന്നു. 'ന്റെ സുന്ദരിപ്പെണ്ണേ.... ഞാനൊരു ഉമ്മ തരട്ടെ?'

സന്ധ്യയായി.

പ്രഭാതമായി

**അഞ്ചാം നാൾ**

പിന്നിലൂടെ വന്നു. കണ്ണുപൊത്തി അവൻ. അവളുടെ കഴുത്തിൽ ചുംബിച്ചു.

സന്ധ്യയായി.

പ്രഭാതമായി.

**ആറാം നാൾ**

നമ്മളുറങ്ങുക പൂക്കൾ വിരിച്ചൊതുക്കിയ ഈ മെത്തയിലാണ്....

സന്ധ്യയായി.

പ്രഭാതമായി.

**ഏഴാം നാൾ**

സന്ധ്യയായി....

പ്രഭാതമാകാതിരിക്കട്ടെ.

മറിയയും സൈമൺ പീറ്ററും കണ്ടുമുട്ടുന്നതും പ്രണയം വിടർന്നു വികസിക്കുന്നതും ഏഴു ദിവസത്തെ വിവരണത്തിലൂടെയാണ് സൂചിപ്പിക്കുന്നത്.

'എന്റെ അടുക്കൽ വരൂ...

ജീവന്റെ ജലം ഞാൻ നിനക്കു തരാം...'

അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നവൾ. ഭർത്താവല്ലാത്തവൻ കൂടെ ഉള്ളവൾ. എന്നിട്ടും ദാഹം തീരാത്ത ശമര്യ സ്ത്രീയോട് യേശു പറഞ്ഞു.

'ഈ വെള്ളം കുടിക്കന്നവന് എല്ലാം പിന്നെയും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരു നാളും ദാഹിക്കയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യ ജീവങ്കലേക്കു പൊങ്ങി വരുന്ന നീരുറവ ആയിത്തീരും.'

ഇങ്ങനെ നീളുന്നു ബൈബിളിലെ സന്ദർഭം. കൂട്ട ബലാത്കാരത്തിനു ശേഷം ഐ.സി.യുവിൽ കിടക്കുന്ന മറിയ. നിശബ്ദത അവളെ വീർപ്പുമുട്ടിച്ചു. അവൾക്ക് സ്നേഹിക്കാനും അതേ അളവിൽ തിരിച്ചു കിട്ടാനും ആരെങ്കിലും ഇല്ലെങ്കിൽ മറിയക്കുള്ളിലെ പ്രണയം പിഞ്ഞു. അവളുടെ ദാഹം തീർന്നില്ല. ആത്മദാഹമാണോ?

'എന്റെ അടുക്കൽ വരൂ....

ജീവന്റെ ജലം ഞാൻ നിനക്കു തരാം...'

ആത്മീയ വചനം കേൾക്കുന്നു. എന്നാൽ ആത്മീയ ഔന്നത്യം കയറാൻ മറിയ തയ്യാറല്ല.

മനുഷ്യ മനസ്സിന്റെ സ്വാഭാവിക സഞ്ചാരപഥമാണത്. ത്യാഗമാണ് പുണ്യമെന്നറിഞ്ഞിട്ടും ത്യാഗത്തിൽ വിട്ടുകളയേണ്ടി വരുന്ന സുഖത്തെ കുറിച്ചുള്ള ചിന്ത. അതിൽ അഭിരമിയ്ക്കാൻ ഇഷ്ടപ്പെടുന്ന മനസ്സ്.- ഇവിടെയും ഒരു സാധ്യത മറിയക്കു മുന്നിലുണ്ട്. പക്ഷേ ആ സാധ്യതയിലേക്കുള്ള പാത ആത്മീയ പാത അവൾക്ക് അഭികാമ്യമല്ല. മറിയ വീർപ്പുമുട്ടി. അവൾക്കുള്ളിലെ ഉത്സവങ്ങളെ അവൾക്കെന്നാവും കണ്ടെത്താനാവുക...

ഇവിടെ പനങ്കേറിമറിയ എന്ന നായിക ആത്മീയവചനത്തോട് കലഹിച്ച് താൽക്കാലികമായെങ്കിലും പിന്മാറുന്നു.

കണ്ണീരോടെ വിതച്ചവൻ ആർപ്പോടെ കൊയ്യും
തിരിച്ചു വരുന്ന പ്രവാസികളുടെ ഗീതം.
കണ്ണീരോടെ വിതയ്ക്കുന്നവൻ
ആനന്ദത്തോടെ കൊയ്യട്ടെ!
വിത്തു ചുമന്നുകൊണ്ടു വിലാപത്തോടെ
വിതയ്ക്കാൻ പോകുന്നവൻ
കറ്റ ചുമന്നുകൊണ്ടു ആഹ്ലാദത്തോടെ
വീട്ടിലേക്കു മടങ്ങൂ..

വായനക്കാരനെ കണ്ണീരണിയിക്കുന്ന നോവലിലെ ഒരു കഥാപാത്രമാണ് ദയാലു . ദയാലുവിനെ കുറിച്ച് പരാമർശിക്കുന്നിടത്താണ് ഈ ബൈബിൾ വചനം വരുന്നത്. നശിച്ചമഴ. ദയാലുവിന് മഴ വിഷാദമാണ്. അവന്റെ ഉള്ളു നിറയുന്ന വിഷാദം. വിശുദ്ധ വചനം അവനെ നനയ്ക്കും. 'കണ്ണീരോടെ വിതച്ചവൻ ആർപ്പോടെ കൊയ്യും'. അങ്ങനെ ആർപ്പോടെ കൊയ്യുന്ന ഗ്രാമത്തിന്റെ പച്ചപ്പിൽ നിന്നും പറിച്ചു നട്ടപ്പെട്ടവൻ.

അവനും കണ്ണീരോടെ വിതയ്ക്കുന്നു.

ആർപ്പോടെ കൊയ്യാനാകുമോ?

അമ്മയാലും പെങ്ങളാലും ഉപേക്ഷിക്കപ്പെട്ട് പാലക്കാട്ടു നിന്നും കിഴക്കേക്കോട്ടയിലെത്തിയ പയ്യൻ – ദയാലു.

'അത്രയൊന്നും സുന്ദരിയല്ലാത്ത അവളുടെ പെങ്ങളുടെ ചിത്രം തമിഴ് സിനിമാ പോസ്റ്ററുകളിലുണ്ടോ? അവർ കോടമ്പാക്കത്തെ പൊറുതി മതിയാക്കി തിരിച്ച് പാലക്കാട് വന്ന് അവനെത്തേടി നടക്കുന്നുണ്ടാവുമോ?

തിരിച്ചു പോകാനുള്ള ഉത്ക്കടമായ വികാരം ഉള്ളിൽ പൊട്ടിപ്പുറപ്പെടും.

സങ്കീർത്തനത്തിന്റെ സാന്നിധ്യം കൊണ്ട് ദയാലുവിന്റെ നനവുറ്റ പച്ചപ്പാർന്ന പ്രതീക്ഷകളെ അവതരിപ്പിക്കുന്നു.

അവന്റെ ആകാശങ്ങളിൽ വെള്ളി വെട്ടി.

അവന്റെ നാടും നഗരവും അതിവർഷത്താൽ ചാമ്പലായി

പ്രജകളെല്ലാം വെണ്ണീറായി.

നഗരകവാടങ്ങളിൽ വീണ്ടും വെള്ളിടി വെട്ടി.

**കണ്ണീരോടെ വിതച്ചവൻ**
**ആർപ്പോടെ കൊയ്യും**
**തിരിച്ചു വരുന്ന**
**പ്രവാസികളുടെ ഗീതം.**
**കണ്ണീരോടെ**
**വിതയ്ക്കുന്നവൻ**
**ആനന്ദത്തോടെ കൊയ്യട്ടെ!**
**വിത്തു ചുമന്നുകൊണ്ടു**
**വിലാപത്തോടെ**
**വിതയ്ക്കാൻ പോകുന്നവൻ**
**കറ്റ ചുമന്നുകൊണ്ടു**
**ആഹ്ലാദത്തോടെ**
**വീട്ടിലേക്കു മടങ്ങൂ..**

കവാടം പിളർക്കുമാറ് അതിന്റെ ശക്തി അപാരമായിരിയ്ക്കുന്നു. അതിന്റെ കിലുക്കത്തിൽ ഭൂമി രണ്ടായി പിളർക്കപ്പെട്ടു.

പാപം കുമിഞ്ഞുകൂടുമ്പോൾ പാപിയുള്ളിടം ചാമ്പലാവും എന്ന ബൈബിൾ ആശയത്തെ മറിയയുടെ പ്രസവ സന്ദർഭവുമായി കൂട്ടിയിണക്കുന്നു. മറിയക്ക് ഹിതമെങ്കിലും പലവർക്കും അവിഹിതമെന്നു തോന്നാവുന്ന ആ പുത്രജനനത്തെ നോവലിസ്റ്റും പാപമായ് കാണുന്നുവോ? അതോ തുടർന്നുണ്ടാവാൻ പോകുന്ന അനർത്ഥങ്ങളെ സൂചിപ്പിക്കാനോ? ഈ ബൈബിൾ സാന്നിധ്യം ഇവിടെ.

നോവലിന്റെ പേര്, (വിലാപുറങ്ങൾ) കഥാപാത്ര സ്വഭാവ സവിശേഷതകൾ, അരങ്ങേറുന്ന സംഭവങ്ങളുടെ വ്യാപ്തി വർദ്ധിപ്പിക്കൽ, കഥാപാത്രങ്ങൾ ആവശ്യപ്പെടുന്ന സാന്ദർഭിക ന്യായീകരണം എല്ലാത്തിനും ഉപരിയായി നോവലിന് ഒരു ഐതിഹാസിക മാനവും മൂല്യബോധവും നൽകുക. ഇങ്ങനെ അനേകം കാര്യങ്ങൾക്കുള്ള ഒരൊറ്റമൂലിയായി ബൈബിൾ സാന്നിധ്യത്തെ ഉപയോഗപ്പെടുത്തുന്നു.

എങ്കിലും വായനക്കാരിയുടെ ഒരു രസത്തിന് ചോദിച്ചു പോകുന്നു :- പനങ്കേറി മറിയയെ പോലെ ഒരു കഥാപാത്രത്തെ വെള്ളപൂശിക്കാണിക്കുന്നതിലെ മനസാക്ഷിക്കുത്ത് ഒഴിവാക്കാനാണോ വേദപുസ്തകത്തിന്റെ അകമ്പടിയെന്ന് ചില സന്ദർഭങ്ങളിൽ തോന്നാതിരുന്നില്ല. ഇനി അഥവാ നോവലിസ്റ്റ് സഞ്ചരിച്ച ആത്മീയ പാതയിൽ അത്ര ദൂരം എന്റെ മനസ്സ് സഞ്ചരിക്കാഞ്ഞതോ എന്തോ?

വഴിത്താരകൾ

കോഴിക്കോട് സർവ്വകലാശാല
ഇംഗ്ലീഷ് വിഭാഗം അദ്ധ്യാപിക



ജാനകി



വര : സംഗീത

പരീക്ഷ തുടങ്ങാറായി. മോഡൽ പരീക്ഷയായിട്ടും എന്താണ് കിച്ചുവിനെ കാണാത്തത്? ചീരുവിന് പരിഭ്രമമായി. കെമിസ്ട്രി പരീക്ഷയാണ് . ടീച്ചറുമായിട്ട് അവൻ സ്ഥിരം ഉടക്കുമാണ്. പ്രശ്നം അവന്റെയല്ല എന്നവൾക്ക് എപ്പോഴും തോന്നാറുണ്ട്. അവനൊരു സ്വപ്നജീവിയാണ്.

മിക്കപ്പോഴും ആലോചനയിലാണ്. ക്ലാസ്സു കഴിഞ്ഞു വീട്ടിലേക്കു നടക്കുമ്പോൾ വഴിയിലുള്ള തോടിനപ്പുറത്തേക്ക് നോക്കി അവൻ പരിസരം മറന്നു നിൽക്കും. അവളും കൂട്ടുകാരും കൂടെ ഉള്ളത് പോലും അവൻ ഓർക്കാറില്ല.

കിച്ചു അസ്സലായി വരയ്ക്കും. വരകളിലൊക്കെ ഒരു വിഷാദഛായയുണ്ട് എന്നവൾക്കു പലപ്പോഴും തോന്നാറുണ്ട്. അവന്റെ കാർട്ടൂണുകൾ ചിരിപ്പിച്ചു കൊല്ലും .കാർട്ടൂണാണ് ഈ ടീച്ചറുമായുള്ള വടംവലിയ്ക്ക് നിമിത്തമായത്. ടീച്ചർ ബോർഡിൽ എന്തൊക്കെയോ എഴുതിക്കൊണ്ടിരുന്നു. അവനൊന്നും കാര്യമായി മനസ്സിലാകാത്തതു കൊണ്ട് അവൻ പാഠപുസ്തകത്തിന്റെ ഓരങ്ങളിൽ അവന്റേതായ സമവാക്യങ്ങൾ കുത്തിക്കുറിച്ചു കൊണ്ടിരുന്നു. നല്ല വികൃതിക്കുട്ടികളുടെ രൂപഭാവങ്ങൾ. അരുമയുള്ള പലതരം

ജീവജാലങ്ങൾ. കിച്ചുവിന്റെ പെൻസിലിലൂടെ ഉടലെടുത്ത സർപ്പത്തിനും മയിലിനും കാക്കയ്ക്കും പല്ലിക്കും പൂച്ചക്കുമൊക്കെ എന്തൊരു ചേലാണ്! എന്തൊക്കെ ഭാവവൈവിധ്യങ്ങളാണ് ഈ ജന്തുക്കളുടെ മുഖങ്ങളിൽ കുഞ്ഞു മനസ്സ് സങ്കല്പിച്ചെടുത്തത് ! ഏതു കുട്ടിയാണ് അത് കണ്ട് 'ഹായ്' എന്ന് പറയാത്തത്! കൂട്ടുകാരുടെ പ്രോത്സാഹനത്തിൽ അവൻ കൂടുതൽ ഉത്സാഹത്തോടെ വരച്ചു. വരയ്ക്കനുസരിച്ച് കൊച്ചു കവിതകൾ പിറന്നു . അതെ, ശരിയ്ക്കും കുഞ്ഞുണ്ണിക്കവിതകൾ പോലെ തന്നെ. പക്ഷെ കുഞ്ഞുണ്ണിക്കവിതകൾ പഠിപ്പിക്കുന്ന മലയാളം ടീച്ചർക്ക് പോലും ആ കുഞ്ഞു കുറിപ്പുകൾ ആസ്വദിക്കാനാവുന്നില്ലല്ലോ എന്നത് ചീരുവിനെ വിഷമിപ്പിച്ചു. പിന്നെയാണോ സയൻസ് ടീച്ചർമാർ! ഇതൊക്കെ ചീരുവിനു തോന്നിയത് സയൻസ് തന്നെ സാഹിത്യമായി മാറാം എന്നൊക്കെ തിരിച്ചറിവ് ഉണ്ടാവുന്നതിനും എത്രയോ മുൻപാണ് കേട്ടോ!

ടീച്ചറുടെ കൈ ചുമലിൽ പതിച്ചപ്പോൾ പോലും, വേദന കൊണ്ട് പുളഞ്ഞ് എഴുന്നേറ്റപ്പോൾ പോലും അവന്റെ കണ്ണുകളിൽ നിന്ന് വരയുടെ ചിരി മാറിയിരുന്നില്ല. ആ ടീച്ചർ പുസ്തകം പിടിച്ചു വലിച്ച് എല്ലാ ശക്തിയും സംഭരിച്ച് മുറിയുടെ ഒരറ്റത്തേയ്ക്ക് ആഞ്ഞെറിയുമ്പോഴും തന്റെ വരയുടെ ഊക്ക് , വാക്കിന്റെ ശക്തി അവനറിഞ്ഞില്ല. ക്ലാസ് സ്തബ്ധമായി. ചീരുവാണ് ഏറ്റവും വിഷമിച്ചത്. അവളുടെ ഉറ്റ ചങ്ങാതിയാണ്. എന്നാൽ അവരുടെ സൗഹൃദത്തെയും ആ ടീച്ചർക്ക് സംശയമായിരുന്നു. പലർക്കും അങ്ങിനെ തന്നെയായിരുന്നു. സ്കൂൾ അവൾക്കൊരുക്കിയ അനേകം അത്ഭുതങ്ങളിൽ ഒന്ന് അതായിരുന്നു . ആറാം ക്ലാസുവരെ പഠിച്ചിരുന്ന സ്കൂൾ വിട്ട് ഇവിടെ ചേർന്നപ്പോൾ ആരോഗ്യകരമായ ബന്ധങ്ങൾ ആൺ-പെൺകുട്ടികൾ തമ്മിലുണ്ടാവുമല്ലോ എന്ന് അവളുടെ അച്ഛനമ്മമാർ വരെ ആശ്വസിച്ചിരുന്നു. ഈ 'ആരോഗ്യകരം' എന്താണെന്ന് അവൾ ഇടയ്ക്കിടയ് അന്തം വിടാറുണ്ടെങ്കിലും, പോട്ടെ ഏതായാലും നല്ല കാര്യമാണല്ലോ എന്നവൾ ആശ്വസിക്കാറുണ്ട്. പക്ഷേ ഇവിടെ കാര്യങ്ങൾ ഒന്നുകൂടി കുഴഞ്ഞു മറിഞ്ഞ മട്ടാണ്. കോൺവെൻറ്റിൽ ഇല്ലാത്ത ആൺകുട്ടികളെ കുറിച്ചാണ് വേവലാതിയെങ്കിൽ , ഇവിടെ നേരെ മറിച്ചാണ്. ക്ലാസിലല്ലാതെ പുറത്തെവിടെ നിന്നും സഹപാഠികളായ ആൺകുട്ടിയും പെൺകുട്ടിയും സംസാരിക്കാൻ പാടില്ല . പ്രത്യേകിച്ച് ഒരാൺകുട്ടിയേയും ഒരു പെൺകുട്ടിയേയും മാറി നിന്ന് സംസാരിക്കുന്നതു കണ്ടാൽ ചിലർക്ക് ഹാലിളകിയ പോലെയാണ്. കുട്ടികൾക്ക് തന്നെ ചിരി വരും, ചില കുസൃതികൾ മനഃപൂർവം ഇടവേളകളിൽ ഒത്തു കൂടും. എന്തോ

**ക്ലാസിലല്ലാതെ പുറത്തെവിടെ നിന്നും സഹപാഠികളായ ആൺകുട്ടിയും പെൺകുട്ടിയും സംസാരിക്കാൻ പാടില്ല . പ്രത്യേകിച്ച് ഒരാൺകുട്ടിയേയും ഒരു പെൺകുട്ടിയേയും മാറി നിന്ന് സംസാരിക്കുന്നതു കണ്ടാൽ ചിലർക്ക് ഹാലിളകിയ പോലെയാണ്. കുട്ടികൾക്ക് തന്നെ ചിരി വരും, ചില കുസൃതികൾ മനഃപൂർവം ഇടവേളകളിൽ ഒത്തു കൂടും. എന്തോ അന്താരാഷ്ട്രരഹസ്യം പങ്കുവെയ്ക്കുന്ന മട്ടിൽ മന്ത്രിക്കും. താഴ്ന്ന സ്വരത്തിൽ സംസാരിക്കും. ചാരന്മാരും ചാരത്തികളും പ്രിൻസിപ്പലിന്റെ മുറിയിലേക്കും സ്റ്റാഫ് റൂമിലേക്കും നെട്ടോട്ടം ഓടുന്നത് കണ്ട് തലതല്ലി ചിരിക്കും.**

അന്താരാഷ്ട്രരഹസ്യം പങ്കുവെയ്ക്കുന്ന മട്ടിൽ മന്ത്രിക്കും. താഴ്ന്ന സ്വരത്തിൽ സംസാരിക്കും. ചാരന്മാരും ചാരത്തികളും പ്രിൻസിപ്പലിന്റെ മുറിയിലേക്കും സ്റ്റാഫ് റൂമിലേക്കും നെട്ടോട്ടം ഓടുന്നത് കണ്ട് തലതല്ലി ചിരിക്കും.

പക്ഷേ കിച്ചു ആ കൂട്ടത്തിൽ പെട്ട കുട്ടിയല്ല. അവൻ സൗമ്യ പ്രകൃതനാണ്. ബഹളമില്ല. ആരവങ്ങൾക്കിടയിൽ, ക്രിക്കറ്റും ഫുട്ബോളുമൊക്കെ കളിക്കുമ്പോഴും മനസ്സ് മറ്റെന്തൊക്കെയോ ഓർത്ത് ഇടറുന്നുണ്ടെന്ന് തോന്നിപ്പോകും. എന്നിട്ടും ചില അധ്യാപകർക്ക് അവനെ മനസ്സിലായില്ല. അവന്റെ മൗനം അവർ ഒരു വെല്ലുവിളിയായാണ് കണ്ടത്. മറ്റു കുട്ടികൾക്ക് തല്ലു കൊള്ളുമ്പോൾ പോലും അവന്റെ മുഖം അസ്വസ്ഥമാകുന്നതും, നെറ്റിയിൽ വിയർപ്പു പൊടിയുന്നതും, കണ്ണുകൾ ഈറനണിയുന്നതും അവൾ ശ്രദ്ധിച്ചിട്ടുണ്ട് .

അവന്റെ വീടിനെയും കുടുംബത്തെയും അവൾക്കറിയാം. സ്നേഹം മാത്രം സംസാരിക്കാൻ അറിയാവുന്ന അമ്മയും അച്ഛനും . അമ്മയ്ക്ക് പലതരം രോഗങ്ങളുണ്ടെന്ന് അവൻ പറയാറുണ്ട്. പാട്ടും കവിതയുമൊക്കെയായി ഒരുപാടു നേരമ്പോക്കുകൾ പറയുന്ന അച്ഛൻ. പക്ഷേ കിച്ചു എപ്പോഴും ചിന്തയിലാണ് . ഉറക്കെ സംസാരിക്കില്ല.

മൃഗങ്ങൾ സുഹൃത്തുക്കളാണ്. മരങ്ങളെ അതിലേറെ ഇഷ്ടമാണ്. എന്തിനെന്നില്ലാത്ത ഒരു സങ്കടം അവന്റെ  മുഖത്ത് തത്തിക്കളിക്കുന്നത് കാണാം. അവന്റെ ഈ ശാന്ത   പ്രകൃതത്തെ മറ്റ് ആൺകുട്ടികൾ കളിയാക്കാറുണ്ട്. “നീ എന്താടാ പെൺകുട്ടികളെ പോലെ?” അവർ ആർത്തു ചിരിക്കും.ചീരു അവരോട് പോരിന് നിൽക്കും. “അതെന്താ പെൺകുട്ടി അത്ര മോശാ?” നിനക്കെന്താ പൊള്ളാൻ? നീ അവന്റെ ചേട്ടനാണോ? അങ്ങിനെ അവർ അവളെ ആൺകുട്ടിയും, കിച്ചുവിനെ പെൺകുട്ടിയും ആക്കി മാറ്റും.  ഇതിലൊന്നും കിച്ചുവും ചീരുവും പതറിയില്ലെങ്കിൽ അടുത്ത മാരക പ്രയോഗം ഇങ്ങിനെയാണ്. “ഞങ്ങൾക്കൊക്കെ മനസ്സിലാവണ്ണ്ട് ട്ടോ...” എന്നിട്ടു അർത്ഥഗർഭമായ ചില നോട്ടങ്ങളും ശബ്ദങ്ങളും വീണ്ടും അസഹ്യമായ പരിഹാസ ചിരികളും.ശൂന്യമായ കണ്ണുകളോടെ കിച്ചു അവരെ നോക്കുമ്പോൾ അവൾ പറയും “നീ അതൊന്നും മൈൻഡ് ചെയ്യണ്ട ട്ടോ.” അവളത്   പറയേണ്ട കാര്യമില്ലെന്നു അവൾക്കു തന്നെ അറിയാം.കാരണം ഇതിനകം അവന്റെ മനസ്സ്  മറ്റൊരു ലോകത്തേക്ക് പറന്നു പോയിരിക്കും. അവനെ  മാത്രം കാത്തിരിക്കുന്ന   ഒരിടത്തേക്ക്.അവൾക്കു കൗതുകമുണ്ട് ,അവൻ ഇതിനിടയിൽ അഭയം തേടുന്ന  ലോകം എങ്ങിനെ ആണെന്നറിയാൻ.പക്ഷെ അതവന്റെ സ്വകാര്യ അഭയകേന്ദ്രമാണെന്നു അവൾ ഇതിനകം അറിഞ്ഞിരിക്കുന്നു. അവിടെ നിന്ന് തിരിച്ചെത്തുമ്പോൾ മനസ്സിനെ തകർക്കുന്ന നിസ്സഹായതയാണ് ആ മുഖത്ത്. ഇടയ്ക്കു അവൾക്കു തോന്നാറുണ്ട് അവനീ ലോകത്തു വഴിതെറ്റി വന്ന ജീവിയാണെന്ന് .

ആ കിച്ചുവിന്റെ പുസ്തകമാണ് ടീച്ചർ വലിച്ചെറിഞ്ഞത്. പ്രാക്ടിക്കൽ ബുക്കാണ് . സംഭവം ഗുരുതരമാണ്. ഫൈനൽ പരീക്ഷാ ഫലങ്ങളെ തന്നെ മാറ്റി മറിക്കാം. മറ്റാരേക്കാൾ ക്ഷുഭിതയായത് ചീരുവാണ് എന്നതാണ് ടീച്ചർമാരെയെല്ലാം ശുണ്ഠി പിടിപ്പിച്ചത്. അതു കൊണ്ടാണ് രണ്ടാളുടേയും രക്ഷിതാക്കളെ വിളിപ്പിച്ചത്. ചീരുവിന്റെ അമ്മയോട് ഒറ്റകാര്യമാണ് ടീച്ചർക്ക് പറയാനുള്ളത്: “കുട്ടി മാളോരുടെ അമ്മായിയാ. എല്ലാ കാര്യത്തിലും ഇടപെടും. അവൾക്ക് അവളുടെ കാര്യം നോക്കിയാൽ  പോരേ. പിന്നെ എപ്പോൾ നോക്കിയാലും ആ പയ്യനോടു സംസാരിച്ചുകൊണ്ടിരിക്കും, ആൺ കട്ടികളോട് ഇങ്ങിനെ അടുപ്പം കാണിക്കാമോ?” ചീരു പോലും പ്രതീക്ഷിക്കാതെ അമ്മ ഒരു മറുചോദ്യം തിരിച്ചിട്ടു: “അടുപ്പം പാടില്ലെങ്കിൽ പിന്നെന്തിനാണു ടീച്ചറേ ഇവരെ ഒന്നിച്ചിരുത്തി പഠിപ്പിക്കുന്നത്?” ചീരു തന്നെ ഞെട്ടിപ്പോയി.അമ്മ കൊള്ളാല്ലോ.

വീട്ടു പണിക്കിടയിലൂടെ, തന്റെ കൂടപ്പിറപ്പായ ആസ്ത്മാ വലിവിനെ മറന്നു  കിച്ചുവിന്റെ അമ്മ ഓടിക്കിതച്ചെത്തി ടീച്ചറോട്  അവരുടേതായ രീതിയിൽ സങ്കടം പറഞ്ഞപ്പോൾ മാത്രമാണ് അവനെ  പരീക്ഷ എഴുതാൻ അനുവദിച്ചത്. എങ്ങിനെയൊക്കെയോ  ഏച്ചുകെട്ടി സമർപ്പിച്ചു.പക്ഷെ ടീച്ചറുമായുള്ള ബന്ധം ഏച്ചുകെട്ടാനായില്ല. അത് പൂർവാധികം വഷളായി.കിച്ചുവിന്റെ വരക്കു മൂർച്ച കൂടി.കടുത്ത ഭാവങ്ങൾ തെളിയാൻ തുടങ്ങി. വാക്കുകളിൽ എരിവ് കൂടി. പിന്നെപ്പോഴോ അവൻ യാത്ര പറഞ്ഞു പോയി.

പക്ഷെ  അവന്റെ വരക്കും വാക്കിനുമായി ചീരു ഇന്നും തേടാറുണ്ട് .അവന്റെ കൈയ്യൊപ്പ് ഇല്ലെങ്കിലും അവൾക്കത് തിരിച്ചറിയാനാകും. കാരണം കിച്ചുവിനെ പോലെ സ്വപ്നം കാണാൻ അവനു മാത്രമേ കഴിയൂ.അവൻ പോയ ശേഷമുള്ള ക്ലാസ്സുകളിൽ  വിജയഭാവത്തോടെ കയറി വരുമ്പോൾ കണ്ട  ചീരുവിന്റെ മുഖഭാവം  ടീച്ചറെ അലട്ടി. കാരണം അവർ പ്രതീക്ഷിച്ച കോപമോ സങ്കടമോ അല്ല അവളുടെ മുഖത്തുണ്ടായിരുന്നത് . ചീരുവിന്റെ കണ്ണുകളിൽ തുളുമ്പിനിന്നതു ടീച്ചറോടുള്ള സഹതാപമായിരുന്നു.ഒരു നല്ല മനസ്സിനെ കാണാതെ പോയ ഒരു സ്ത്രീയോടുള്ള സഹതാപം!

**“കുട്ടി മാളോരുടെ അമ്മായിയാ. എല്ലാ കാര്യത്തിലും ഇടപെടും. അവൾക്ക് അവളുടെ കാര്യം നോക്കിയാൽ  പോരേ. പിന്നെ എപ്പോൾ നോക്കിയാലും ആ പയ്യനോടു സംസാരിച്ചുകൊണ്ടിരിക്കും, ആൺ കട്ടികളോട് ഇങ്ങിനെ അടുപ്പം കാണിക്കാമോ?” ചീരു പോലും പ്രതീക്ഷിക്കാതെ അമ്മ ഒരു മറുചോദ്യം തിരിച്ചിട്ടു: “അടുപ്പം പാടില്ലെങ്കിൽ പിന്നെന്തിനാണു ടീച്ചറേ ഇവരെ ഒന്നിച്ചിരുത്തി പഠിപ്പിക്കുന്നത്?” ചീരു തന്നെ ഞെട്ടിപ്പോയി.അമ്മ കൊള്ളാല്ലോ.**

കവിത

സിന്ധു ഉല്ലാസ്



# വാക്ക്... പല വാക്ക്

വാക്കുകൾ
തലങ്ങും വിലങ്ങും അടരാൻ
തിക്കു മുട്ടി നിൽപ്പുണ്ട്
പല ഭാവങ്ങളിൽ പല നേരങ്ങളിൽ

ഒളികണ്ണെറിഞ്ഞ്
കടന്നുപോകുന്ന മറുവാക്ക് കാത്ത്
മധുരം കിനിയുമൊരു വാക്ക്
ഇടവഴിയിലലസമായി നിൽപ്പുണ്ട്

മുറുകും കരങ്ങളെ
കുതറിച്ചു പായുവാൻ
വെമ്പുന്ന പെൺവാക്കുകൾ
തൊണ്ടയിൽ കുരുങ്ങുന്നുണ്ട്

ഓമനിക്കാനെന്ന നാട്യത്തിലെത്തുന്ന
ഉദ്ധരിച്ച വാക്കുകൾ കൊഴിച്ചിട്ട
പൂമൊട്ടുകൾ ചുറ്റും
നിശ്ചലം ചിതറിക്കിടപ്പുണ്ട്

പ്രിയരെന്നു കരുതിയവർ ഉപേക്ഷിച്ച
വൃദ്ധയാം വാക്കൊന്ന്
ഏകയായ് എവിടെയൊ
ഇടനെഞ്ച് വിങ്ങിയിരുപ്പുണ്ട്

വീറുറ്റ ശബ്ദമായ്
പോരിനിറങ്ങിയ വാക്കിന്റെ
വാമുറുക്കാൻ ഇരുൾ മറയിൽ
തീയുണ്ടകൾ പതിയിരിപ്പുണ്ട്

വീട്ടാക്കടം കൊണ്ട്
നട്ടം തിരിഞ്ഞ വാക്കുകളുടെ
ശവഘോഷയാത്രകൾ
മൗനം വിതച്ച് കടന്നു പോകുന്നുണ്ട്

നേരിലേക്ക് തുറന്നിരിക്കുന്ന
വാക്കിന്റെ കണ്ണുകൾ ചൂഴ്ന്നെടുക്കാൻ
ഭ്രാന്തൻ പുലമ്പലുകൾ
വെറുതെ കാത്തിരിപ്പുണ്ട്

തെളിവില്ലെന്ന കാരണത്താലെ
തള്ളിക്കളഞ്ഞ വാക്കുകൾ
നീതി ലഭിക്കാതെ ഇന്നും
കണ്ണീരൊഴുക്കിയിരിപ്പുണ്ട്

പറയാതെയും കേൾക്കാതെയും
പോകുന്ന വാക്കുകൾ ചുറ്റും മുരളുമ്പോൾ
ചെവികൊട്ടിയടക്കാതിരിക്കുക
ചെകിടന്മാരാകാതിരിക്കട്ടെ നമ്മൾ!!!



**ചർച്ചാവിഷയം/പുനർവായന/കഥ**

**ചന്ദ്രമതി**



# ജനകീയ കോടതി

മേബിൽ സൈമൺ, അറ്റൻഷനായി നിൽക്കുക. കൈകൾ ശരീരത്തിന്റെ ഇരുവശവും ചേർത്തുപിടിച്ചു താടി തെല്ലൊന്നു ഉയർത്തി കണ്ണുകൾ നേരെ മുന്നിലേക്കെറിഞ്ഞു മനസ്സ് ശൂന്യമാക്കി നിൽക്കുക. ഇനി ഞങ്ങളുടെ വാക്കുകൾ കേൾക്കുക.

മേബിൽ സൈമൺ, ഞങ്ങളുടെ ചോദ്യങ്ങൾക്ക് തികച്ചും സത്യസന്ധവും ആത്മാർത്ഥവുമായ മറുപടികൾ പ്രതീക്ഷിക്കുന്നുവെന്ന് ആദ്യംതന്നെ പറയട്ടെ. പ്രതീക്ഷിക്കുക മാത്രമല്ല. ഞങ്ങൾക്കതത്യാവശ്യം തന്നെയാണ്. നിന്റെ മറുപടിയിൽ അല്പമെങ്കിലും അസത്യം ഉണ്ടെന്നു തോന്നിയാൽ ഇഷ്ടമില്ലെങ്കിൽ പോലും മറ്റു നടപടികൾ സ്വീകരിക്കാൻ ഞങ്ങൾ നിർബന്ധിതരാവും. ഈ സൂചന അർഹിക്കുന്ന ഗൗരവത്തോടുകൂടി നീ ഉൾക്കൊള്ളുമെന്നും സഹകരിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ഈ ഹ്രസ്വമായ മുഖവുരക്കുശേഷം നമുക്ക് കാര്യത്തിലേക്ക് കടക്കാം.

മേബിൽ സൈമൺ, നിൻെറ ശരിയായ പേരെന്താണ്?

മേബിൽ സേറാ സൈമൺ.

ഇത് നീ ജനിച്ചപ്പോൾ തന്നെയുള്ള പേരായിരുന്നുവോ?

ഞാൻ ജനിക്കുമ്പോൾ തന്നെ എനിക്കെങ്ങനെയാണ് പേരുണ്ടാവുക?

നേരത്തെ തന്ന ഹ്രസ്വമായ സൂചനയിലേക്ക് വിരൽ ചൂണ്ടുവാൻ ഞങ്ങളാഗ്രഹിക്കുന്നു. ആത്മാർഥവും സത്യസന്ധവുമായ ഉത്തരങ്ങൾ തന്ന് സഹകരിച്ചാൽ മാത്രമേ നമുക്ക് നീതിന്യായ പരമായ ഒരു യോജിപ്പിലെത്താനാവൂ.

ജനിച്ചു കഴിഞ്ഞ് ആരോ ഇട്ട പേരാണ് മേബിൽ സേറാ. മേബിൽ എന്റെ വല്യമ്മച്ചിയുടെയും സേറാ അപ്പന്റെ അമ്മച്ചിയുടെയും പേരായിരുന്നു എന്ന് ഞാൻ മനസിലാക്കുന്നു . സൈമൺ എന്റെ അപ്പനാ ണ്. അദ്ദേഹം ഇടവകപ്പള്ളിയിൽ ധൂപം പുകയ്ക്കുകയും പള്ളിമണി അടിക്കുകയും ചെയ്യുന്നു.

ആവശ്യത്തിൽ കൂടുതൽ വിവരങ്ങൾ തന്നു സഹായിക്കാൻ ശ്രമിക്കണമെന്നില്ല. നീ സലോമി എന്നപേരിൽ എപ്പോഴെങ്കിലും അറിയപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

എപ്പോൾ? എങ്ങനെ?

സലോമി എന്ന പേരിൽ ഞാൻ വല്ലതുമൊക്കെ എഴുതാറുണ്ട്.

വിശുദ്ധ യോഹന്നാന്റെ ശിരസ്സ് മുറിപ്പിച്ച സലോമിയുടെ പേരുതന്നെ നീ സ്വീകരിക്കുവാൻ പ്രത്യേകിച്ചെന്തെങ്കിലും കാരണം പറയാനുണ്ടോ.

അങ്ങനെ പ്രത്യേകിച്ചൊന്നുമില്ല.

ചില രേഖകളിൽ നിന്റെ പേര് മേബിൽ ജോസഫ് എന്നു കാണപ്പെടുന്നുവല്ലോ. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

ജോസഫ് ഞാൻ വിവാഹം കഴിച്ചയാൾ.

ആ വാക്കുകൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. ജോസഫിനെ വിവാഹം കഴിച്ചു എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നീ മുൻകൈയെടുത്ത് ജോസഫിനെ (പ്രണയിച്ചിട്ടോ പ്രണയിക്കാതെയോ ആവാം). വിവാഹം ചെയ്തുവെന്നാണ് എന്ന് മനസ്സിലാക്കുന്നുണ്ടോ?

അങ്ങനെ ഉദ്ദേശിച്ചിട്ടില്ല .

പിന്നെ എന്താണാവോ മേബിൾസൈമൺന്റെ ഉദ്ദേശം. പീറ്റർസൈമൺ തന്റെ നിലയ്ക്കൊത്ത കുടുംബത്തിൽനിന്ന് മകൾക്കായി കണ്ടുപിടിച്ച വരനാണ് ജോസഫ് എന്നേ ഉദ്ദേശിച്ചുള്ളൂ. അപ്പോൾപ്പിന്നെ നീയാണ് അയാളെ വിവാഹം കഴിച്ചത് എന്ന് പറയുന്നത് എത്രത്തോളം ശരിയാണ്? അയാളാണ് എന്നെ വിവാഹം കഴിച്ചതെന്ന് പറയുന്നിടത്തോളം. ഈ വാക്കുകളുടെ ഉള്ളിലേക്ക് ഇപ്പോൾ കടക്കുന്നില്ലെങ്കിലും അവയിൽ പ്രകടമായി സ്ഫുരിക്കുന്ന ധാർഷ്ട്യം നിന്റെ തനതു ഭാവമാണെന്നും ഞങ്ങളറിയുന്നു. ഇനി (വീണ്ടും)

കാര്യത്തിലേക്ക് കടക്കാം. അത്യന്തികമായി നീയൊരു സ്ത്രീയാണെന്നതറിയുന്നുവോ? സമ്മതിക്കുന്നുവോ? മനസ്സിലാക്കുന്നുവോ?

അറിയുന്നു. സമ്മതിക്കുന്നു. മനസ്സിലാക്കുന്നു.

ഒരു സ്ത്രീയായി പിറന്നതിൽ നീ ദുഖിക്കുന്നുണ്ടോ?

ഇല്ല.

എന്തുകൊണ്ട് ?

ചോദ്യം മനസ്സിലായില്ല.

സ്ത്രീയായി പിറന്നതിൽ ദുഖിക്കുന്നവരാണ് നാട്ടിലെ സ്ത്രീകളെല്ലാമെന്ന് അവരുടെ സംസാരത്തിൽ നിന്നും പ്രവർത്തിയിൽ നിന്നും കഥ -കവിത- ലേഖനങ്ങളിൽ നിന്നും പൊതുവായൊരു ധാരണ ഉരുത്തിരിഞ്ഞുവന്നിട്ടുള്ളതിന്റെ പശ്ചാത്തലത്തിലാണ് ചോദ്യം.

ഞാൻ ഫ്രോയ്ഡിന്റെ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നില്ല.

മേബിൾ സൈമൺ, വിയന്നയിലെ ആ താടിക്കാരൻ സ്നേഹിതനിൽ  കഥകളെഴുതാൻ തുടങ്ങുന്നവരൊഴികെ  ആരും വിശ്വസിക്കുന്നില്ലെന്ന് ഞങ്ങൾക്കറിയാം. ലൈംഗികവിദ്യാഭ്യാസം എൽ.കെ.ജി മുതൽ ആരംഭിക്കാൻ ആലോചിക്കുന്ന നമുക്ക് അതിന്റെ ആവശ്യമില്ല താനും. പക്ഷേ, ഞങ്ങളുടെ ചോദ്യത്തിന് ഫ്രോയ്ഡുമായി ബന്ധമില്ലെന്നും ചോദ്യവുമായി ബന്ധമില്ലാത്ത ഉത്തരം തന്നു ഞങ്ങളെ കുഴക്കാൻ ശ്രമിക്കരുതെന്നും ഫ്രോയ്ഡിനെ മാത്രമല്ല ഫ്രോമിനെ വരെ ഞങ്ങൾക്കറിയാമെന്നും പ്രസ്താവിച്ചുകൊള്ളട്ടെ.

സ്ത്രീ അപൂർണയാണെന്നത് ഫ്രോയ്ഡിന്റെ ആശയമാണ്. അതാണ് ചോദ്യവും ഉത്തരവും തമ്മിലുള്ള ബന്ധം .

ഈ ഉത്തരം മനസ്സിലാക്കാൻ അല്പം ആലോചന ആവശ്യമായി വന്നതുകൊണ്ട് തൽക്കാലം മാറ്റിവയ്ക്കുന്നു. സ്ത്രീയായി പിറന്നതിൽ മേബിൾ സൈമൺ ദുഃഖിക്കുന്നില്ല എന്നുമാത്രം രേഖപ്പെടുത്തട്ടെ. ഇനി (വീണ്ടും) കാര്യത്തിലേക്കു കടക്കുന്നു. നീ ജനിച്ച മതത്തിൽ വിശ്വസിക്കുന്നുവോ?

എല്ലാ മതങ്ങളുടെയും തത്വങ്ങളിൽ എനിക്ക് വിശ്വാസമുണ്ട്.

നീയൊരു മതവിശ്വാസിയല്ല, മതതത്വങ്ങൾ പാലിക്കുന്നില്ല എന്നുപറഞ്ഞാൽ മേബിൾ സൈമൺ, നീ നിഷേധിക്കുമോ?

നിഷേധിക്കും.

എന്തുകൊണ്ട് ?

അതു സത്യമല്ലാത്തതുകൊണ്ട്. ഞാൻ പ്രാർത്ഥന മുടക്കാറില്ല. ഓരോ പ്രാർത്ഥനയും മനസ്സു കഴുകി വെടുപ്പാക്കലാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ദൈവവിശ്വാസമുള്ള നീ എന്തുകൊണ്ട് നിന്റെ കടമകൾ നിർവഹിക്കുന്നില്ല?

അങ്ങനെ ഞാൻ വിചാരിക്കുന്നില്ല.

നിന്റെ ഭർത്താവായ, ബാബു എന്നു വിളിക്കുന്ന മൈക്കിൾ ജോസഫ് അങ്ങനെ വിശ്വസിക്കുന്നു.

എങ്കിലത് തെളിയിക്കേണ്ടത് ബാബുവാണ്.

ഞാൻ മൈക്കിൾ ജോസഫ്. ഒരു കപ്യാരുടെ മകളായ മേബിൾ സേറായെ ഞാൻ വിവാഹം കഴിച്ചു. ടോണി പീറ്റർ ജോസഫ് എന്നൊരു മകൻ ഞങ്ങൾക്കുണ്ടായി. മേബിൾ ധാരാളം വിചിത്ര സ്വഭാവങ്ങളുള്ള ഒരു പെണ്ണാണെന്ന് ആദ്യം മുതൽ തന്നെ എനിക്ക് തോന്നിയിരുന്നു. പുസ്തകം കയ്യിൽ കിട്ടിയാൽ പാലു തിളച്ചുതൂകുന്നതു പോലും അവളറിയില്ല. ആദ്യരാത്രിയിൽ മണിയറയ്ക്കുള്ളിൽ പുസ്തകം വായിച്ചു കൊണ്ടാണ് അവളെന്നെ കാത്തിരുന്നത്. എല്ലാറ്റിനും അവൾക്ക് അവളുടേതായ അഭിപ്രായങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. സ്ത്രീകൾ ചെയ്യേണ്ടതായ ഒന്നിലും അവൾക്ക് താല്പര്യമില്ല . ചുളുങ്ങിയ കിടക്കവിരി നിവർത്തി വിരിക്കുകയോ  ചുവരുകൾ മാറാല കൂടാതെ സൂക്ഷിക്കുകയോ വാല്യക്കാരി പെണ്ണ് കട്ടിലിനടിയിലെ പൊടി തുടക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കുകയോ ഒന്നും അവൾക്ക് വയ്യ. എനിക്കിഷ്ടമുള്ള ആഹാരം എന്തെന്നറിഞ്ഞു പാകപ്പെടുത്തി തരിക വയ്യ. മേബിളിന് എപ്പോഴും വായിക്കണം. അതിലേറെ സമയം ശൂന്യതയിൽ നോക്കി ആലോചിച്ചിരിക്കണം. ചിലപ്പോൾ എന്തെങ്കിലുമൊക്കെ എഴുതുന്നതു കണ്ടിട്ടുണ്ടെങ്കിലും ഒന്നും കാണിച്ചിട്ടില്ല.  ചിലതൊക്കെ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അതിന് കാശു കിട്ടാറുണ്ടെന്നും അവളുടെ ജോലിസ്ഥലത്തുള്ള ഒരാൾ പറഞ്ഞാണ് ഞാനറിഞ്ഞത്. ആ കാശിന് പുസ്തകങ്ങൾ വാങ്ങുന്നതിനെച്ചൊല്ലി ഞങ്ങൾ വഴക്കു കൂടുകയുണ്ടായി. ഔദ്യോഗിക ജീവിതത്തിൽ അവൾ പ്രഗൽഭയെന്നറിയുന്നു. പക്ഷേ കുടുംബജീവിതത്തിൽ ഒട്ടുമല്ല. ഒരു ചിക്കൻ കറിയോ സാമ്പാറോ എന്തിന് ഒരു പിക്കിൾ പോലുമോ നല്ലവണ്ണം ഉണ്ടാക്കാനറിയില്ല. പ്രസവിക്കാൻ പോലും അവൾക്കു അറിയില്ലായിരുന്നു. ടോണി മോനെ അവളുടെ വയറ്റിൽ നിന്ന് ഓപ്പറേഷൻ ചെയ്താണെടുത്തത്. എന്റെ അമ്മച്ചി ഇല്ലായിരുന്നെങ്കിൽ അവൻ വളരില്ലായിരുന്നു. എനിക്കു മേബിളിനെ മനസ്സിലാക്കാനാവുന്നില്ല. ഈയിടെയായി രാത്രിയിൽ നിർവേദഭാവേന അവളെന്നെ അവഗണിക്കുന്നു.

ബാബു, ഇത്രയും നിങ്ങൾ ഉള്ളിലൊതുക്കിവെച്ചിരുന്നുവോ? സത്യമായും എനിക്കൊന്നുമറിയില്ല. രാത്രിയിൽ നിങ്ങളും കൊച്ചുമോനും ഉറങ്ങിക്കഴിയുമ്പോൾ ആകാശം കാണാൻ മട്ടുപ്പാവിലിറങ്ങിനിൽ

ക്കുന്ന എന്റെ മനസ്സ്, അതിനു കിട്ടുന്ന ആനന്ദം നിങ്ങൾക്കൂഹിക്കാനാവുമോ? ആകാശത്തിലെ വേട്ടക്കാരനും മകര മത്സ്യവും നിലാവിൽ അനങ്ങുന്ന ഓലത്തുമ്പിന്റെ മൗനസംഗീതവും ചിലപ്പോഴത്തെ രാവിന്റെ കരിംസൗന്ദര്യവും എന്റെ സ്വകാര്യതയിൽ സലോമിയെ ഉണർത്തുന്നു. പിന്നെ അവളുടെ നൃത്തം തുടങ്ങുകയായി . കയ്യിൽ വെള്ളി താമ്പാളവുമായി മുടി ചിതറി, കണ്ണ് ജ്വലിച്ച്, നാവു നുണഞ്ഞ് സലോമിയുടെ നൃത്തം. ബാബൂ, എന്റെയാ കൊച്ചു സ്വകാര്യതയ്ക്ക് നിങ്ങൾ ഇത്രയേറെ വിലകൽപ്പിച്ചിരുന്നുവോ?

മേബിൾ സൈമൺ, അറ്റൻഷനായി നിൽക്കുക. നിന്റെ മനസ്സ് പിടികിട്ടാപ്പക്ഷിയാണെന്ന് മൈക്കിൾ ജോസഫിനെ പോലെ ഞങ്ങൾക്കും മനസ്സിലാവുന്നു. പുരുഷന്റെ വാരിയെല്ലിൽ നിന്ന് സൃഷ്ടിക്കപ്പെട്ട നീ അവന്റെ സഹായ വസ്തുവാകുന്നു. അതെന്തുകൊണ്ട് നീ മറന്നുപോയി? നിന്റെ മുഖത്ത് സ്ഫുരിക്കുന്ന അമർഷം ഞങ്ങൾ കാണുന്നുവെങ്കിലും അത് മനപ്പൂർവം അവഗണിച്ചുകൊണ്ട് ഞങ്ങൾ അടുത്ത റൗണ്ടിലേക്ക് കടക്കുന്നു. സാധാരണ ടിവി പ്രശ്നോത്തരികളിലെ അവസാനത്തെ ഇനം പോലെ അതിവേഗം ഞങ്ങൾ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം തരിക. ഓരോ ഉത്തരത്തിനും പരമാവധി എടുക്കാവുന്ന സമയം ഒരു സെക്കണ്ട് മാത്രം. ഇതാ തുടങ്ങുകയായി:

ഒന്ന്, ഒരു ഗ്യാസ് സിലിണ്ടറിന്റെ ഇന്നത്തെ വിലയെത്ര?

അറിയില്ല.

രണ്ട്, നിങ്ങളുടെ റേഷൻകാർഡിൽ അനുവദിച്ചിട്ടുള്ള യൂണിറ്റ് എത്ര?

അറിയില്ല.

മൂന്ന്, ബാബു എന്ന മൈക്കിൾ ജോസഫിന് പ്രിയങ്കരമായ നിറമെന്ത്?

ഇളം നീല... എന്ന് തോന്നുന്നു.

നാല്, ബ്രോയിലർ ചിക്കന്റെ മാർക്കറ്റ് വിലയെന്ത്?

അറിയില്ല.

അഞ്ച്, ഒരു മാസത്തെ നിങ്ങളുടെ ഗൃഹോപയോഗത്തിന് എത്ര കിലോ സോപ്പുപൊടി വേണ്ടിവരും?

അറിയില്ല.

ആറ്, നിങ്ങളുടെ മകന്റെ മലയാള പാഠപുസ്തകത്തിലെ ഒരു കവിതയുടെ പേര്?

അവൻ നഴ്സറിയിലാണ്. മലയാളം പഠിക്കുന്നില്ല.

ഏഴ്, ഏതു മാർക്കറ്റിലാണ് മത്സ്യത്തിന് അമ്പതു പൈസയോളം വിലക്കുറവുള്ളത്?

തീർച്ചയില്ല,

എട്ട്, അവിയലിന് ഉപയോഗിക്കാത്ത പച്ചക്കറികളേവ?

അറിയില്ല.

ഒമ്പത്, നിങ്ങളുടെ വീടിന് ഏറ്റവുമടുത്ത പലവ്യഞ്ജനകടയുടെയോ അതിന്റെ ഉടമസ്ഥന്റെയോ പേര്?

അറിയില്ല.

പത്ത്, കുട്ടിയെ കടന്നൽ കുത്തിയാൽ ഉപയോഗിക്കേണ്ട മരുന്ന്?

അറിയില്ല.

മേബിൾ സൈമൺ, നിനക്ക് ഈ റാപ്പിഡ്ഫയർറൗണ്ടിൽ ആകെ മൊത്തം ഒന്നര മാർക്കേ കിട്ടിയിട്ടുള്ളൂവെന്ന് അറിയിച്ചു കൊള്ളട്ടെ. ഇത് മൈക്കിൾ ജോസഫിന് നിന്നെപ്പോലെ ചുമതലാബോധമില്ലാത്ത ഒരു ഭാര്യനിമിത്തം അനുഭവിക്കേണ്ടി വരുന്ന ദുരവസ്ഥയിലേക്ക് ശ്രദ്ധതിരിക്കുന്നു. ഇതിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടോ?

ഞാൻ... ഞാൻ പ്രതിഷേധിക്കുന്നു.

തികച്ചും അർത്ഥമില്ലാത്തൊരു വാചകമെന്നതിലുപരി ഒരു പ്രാധാന്യവും ഞങ്ങളിതിനു കൊടുക്കുന്നില്ല. ഒരു സ്ത്രീയെന്ന നിലയിൽ ജീവിതം അർത്ഥവത്താക്കുന്ന എന്തു പ്രവൃത്തി നീ ചെയ്തിട്ടുണ്ട്?

എനിക്ക് ഉദ്യോഗത്തിൽ ഡബിൾ പ്രമോഷൻ കിട്ടിയിട്ടുണ്ട്.

അതുകൊണ്ട് വ്യക്തിപരമായ നിലയിലല്ലാതെ നിന്റെ കുടുംബത്തിന് എന്ത് പ്രയോജനം കിട്ടി?

മേലധികാരി എനിക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും തന്നു. അതുകൊണ്ട് ഞാൻ മോനും ബാബുവിനും വസ്ത്രങ്ങൾ വാങ്ങി.

ആ വസ്ത്രങ്ങളില്ലെങ്കിലും അവർ നഗ്നരാവുമായിരുന്നില്ല. വേറെ എന്തെങ്കിലും പറയാനുണ്ടോ?

ഞാൻ– ഞാനെഴുതുന്നത് പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നു.

ശുപാർശയും സ്വാധീനവും കൊണ്ട് ആർക്കുമത് സാധിക്കാവുന്നതേയുള്ളൂ. അതുകൊണ്ട് നിന്റെ ഭർത്താവിനും മകനും എന്തു പ്രയോജനം, നീ വാങ്ങിക്കൂട്ടുന്ന പുസ്തകങ്ങളിലെ പൊടി അവരെ ശ്വാസം മുട്ടിക്കുന്നതല്ലാതെ ?

അതുകൊണ്ട് മേബിൾ സൈമൺ, മൈക്കിൾ ജോസഫിന്റെ ഭാര്യയായ നീ സലോമിയുടെ വെള്ളിത്താമ്പാളം നിലത്തിറക്കി മേബിൾ ജോസഫായി കഴിയുക. അവനു പ്രിയപ്പെട്ട വെണ്ടക്കാ സാമ്പാറും കോഴിമപ്പാസും വെക്കാൻ പഠിക്കുക. അവന്റെ വസ്ത്രങ്ങളലക്കി, അവന്റെ ഗൃഹം വെടിപ്പാക്കിവെച്ച്, അവന്റെ കുഞ്ഞിനെ ശുശ്രൂഷിച്ച്, നിന്റെ ഉദ്യോഗം വെറും ഹോബിയാക്കിയെടുത്ത് ഒരു നല്ല ഭാര്യയായി, നല്ല അമ്മയായി നിന്റെ മരണം വരെ കഴിയാൻ ഞങ്ങൾ വിധിക്കുന്നു.

സ്ത്രീയായി ജനിച്ചതിൽ നീ ദുഃഖിക്കുന്നില്ലെന്ന് മുമ്പ് പറഞ്ഞുവല്ലോ. മേബിൾ സൈമൺ, മറ്റുള്ളവരും അതിൽ ദുഃഖിക്കാതിരിക്കട്ടെ!

*കടപ്പാട് : ആര്യാവർത്തനം 1995*

വായനാനുഭവം

മിനി പ്രസാദ്






# വിചാരണ നേരിടുന്നവൾ

സാഹിത്യതത്പരയും ഉദ്യോഗസ്ഥയുമായ ഒരു സ്ത്രീയെ സമൂഹം വിചാരണ ചെയ്യുന്നതിലെ അപഹാസ്യതയാണ് ചന്ദ്രമതിയുടെ 'ജനകീയ കോടതി' എന്ന കഥയുടെ പ്രമേയം. പ്രതി മേബിൾ സൈമൺ. അവളുടെ ഭർത്താവ് മൈക്കിൾ ജോസഫാണ് വാദി. അയാൾ മേബിളിനെതിരെയുള്ള കുറ്റപത്രം അവതരിപ്പിച്ചതിങ്ങനെ. "മേബിൾ ധാരാളം വിചിത്ര സ്വഭാവങ്ങളുള്ള ഒരു പെണ്ണാണെന്ന് ആദ്യം മുതൽ തന്നെ എനിക്ക് തോന്നിയിരുന്നു. പുസ്തകം കയ്യിൽ കിട്ടിയാൽ പാലു തിളച്ചുതൂകുന്നതു പോലും അവളറിയില്ല. ആദ്യരാത്രിയിൽ മണിയറയ്ക്കുള്ളിൽ പുസ്തകം വായിച്ചു കൊണ്ടാണ് അവളെന്നെ കാത്തിരുന്നത്. എല്ലാറ്റിനും അവൾക്ക് അവളുടേതായ അഭിപ്രായങ്ങളും സിദ്ധാന്തങ്ങളുമുണ്ട്. സ്ത്രീകൾ ചെയ്യേണ്ടതായ ഒന്നിലും അവൾക്ക് താല്പര്യമില്ല . ചുളുങ്ങിയ കിടക്കവിരി നിവർത്തി വിരിക്കുകയോ ചുവരുകൾ മാറാല കൂടാതെ സൂക്ഷിക്കുകയോ വാല്യക്കാരി പെണ്ണ് കട്ടിലിനടിയിലെ പൊടി തുടക്കുന്നുണ്ടോയെന്ന് ശ്രദ്ധിക്കുകയോ ഒന്നും അവൾക്ക് വയ്യ. എനിക്കിഷ്ടമുള്ള ആഹാരം എന്തെന്നറിഞ്ഞു പാകപ്പെടുത്തി തരിക വയ്യ. മേബിളിന് എപ്പോഴും വായിക്കണം. അതിലേറെ സമയം ശൂന്യതയിൽ നോക്കി ആലോചിച്ചിരിക്കണം. ചിലപ്പോൾ എന്തെങ്കിലുമൊക്കെ എഴുതുന്നതു കണ്ടിട്ടുണ്ടെങ്കിലും ഒന്നും കാണിച്ചിട്ടില്ല. ചിലതൊക്കെ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും അതിന് കാശു കിട്ടാറുണ്ടെന്നും അവളുടെ ജോലിസ്ഥലത്തുള്ള ഒരാൾ പറഞ്ഞാണ് ഞാനറിഞ്ഞത്. ആ കാശിന് പുസ്തകങ്ങൾ വാങ്ങുന്നതിനെ ചൊല്ലി ഞങ്ങൾ വഴക്കു കൂടുകയുണ്ടായി.
ഔദ്യോഗികജീവിതത്തിൽ അവൾ പ്രഗൽഭയെന്നറിയുന്നു. പക്ഷേ കുടുംബജീവിതത്തിൽ ഒട്ടുമല്ല. ഒരു ചിക്കൻ കറിയോ സാമ്പാറോ എന്തിന് ഒരു പിക്കിൾ പോലുമോ നല്ലവണ്ണം ഉണ്ടാക്കാനറിയില്ല." ഇതാണ് ആ വിചിത്രമായ കുറ്റപത്രം. ഈ പരാതിപറച്ചി

ലിലെ ശ്രദ്ധേയമായ കാര്യം സ്ത്രീകൾ ചെയ്യേണ്ടതും ചെയ്യരുതാത്തതും ആയ കാര്യങ്ങളെപ്പറ്റി മൈക്കിൾജോസഫിന്റെ കാഴ്ചപ്പാടാണ്. ഇത് സമകാലസമൂഹത്തിന്റെ കാഴ്ചപ്പാടുമാണ്.

മേബിളിന്റെ മനസ്സിനെ ഒരു പിടികിട്ടാപ്പക്ഷിയായി വ്യാഖ്യാനിച്ച് കോടതി അവളെ വിചാരണ ചെയ്യുന്നു. ഉത്തരം പറയുന്നതിൽ അവൾ കാണിക്കുന്ന നിശ്ചയദാർഢ്യം അവർക്കുൾക്കൊള്ളാനാകുന്നില്ല. ജോസഫ് താൻ വിവാഹം കഴിച്ച ആളാണ് എന്ന ഉത്തരം കോടതിയെ അത്ഭുതപ്പെടുത്തുകയും ചെയ്യുന്നു. ആത്യന്തികമായി നീയാരു സ്ത്രീയാണെന്നറിയുക എന്ന ഉപദേശത്തോടെയാണ് വിചാരണ ആരംഭിക്കുന്നത്. ഒരു ഗ്യാസ് സിലിണ്ടറിന്റെ വിലയെത്ര? കുട്ടിയെ കടന്നൽ കുത്തിയാൽ ഉപയോഗിക്കേണ്ട മരുന്ന് ഏത്? അവിയലിന് ഉപയോഗിക്കാത്ത പച്ചക്കറി ഏവ? ഇങ്ങനെ ചോദ്യങ്ങൾ തികച്ചും 'ഗാർഹിക'മായിരുന്നു. എന്നിട്ടും പത്തിൽ വെറും ഒന്നരമാർക്കാണ് മേബിളിന് കിട്ടിയത്. അവളുടെ ചുമതലാബോധമില്ലായ്മയുടെ ഉത്തമ ഉദാഹരണമായിട്ടാണ് ഈ പരാജയം സ്വീകരിക്കപ്പെടുന്നത്. ഒരു സ്ത്രീ/അമ്മ/ഭാര്യ അവശ്യം അറിയേണ്ടതായ കാര്യങ്ങൾ മാത്രമാണ് ഈ ചോദ്യങ്ങൾ എന്നിട്ടും അതൊന്നും അറിയാത്തവളെ ഉത്തമപദവികളോടെ സമൂഹത്തിനു സ്വീകരിക്കാനാവുക? സ്ത്രീയെന്ന നിലയിൽ ജീവിതം അർത്ഥവത്താക്കുന്ന ഏതു പ്രവൃത്തിയാണ് നീ ചെയ്തിട്ടുള്ളതെന്ന ചോദ്യത്തിന് ഉദ്യോഗത്തിൽ ഡബിൾ പ്രമോഷൻ ലഭിച്ചത് അവൾ ആവേശത്തോടെ പറയുന്നു. കോടതിയാവട്ടെ ആ നേട്ടത്തിന് ഒരു വിലയും കല്പിച്ചില്ലെന്നു മാത്രമല്ല ഭാവിയിൽ എങ്ങനെ ജീവിക്കണം എന്നൊരു നിർദ്ദേശവും നൽകുന്നു. ആ ഉപദേശം വളരെ ശ്രദ്ധാർഹമാണ്. അതിങ്ങനെ: "മൈക്കിൾ ജോസഫിന്റെ ഭാര്യയായ നീ സലോമിയുടെ വെള്ളിത്താമ്പാളം നിലത്തിറക്കി മേബിൾ ജോസഫായി ജീവിക്കുക. അവനു പ്രിയപ്പെട്ട വെണ്ടക്കാ സാമ്പാറും കോഴിമപ്പാസും വെക്കാൻ പഠിക്കുക. അവന്റെ വസ്ത്രങ്ങളലക്കി അവന്റെ ഗൃഹം വെടിപ്പാക്കി വെച്ച് അവന്റെ കുഞ്ഞിനെ ശുശ്രൂഷിച്ച് നല്ല ഭാര്യയായി, നല്ല അമ്മയായി നിന്റെ ജീവിതാവസാനം വരെ കഴിയാൻ ഞങ്ങൾ വിധിക്കുന്നു".

ഒരു സ്ത്രീക്ക് നല്ലവൾ എന്ന വിശേഷണം ലഭിക്കാനായി എന്തൊക്കെയായിത്തീരണമെന്ന നിർബന്ധ ബുദ്ധി ഈവാക്കുകളിൽ തെളിഞ്ഞു കാണാം. വിവാഹത്തോടെ സ്വന്തം പേരു പോലും നഷ്ടപ്പെടേണ്ടവളാണവൾ. മേബിൾ ജോസഫാകുക എന്ന നിർദ്ദേശത്തിലുള്ളത് നിർബന്ധബുദ്ധി കലർന്ന ആ ശാഠ്യമാണ്. ഉദ്യോഗം ഹോബിയായി മാത്രം എടുക്കുക എന്ന നിർദ്ദേശം ഇത്തരം ശാഠ്യങ്ങളുടെ പൂർണ്ണതയാണ്. ഉദ്യോഗത്തിന്റെ വരുമാനം ജീവിതസുരക്ഷിതത്വത്തിനാവശ്യമാണ്. പക്ഷേ, അതിനായി അവൾ സമയം കളയാൻ പാടില്ല.

**"മൈക്കിൾ ജോസഫിന്റെ ഭാര്യയായ നീ സലോമിയുടെ വെള്ളിത്താമ്പാളം നിലത്തിറക്കി മേബിൾ ജോസഫായി ജീവിക്കുക. അവനു പ്രിയപ്പെട്ട വെണ്ടക്കാ സാമ്പാറും കോഴിമപ്പാസും വെക്കാൻ പഠിക്കുക. അവന്റെ വസ്ത്രങ്ങളലക്കി അവന്റെ ഗൃഹം വെടിപ്പാക്കി വെച്ച് അവന്റെ കുഞ്ഞിനെ ശുശ്രൂഷിച്ച് നല്ല ഭാര്യയായി, നല്ല അമ്മയായി നിന്റെ ജീവിതാവസാനം വരെ കഴിയാൻ ഞങ്ങൾ വിധിക്കുന്നു".**

ആത്മാർത്ഥത കുടുംബത്തോടാവും വിധം ജോലിയെ ഒരു ഹോബിയായി മാത്രം സ്വീകരിക്കുക. അവളുടെ ഉദ്യോഗം അവന്റെ ഔദാര്യം മാത്രമാണെന്നതിന് തെളിവായി ഈ നിബന്ധന ബുദ്ധിയോടെ സ്വീകരിക്കാം.

വിവാഹത്തോടെ ഏതു സ്ത്രീക്കും സ്വകാര്യതകൾ നഷ്ടപ്പെട്ടു പോകുന്നു. അവളെ പലതായി മുറിച്ച് അവൾ കുടുംബത്തിനു നൽകുന്നു. അവിയലിന്റെ പച്ചക്കറികളും സോപ്പുപൊടിയുടെ അളവുമായി അവളുടെ ചിന്തകൾ രൂപാന്തരപ്പെടുന്നു. അങ്ങനെ മാറാൻ കഴിയാത്തതാണ് മേബിളിന്റെ പരാജയം. അവൾ സലോമിയായി മാറുന്നത്, അവളുടെ സാഹിത്യരചനയുടെ നേരങ്ങളിലാണ്. എഴുത്തിന്റെ തലത്തിൽ സ്ത്രീയും സമൂഹവും തമ്മിലുള്ള സംഘർഷം എവിടെയും നിലനിന്നിരുന്നു. സലോമിയുടെ വെള്ളിത്താമ്പാളം താഴ്ത്തിവെപ്പിക്കുവാൻ ധൃതി കാണിക്കുന്നവർ അവളിലെ ജ്വലിച്ചു നിൽക്കുന്ന അപരസ്വത്വത്തെ ഇല്ലായ്മ ചെയ്യാനാണ് ധൃതിപ്പെടുന്നത്. രചനകൾ പ്രസിദ്ധീകരിക്കുന്നതിനാൽ തന്റെ ഭർത്താവിനും മകനും എന്തുപ്രയോജനമാണ് ലഭിക്കുക എന്ന ചോദ്യവും ദുഷ്ടലാക്കു നിറഞ്ഞതാണ്. കാരണം ഒരു സ്ത്രീ ചെയ്യുന്ന പ്രവർത്തികളത്രയും കുടുംബത്തിന്റെ പ്രയോജനം എന്ന ഏകകത്താൽ അളന്നു തിട്ടപ്പെടുത്തിയിരിക്കണം എന്ന വലിയ ശാഠ്യമാണിത്. നക്ഷത്രങ്ങൾ പൂത്തുലഞ്ഞ ആകാശം കാണാനായി താൻ പുറത്തിറങ്ങി നിൽക്കുന്നു എന്ന മേബിളിന്റെ ഏറ്റുപറച്ചിലിനെ കോടതി നിഷ്കരുണം തള്ളിക്കളയുന്നു. ഒരു കീറാകാശം ഇവിടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി മാറുന്നു. നാം പുരോഗമിക്കുന്നു എന്ന ഉറച്ച പ്രഖ്യാപനങ്ങൾ നടത്തുമ്പോഴും സ്ത്രീയോടുള്ള പൊതുസമൂഹത്തിന്റെ മനോഭാവത്തിന് ഏറ്റവും നല്ല ഉദാഹരണമായി ഈ കഥ നിൽക്കുന്നു.




# സംഘടിത കൂട്ടായ്മയിൽ കണ്ണി ചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും
പ്രസിദ്ധീകരിക്കാനുമുള്ള വേദിയായ സംഘടിതയിലേക്ക്
സൃഷ്ടികൾ ക്ഷണിക്കുന്നു.
കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ,
നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ,
നവമാദ്ധ്യമ അവലോകനങ്ങൾ, പഴയ
കുടുംബഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ
പത്രവാർത്തകൾ - പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും
- ക്ഷണിക്കുന്നു. താൽപര്യമുള്ളവർ
**sheebakm@gmail.com** എന്ന വിലാസത്തിലേക്ക് സ്വന്തം
ഫോട്ടോയും മേൽവിലാസവും
ഫോൺ നമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.



# വാസ്തവം



ഡോ.ജാൻസി ജോസ്

ഈ ലക്കം മുതൽ വാസ്തവത്തിന്റെ ആശയത്തിന് മാറ്റം വരുത്താൻ ഉദ്ദേശിക്കുകയാണ്. എന്തൊക്കെ പുരോഗമനങ്ങളും നേട്ടങ്ങളും കണ്ടുപിടിത്തങ്ങളുമുണ്ടായാലും നമ്മുടെ രാജ്യത്ത് കുടുംബത്തിനകത്തും പുറത്തും സ്ത്രീകളുടെയും പെൺകുട്ടികളുടെയും സ്ഥിതിക്ക് മാറ്റം വന്നിട്ടില്ല. പറച്ചിലിൽ മാത്രം ഒതുങ്ങുന്ന സ്ത്രീ സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്താൻ മാത്രം ഉപയോഗപ്പെടുത്തുന്നു എന്നത് സത്യം. കേരളത്തിൽ ഒറ്റപ്പെട്ട കുറച്ചു വ്യക്തിത്വങ്ങൾക്കേ താൻ ഫെമിനിസ്റ്റാണെന്ന് ഉറക്കെപ്പറഞ്ഞുകൊണ്ട് നില്ക്കാൻ കഴിയുന്നുള്ളൂ .അവരുടെയൊക്കെ (ഞാനടക്കം) ജീവിതം എങ്ങനെ മുന്നോട്ടു പോവുന്നു എന്നതും പഠിക്കേണ്ടതു തന്നെ. അതു പഠിക്കുക എന്നതല്ല ഞാനിവിടെ ഉദ്ദേശിക്കുന്നത്. കുടുംബ ജീവിതത്തിന്റെ കാണാപ്പുറങ്ങൾ വായനക്കാരുടെ മുന്നിലെത്തിക്കാൻ കഴിയുമോ എന്നതാണ് എന്റെ ശ്രമം.

വിവാഹം വരെ വളരെ ആക്ടീവായി കാണുന്ന നമ്മുടെ കുട്ടികൾ വിവാഹത്തിനു ശേഷം പിന്നാമ്പുറത്തേക്ക് തള്ളപ്പെടുന്നത് പുതിയ കാര്യമല്ല. എത്രയോ പെൺകുട്ടികളാണ് യൂണിവേഴ്സിറ്റികളിൽ ബിരുദാനന്തര ബിരുദപഠനം പൂർത്തിയാക്കി പുറത്തു വരുന്നത്. ബുദ്ധിമതികളും വളരെ സ്മാർട്ടുമായ ഈ കുട്ടികളെവിടെപ്പോയി എന്നു ഞാൻ ചിന്തിക്കാറുണ്ട്. എല്ലാ കാര്യങ്ങൾക്കും മിടുക്കരായ അവകാശബോധവും സാമൂഹ്യബോധവുമുള്ള ആ കുട്ടികൾക്കെന്തു സംഭവിക്കുന്നു?

എത്രയൊക്കെ വിദ്യാഭ്യാസം ലഭിച്ചെങ്കിലും സ്വന്തം കാര്യത്തിൽ തീരുമാനമെടുക്കാനുള്ള പ്രാപ്തിയും സ്വാതന്ത്ര്യവും ലഭിച്ചില്ലെങ്കിൽ ആ വിദ്യാഭ്യാസം കൊണ്ട് വയറു ഭാഗ്യം മാത്രമേ ലഭിക്കുകയുള്ളൂ. മനുഷ്യനു ലഭിക്കേണ്ടതായ ഭാഗ്യങ്ങൾ ഒന്നും ലഭിക്കില്ല. പഠിക്കുന്ന കാലത്ത് വളരെ കുറഞ്ഞ ശതമാനം പെൺകുട്ടികൾ മാത്രമേ വയറു ഭാഗ്യത്തിനു വേണ്ടി പഠിക്കുന്നുള്ളൂ. പക്ഷേ രണ്ടു തരം ലക്ഷ്യത്തോടെ പഠിക്കുന്ന പെൺകുട്ടികൾ ഒരേ നിർഭാഗ്യ ത്തിൽ തന്നെവന്നു പെടുന്നു എന്നത് നമ്മുടെ ദുരവസ്ഥയെയാണ് കാണിക്കുന്നത്.

പത്തു മുപ്പതു വർഷം മുമ്പുവരെ യൂനിവേഴ്സിറ്റി തലത്തിൽ നിന്നിറങ്ങുന്ന പെൺകുട്ടികൾ ഒരു ഭാര്യ എന്നതിലപ്പുറം കടക്കാൻ കഴിയാതെ പെട്ടുകിടക്കുകയായിരുന്നു പതിവ്.ഭാര്യ ജോലിക്കു പോകുന്നത് അന്തസ്സല്ല എന്നു കരുതുന്ന ഒരു കാലഘട്ടമാണ് ഞാനിവിടെ സൂചിപ്പിച്ചത്.അറിവുകളും ഉൾക്കരുത്തും കാഴ്ചപ്പാടും അടച്ചുപ്പിലിട്ട് കഞ്ഞിവെക്കുന്ന;കുട്ടിയെ പോറ്റുന്ന ഭാര്യയോ അമ്മയോ ആകേണ്ടി വന്ന ഒത്തിരി പെൺകുട്ടികൾ നമ്മുടെ ചരിത്രത്തിലുണ്ട്. എം.എ ഫസ്റ്റ് റാങ്കിൽ പാസായ ഒരു പെൺകുട്ടിയുടെ കഥ പറയാതെ വയ്യ.ആർഭാട വിവാഹം കഴിഞ്ഞ് ഭാര്യയെ കൂട്ടി തൊഴിൽ സ്ഥലത്തേക്കുപോയ ഭർത്താവ് വീടിന്നകത്ത് പൂട്ടില്ലാതെ പൂട്ടിയിട്ടാണ് ജോലിക്കു പോകുന്നത്. ആ പെൺകുട്ടിയുടെ വിഷമം എന്നോട് പങ്കുവെച്ചതോർമ്മ വരുന്നു. 'വലിയ നഗരത്തിൽ വലിയ ഒരോഫീസിൽ വലിയൊരു ഉദ്യോഗത്തിൽ ഇരിക്കുന്ന ഭർത്താവ്. സന്തോഷിക്കാൻ എന്തു വേണം? നല്ല ഭർത്താവു വേണം എന്നതു മാത്രമാണ് ജീവിതത്തിന്റെ ലക്ഷ്യമെങ്കിൽ ഇതിൽ കൂടുതൽ സന്തോഷിക്കാൻ ആ കുട്ടിക്ക് ഒന്നും വേണ്ടിയിരുന്നില്ല. പക്ഷേ നന്നായി എഴുതുമായിരുന്ന;അനേകം സമ്മാനങ്ങൾ വാങ്ങിക്കൂട്ടിയ ആ ഭാര്യക്ക് സന്തോഷിക്കാനായില്ല.തനിക്ക് തന്നെ നഷ്ടമായി എന്നാണ് ആ കുട്ടിയുടെ വിഷമം.താൻ നേരത്തേ ഇങ്ങനെ ശീലിപ്പിച്ചിരുന്നെങ്കിൽ പ്രശ്നമുണ്ടാവില്ലായിരുന്നു. വിദ്യാഭ്യാസവും ചിന്താശക്തിയും നേടിയിട്ട് തിരിച്ചു പോവാൻ വയ്യ. കുട്ടിയുടെ മനസിൽ കടലിരമ്പുന്നത് കാണാമായിരുന്നു .

സ്വയം നഷ്ടപ്പെടുത്തി ജീവിക്കേണ്ടവരാണോ സ്ത്രീകൾ? ശരീരവും അടിമ ബോധവും മാത്രം മതിയോ പെണ്ണുങ്ങൾക്ക് ?വിവാഹത്തിലേക്കെത്തുമ്പോൾ എന്തുകൊണ്ട് എല്ലാവരും ഈ തീരുമാനത്തിലെത്തുന്നു എന്നത് പഠിക്കേണ്ടതുണ്ട്. നമുക്ക് ആലോചിച്ചു തുടങ്ങാം.

കഥ

ഹാജറ.പി.എം.



# സ്നേഹ സാഗരം

വൈകുന്നേരമാണ് ആ ചുവന്ന കാർ ഇരമ്പിപ്പാഞ്ഞ് വന്ന് അനുഗ്രഹ അപ്പാർട്ട്മെന്റിന്റെ ഗേറ്റിൽ നിന്നത്. സെക്യൂരിറ്റി ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. കാറിനകത്തേക്ക് നോക്കിയ അയാൾക്ക് ആളെ മനസ്സസിലായി. എൻജിനീയർ ശ്യാം വർമ്മ. അയാൾ പെട്ടെന്ന് ഗേറ്റ് തുറന്നു കൊടുത്തു. എന്നും വർമ്മയുടെ മുഖത്ത് ഒരു പുഞ്ചിരി വിരിയാറുള്ളതാണ്. പക്ഷെ ഇന്ന് തികച്ചും അപരിചിതത്വമാണ് ആ മുഖത്ത് കണ്ടത്. നീണ്ട മുറ്റത്ത് കൂടി പോർച്ചിലേക്ക് ഡ്രൈവിങ്ങ് പഠിക്കുന്ന വിദ്യാർത്ഥിയെപ്പോലുള്ള ആ പോക്ക് അയാൾ അത്ഭുതത്തോടെ നോക്കി നിന്നു. വലിയവരുടെയൊക്കെ കാര്യത്തിൽ തനിക്കെന്ത് എന്ന ചിന്തയോടെ അയാൾ ഗേറ്റടച്ചു തന്റെ ഇരിപ്പിടത്തിൽ ചെന്നിരുന്ന് ഫോണിൽ കണ്ടുകൊണ്ടിരുന്ന സിനിമയുടെ ബാക്കി ഭാഗത്തേക്ക് ഊളിയിട്ടു.

ശ്യാം വാതിലിൽ കൊട്ടിയപ്പോൾ പ്രഭ പെട്ടെന്ന് വാതിൽ തുറന്നു. പുറത്ത് പോകാനുള്ള വേഷത്തിലായിരുന്നു അവൾ. 'എന്താ ശ്യാമേട്ടാ ഇത്ര ലേറ്റായത്. നാലു മണിക്ക് എത്തുമെന്ന് പറഞ്ഞിട്ട് അഞ്ച് മണി ആയില്ലെ?' അയാൾ ഒന്നും പറയാതെ സോഫയിലേക്ക് വീണു. 'എന്ത് പറ്റി ശ്യാമേട്ടാ...' അവൾ ഉത്കണ്ഠയോടെ തിരക്കി. 'എനിക്ക് ഭയങ്കര തലവേദന.' അയാൾ ആയാസപ്പെട്ട് പറഞ്ഞു. 'ഞാൻ ബാം പുരട്ടിത്തരാം.' അവൾ അകത്ത് പോയി ബാം എടുത്ത് കൊണ്ടുവന്നു. 'ദൈവമേ... എന്താ പറ്റിയത് ശ്യാമേട്ടന്?' 'എനിക്ക് വല്ലാത്ത വയറുവേദന'. അയാൾ വയറിൽ ഒന്നമർത്തി. 'ഇതെന്താ ഇങ്ങനെ? ആദ്യം തലവേദന, ഇപ്പോ പറയുന്നു വയറുവേദനയെന്ന്. അൽപ്പം കഴിഞ്ഞാൽ കാലു വേദനയാകുമോ?' അവൾ ആശ്ചര്യത്തോടെ ചോദിച്ചു. 'ഞാൻ പറയട്ടെ. ശ്യാമേട്ടന് ശരീരത്തിനല്ല മനസ്സിനാണ് വേദന. ശരിയല്ലേ? എന്താ പറ്റിയതെന്ന് എന്നോട് പറഞ്ഞൂടെ? എന്താണെങ്കിലും എന്നോട് തുറന്ന പറയാം. എന്തും.' അവൾ ധൈര്യം നൽകി.



ഒന്നുമറിയാത്ത ഒരു കൊച്ചുകുട്ടിയുടെ ദൈന്യതയോടെ അയാൾ ചുറ്റും നോക്കി. പരതിപ്പിടിക്കാൻ ഒരു കച്ചിത്തുരുമ്പിനായി തിരഞ്ഞു. 'ഞാനിന്ന് നീലിമയെ കണ്ടിരുന്നു.' ശ്യാം മെല്ലെ പറഞ്ഞു. നീലിമ... ആ പേര് പ്രഭ കേട്ടിട്ടുണ്ട്. അവർ തമ്മിൽ അഗാധ പ്രണയത്തിലായിരുന്നു എന്ന് വിവാഹത്തിന്റെ ആദ്യ നാളുകളിലൊരിക്കൽ ശ്യാമേട്ടൻ തന്നോട് പറഞ്ഞിട്ടുണ്ട്. അനുകൂല സാഹചര്യങ്ങൾ ഉണ്ടായിട്ട് പോലും വിവാഹ നാളിലേക്ക് പരിശുദ്ധി കാത്തു വെച്ച നീലിമ. ഒരു വിരൽ സ്പർശം പോലും അനുവദിക്കാതിരുന്ന നീലിമ. തനിക്കത് കേട്ടപ്പോൾ അവളോട് ആരാധന തോന്നിയിട്ടുണ്ട്.

'നീലിമ ശ്യാമേട്ടനെ വിട്ട് മറ്റൊരാളുടെ കൂടെ പോയെന്നല്ലേ അന്ന് പറഞ്ഞത്?' പ്രഭ ചോദിച്ചു. ' അത് പെരും നുണയായിരുന്നു. അച്ഛനും അമ്മയും ചേർന്ന് മെനഞ്ഞെടുത്തത്.' തുലാവർഷക്കാറ്റിൽ ഇരമ്പിക്കയറുന്ന കാർമേഘങ്ങൾ പോലെ ആ മുഖം കറുത്തിരുന്നു. 'എവിടെ വെച്ചാണ് കണ്ടത്?' അവളുടെ വാക്കുകളുടെ ധ്വനി തിരിച്ചറിയാനായില്ല. 'ടൗണിൽ PM മാളിനടുത്ത് വെച്ച്.' സ്കൂളിൽ വൈകിയെത്തിയ കുട്ടി അ

**'കാലുകൾ നീരുവന്നു വീർത്ത് പൊട്ടി മുന്നിൽ ഒരു തുണി വിരിച്ച് വല്ലതും തരണേ എന്ന് വിളിച്ച് പറഞ്ഞ്.' അയാൾ പിന്നെയും എന്തൊക്കെയോ പറഞ്ഞു കൊണ്ടിരുന്നു. ശ്യാം വർമ്മയുടെ വീട്ടുവേലക്കാരിയായിരുന്നു നീലിമ.**



ഢ്യാപകന്റെ ചോദ്യങ്ങൾക്ക് മുന്നിൽ പിടിച്ചുനിൽക്കാൻ ശ്രമിക്കും പോലെ അയാളിരുന്നു. 'കൂടെ ഭർത്താവും കുട്ടികളുമൊന്നുമുണ്ടായിരുന്നില്ലേ' പ്രഭ അയാളുടെ കണ്ണുകളിലേക്ക് നോക്കി. 'നീലി... നീലി.... അവളിപ്പോൾ ഒരു യാചകി ആണിപ്പോൾ.' പ്രഭ അതു കേട്ട് ഞെട്ടി.

'കാലുകൾ നീരുവന്നു വീർത്ത് പൊട്ടി മുന്നിൽ ഒരു തുണി വിരിച്ച് വല്ലതും തരണേ എന്ന് വിളിച്ച് പറഞ്ഞ്.' അയാൾ പിന്നെയും എന്തൊക്കെയോ പറഞ്ഞു കൊണ്ടിരുന്നു. ശ്യാം വർമ്മയുടെ വീട്ടുവേലക്കാരിയായിരുന്നു നീലിമ. ഒരു കുഞ്ഞു പോലുമറിയാതെ പ്രണയവുമായി നടന്നത് മൂന്ന് വർഷം. വീട്ടിൽ അമ്മയില്ലാത്ത നേരത്ത് നീലിമ സ്വന്തം വീട്ടിലെ ദുരിതങ്ങൾ പറഞ്ഞു കരഞ്ഞപ്പോൾ അവളെ ചേർത്ത് പിടിച്ചു ആശ്വസിപ്പിച്ചു. ഏത് പ്രതിസന്ധിയിലും കൂടെയുണ്ടാകുമെന്ന് ഉറപ്പ് നൽകി.

പുറത്ത് പോയ അമ്മ വൈകിട്ട് തിരിച്ചെത്തി തന്റെ അടുത്തിരുന്ന് കൊച്ചുവർത്തമാനം പറയുത്തതിനിടയിലാണ് അത് സംഭവിച്ചത്. തന്റെ തോളത്ത് നിന്നും ഒരു നീണ്ട മുടി അമ്മ കണ്ടെടുത്തു. മുടി നീട്ടിക്കാണിച്ച് കൊണ്ട് അമ്മ ചോദിച്ചു: 'ആരുടെ മുടിയാണിത്.? അമ്മയുടെ മുടി നോക്കൂ. നീളം കുറഞ്ഞ ചുരണ്ട മുടി. ഇത്തരം നീണ്ട മുടി നീലിക്കാണുള്ളത്. സാരമില്ല. കാറ്റിൽ പറന്ന് വന്ന് വീണതായിരിക്കും.' അമ്മയത് പുറത്ത് കൊണ്ട് പോയി കളഞ്ഞു.

അതിന്റെ പിറ്റേ ദിവസമാണ് തന്റെ ഉപരിപഠനം വിദേശത്ത് വെച്ച് മതിയെന്ന് അച്ഛൻ വാശി പിടിച്ചത്. അമ്മയ്ക്കും അതായിരുന്നു താൽപര്യം. പിന്നീടുള്ള ദിവസങ്ങളിൽ തന്റെയൊപ്പം ഒരു നിഴലായി എല്ലായ്പ്പോഴും അമ്മയുണ്ടായിരുന്നു. അടുക്കള ഭാഗത്തേക്ക് പോകാനോ നീലിയെ കാണാനോ സാധിച്ചില്ല. വിദേശത്തേക്ക് പോവുന്നതിന്റെ തലേന്ന് രാത്രി. നിദ്രാവിഹീനങ്ങളായ പല രാത്രികളൊന്നായിരുന്നു അത്. നീലിയെ കണ്ട് യാത്ര പറയാതെ, കൊടുത്ത വാക്ക് ഒന്നുകൂടി ബലപ്പെടുത്താതെ പോകാനാവില്ലെന്ന് ബോധ്യപ്പെട്ടു. പിടഞ്ഞ് തൂങ്ങിയാടുന്ന ഹൃദയം നേരെ നിൽക്കണമെങ്കിൽ നീലിയെ കാണണം. തണുത്തു വിറങ്ങലിച്ചു പോയ ശരീരത്തിലേക്ക് ജീവരക്തം ഒഴുകണമെങ്കിൽ നീലിയെ കണ്ടേ മതിയാവൂ. ലോകമൊന്നാകെ സുഖസുഷുപ്തിയിലായ ആ വേളയിൽ അവൻ എഴുന്നേറ്റ് ഒച്ചയുണ്ടാക്കാതെ നീലിയുടെ മുറി ലക്ഷ്യമാക്കി നടന്നു. ഞെട്ടിപ്പോയി. കോണിപ്പടിക്ക് ചുവട്ടിൽ സോഫ വലിച്ചിട്ട് അച്ഛൻ കിടക്കുന്നു. നീലിയുടെ

റൂമിന് മുന്നിൽ മറ്റൊരു സോഫയിൽ അമ്മ. സകല പ്രതീക്ഷളും തകർന്നു തരിപ്പണമായ നിമിഷമായിരുന്നു അത്. അഗാധ ഗർത്തത്തിൽ വീണ് ജീവവായുവിന് വേണ്ടി കൈകാലിട്ടടിച്ച് പിടയുന്ന അവസ്ഥയിൽ ഒരു ജഡമായി പിറ്റേന്ന് വിദേശത്ത് ചെന്നിറങ്ങി.

പഠനം പാതി വഴിയിലുപേക്ഷിച്ച് തിരിച്ചെത്തിയപ്പോഴേക്കും നീലിക്ക് വേണ്ടി മാത്രം തുടിച്ചിരുന്ന ഹൃദയം ഒരു അസ്ഥികൂടത്തിനുള്ളിലായിക്കഴിഞ്ഞിരുന്നു. തന്റെ കോലം കണ്ട് അച്ഛനമ്മമാർ പകച്ചു. നീലി അതിനിടയിൽ മറ്റൊരു സ്ഥലത്തേക്ക് നാടുകടത്തപ്പെട്ടിരുന്നു. അടുത്ത വീട്ടിൽ വാടകക്ക് താമസിച്ചിരുന്ന ഒരാൾക്കൊപ്പം നീലി ഒളിച്ചോടി എന്ന് അമ്മ തന്നെ തെറ്റിധരിപ്പിച്ചു.

'ശ്യാമേട്ടന് അവളെയൊന്ന് തഴുകി ആശ്വസിപ്പിക്കാൻ തോന്നിയില്ലേ?' പ്രഭയുടെ ശബ്ദം അയാളെ ഉണർത്തി. 'തോന്നി..... പക്ഷെ....' ശ്യാം വിക്കി. 'എന്താ? പൊതുജനം കാണുന്നതിലുള്ള ജാള്യമായിരുന്നോ?' പ്രഭ ചോദിച്ചു. 'അല്ല. ഞാനൊരു ഭർത്താവും പിതാവുമാണെന്ന ബോധ്യം എന്നെ പിന്നോട്ട് വലിച്ചതാണ്.

പ്രഭ ആകെയൊന്നുലഞ്ഞു. തന്റെ സ്വന്തമെന്നു കരുതിയിരുന്ന ബാലു ഏട്ടൻ രണ്ട് വർഷം ചവച്ചു തുപ്പിയ എച്ചിലാണ് ശ്യാം വർമ്മയുടെ പ്ലേറ്റിലേക്ക് തന്റെ അച്ഛൻ വിളമ്പിക്കൊടുത്തത് എന്ന് ശ്യാം അറിഞ്ഞിട്ടില്ല. യാതൊരു കുറ്റബോധവുമില്ലാതെ താൻ ശ്യാമേട്ടന്റെ ഭാര്യാപദവി അലങ്കരിക്കുകയും ചെയ്തു. അവളുടെ കുത്തഴിഞ്ഞ കോളേജ് ജീവിതം ഒരു നെരിപ്പോടായി അവളിൽ എരിഞ്ഞു.

ശ്യാം റോഡ് സൈഡിൽ പാർക്കു ചെയ്തിരുന്ന കാറിനടുത്തേക്ക് നടക്കുമ്പോഴാണ് ആ സ്വരം കാതിൽ വീണത്. 'സാറേ......വല്ലതും തരണേ.....വിശപ്പ് സഹിക്കാൻ വയ്യ'. പത്തരൂപ നോട്ടെടുത്ത് വിരിച്ചിട്ടിരിക്കുന്ന തുണിയിലേക്ക് എറിയുന്നതിടയാലാണ് ആ മുഖം കണ്ടത്. ഇടി വെട്ടേറ്റ പോലെ തരിച്ചു നിന്നുപോയി. തമ്മിൽ തിരിച്ചറിഞ്ഞപ്പോൾ നീലിയുടെ മുഖത്ത് അമ്പരപ്പായിരുന്നു. ക്രമേണ പ്രത്യേക ശോഭ അവളുടെ മുഖത്ത് ദൃശ്യമായി. നീലിയിൽ നിന്നാണ് അച്ഛനമ്മമാർ ചെയ്ത ചതി മനസ്സിലാക്കുന്നത്. അടുത്തുള്ള ഉന്തുവണ്ടിയിൽ നിന്നും ചായയും അപ്പവും വാങ്ങിക്കൊടുത്തു. അവൾ ആർത്തിയോടെ തിന്നുന്നത് ശ്യാം നോക്കി നിന്നു.

'എനിക്ക് രണ്ട് പ്രാർത്ഥനയായിരുന്നു ഉണ്ടായിരുന്നത്. മരിക്കുന്നതിന് മുമ്പ് ശ്യാമേട്ടനെ ഒരു നോക്ക് കാണണം. വയറു നിറയെ ഒരി ക്കലെങ്കിലും ഭക്ഷണം കഴിക്കണം. ദൈവം ഇന്ന് രണ്ടും സാധിപ്പിച്ച് തന്നു. എനിക്ക് തൃപ്തിയായി.' അൽപ സമയത്തെ മൗനത്തിനു ശേഷം അവൾ മടിയോടെ ചോദിച്ചു: 'ആ വിരലിൽ ഒന്ന് തൊട്ടോട്ടെ?' ശ്യാം കൈനീട്ടി. ആ ചെളി പിടിച്ച കൈ മുറുക്കിയും അയച്ചും എന്തെല്ലാമോ ഓർമ്മിപ്പിച്ചു. കുന്നോളം മോഹങ്ങൾ പെട്ടെന്ന് മോഹഭംഗങ്ങളായി മാറുകയും വേദനയുടെയും ക്രൂരതയുടെയും നീർച്ചാലുകൾ നീന്തിക്കടന്നതും ഹൃദയത്തിലെന്നും കൊതിച്ചു കൊണ്ടിരുന്ന കൂടിച്ചേരലിന്റെ സന്തോഷവും എല്ലാം ആ ചലനങ്ങളിലുണ്ടായിരുന്നു. അവൾ മെല്ലെ കൈ പിൻവലിച്ചു ആ മുഖത്ത് സംതൃപ്തിയുടെ പ്രഭ തെളിഞ്ഞു.

'വരൂ, നമുക്ക് പോകാം' പ്രഭ എഴുന്നേറ്റ് വാതിൽ പൂട്ടി. എന്തിനെന്നറിയാതെ അവൾക്ക് പിന്നിൽ ഒരു കാറ്റാടി മരം കണക്കെ അയാൾ നീങ്ങി. 'നമുക്ക് നീലിമക്ക് വേണ്ട ചികിത്സ നൽകണം.' നടക്കുന്നതിനിടയിൽ പ്രഭ പറഞ്ഞു. ഡ്രൈവിങ്ങ് സീറ്റിലിരിക്കാൻ തുനിഞ്ഞ ശ്യാമിനെ പ്രഭ തടഞ്ഞു. 'ഞാൻ ഓടിച്ചോളാം, ശ്യാമേട്ടൻ കൂടെ വന്നാൽ മതി.' കാറിൽ വെച്ച് അവർ ഒന്നും സംസാരിച്ചില്ല. ശ്യാം പറഞ്ഞ സ്ഥലത്ത് വണ്ടി നിർത്തി. തട്ടുകടയുടെ മുന്നിൽ നീലിമ ഉണ്ടായിരുന്നില്ല. അവൾ ഇറങ്ങിച്ചെന്ന് അന്വേഷിച്ചപ്പോൾ കടക്കാരൻ പറഞ്ഞു: 'ഇപ്പോ ഇവിടെ ഒരാക്സിഡന്റ് നടന്നതെയുള്ളൂ. ഒരു കാർ നിയന്ത്രണം വിട്ട് ആ സ്ത്രീയുടെ മേലേക്ക് ഇടിച്ചു കയറി. തലച്ചോർ ചിതറിപ്പോയി. കണ്ടില്ലേ പോലീസ് വന്നത്.' അയാൾ ചൂണ്ടിയ ഭാഗത്തേക്ക് അവർ നോക്കി. രണ്ട് പോലീസുകാർ എന്തോ കുത്തിക്കുറിക്കുന്നു. ഒരു ചെറിയ ആൾക്കൂട്ടം. അവിടെകണ്ടു.

പ്രഭ ശ്യാമിനെ നോക്കി. കേട്ട വാർത്തയുടെ ആഘാതത്തിൽ നിന്ന് മോചിതനാവാതെ വല്ലാത്തൊരു ഭാവത്തോടെ നിൽക്കുകയാണ് ശ്യാം. പെട്ടെന്ന് ഫ്ളാറ്റിലേക്ക് തിരിച്ചു പോകുന്നതാണ് നല്ലതെന്ന് പ്രഭക്ക് തോന്നി. അവൾ ശ്യാമിനെയും കൂട്ടി വണ്ടിയിൽ ചെന്നിരുന്നു. പ്രഭ വണ്ടിയെടുക്കാൻ തുനിഞ്ഞപ്പോഴാണ് ഒരു വെളിപാട് കിട്ടിയ പോലെ ശ്യാം പെട്ടെന്ന് അവൾക്ക് നേരെ തിരിഞ്ഞത്. അവളുടെ രണ്ട് കൈകളിലും പിടിച്ച് അയാൾ പറഞ്ഞു: എന്റെ നീലീ... ഇത്ര നാളും നീ എവിടെ ആയിരുന്നു?. എന്റെ അച്ഛനമ്മമാർ നിന്നോട് വല്ലാത്ത ക്രൂരത കാട്ടിയല്ലേ.?' പ്രഭ ഒരാന്തലോടെ അയാളെ വിളിച്ചു:'ശ്യാമേട്ടാ...' ശ്യാമിന്റെ മുഖം സങ്കടം കൊണ്ട് നിറഞ്ഞിരുന്നു. കണ്ണുകൾ ഇപ്പോൾ പെയ്തിറങ്ങിയേക്കുമെന്ന് തോന്നി.

**റിപ്പോർട്ട്**
**ദീപ**

# മുലയുള്ളവർക്ക് മലകയറിക്കൂടേ?

അഗസ്ത്യാർകൂടം ട്രക്കിംഗിൽ നിന്ന് സ്ത്രീകളെ വിലക്കുന്ന കേരള സർക്കാരിന്റെയും വനംവകുപ്പിന്റെയും നടപടിയിൽ പ്രതിഷേധിച്ച് റിപ്പബ്ലിക് ദിനത്തിൽ സ്ത്രീകൾ ദേശീയ പതാകയുമേന്തി ബോണക്കാടേക്ക് മാർച്ച് നടത്തി. ഭരണഘടന ഉറപ്പു നല്കുന്ന പൗരവകാശങ്ങൾ ലംഘിക്കുന്ന സർക്കാർ നടപടി തിരുത്താൻ തയ്യാറല്ലെങ്കിൽ നിയമ ലംഘനം നടത്തി 2018-ൽത്തന്നെ അഗസ്ത്യാർകൂടത്തിലേക്ക് കയറുമെന്ന് പ്രഖ്യാപിച്ചു . ഇന്ത്യയിലെ മറ്റെല്ലാ റിസർവ്വ് ഫോറസ്റ്റിലേക്കുമുള്ള ട്രക്കിംഗിൽ സ്ത്രീകളെ പങ്കെടുപ്പിക്കുമ്പോൾ അഗസ്ത്യാർകൂടത്തിൽ മാത്രം സ്ത്രീകൾക്ക് വിലക്ക് ഏർപ്പെടുത്തന്നതെന്തുകൊണ്ടാണെന്ന് കേരള സർക്കാർ വ്യക്തമാക്കണമെന്ന് സ്ത്രീകൾ ആവശ്യപ്പെട്ടു. ബോണക്കാട് ബേയ്സ് ക്യാമ്പ്ചെക്ക് പോസ്റ്റിൽ വെച്ച് പോലീസ് മാർച്ച് തടഞ്ഞു.തുടർന്ന് നടന്ന പ്രതിഷേധം വി.പി.സുഹ്റ ഉദ്ഘാടനം ചെയ്തു. എം.സുൽഫത്ത്, ദിവ്യ ദിവാകരൻ, അഡ്വ. ആശ, മാഗ്ലിൻ, അഡ്വ:സുധ ഹരിദ്വാർ എന്നിവർ സംസാരിച്ചു .





**കവിത**

സന്ധ്യ പത്മ



# ഉന്മാദിനികളുടെ കാഴ്ചവട്ടങ്ങൾ

ഏയ് ആണുങ്ങളേ,
നിനച്ചിരിക്കാത്ത നേരത്തു
കൃഷ്ണമണികളടർന്ന്
കൈകളിൽ വീണിട്ടുണ്ടോ?
കാഴ്ചയകലും മുന്നേ
പുകച്ചിലിന്റെ ജീവശാസ്ത്രം
വായിച്ചു ശ്വാസംമുട്ടിയിട്ടുണ്ടോ?

വാക്കുകൾ തൊണ്ടയിൽ
കുരുങ്ങുമ്പോൾ,
പെട്ടെന്ന് തിരിച്ചുപിടിക്കുന്ന
കാഴ്ചകളിൽ;
പണ്ടെന്നോ അന്ധതയുടെ
നിറവ്യത്യാസം
വെയിലിനോടും ഇരുട്ടിനോടും
മാറിമാറി ചോദിച്ചിരുന്നില്ലേ?

വെയില് പറഞ്ഞത് ചുവപ്പ്
ഇരുട്ട് പറഞ്ഞത് കറുപ്പ്
വെയിലിന്റെ ചുവപ്പിൽ
ഒരു ബിന്ദു
പറന്നു പറന്നു
ഇരുട്ടിന്റെ കറുപ്പിൽ
മനസ്സ് ചലനമറ്റ് നിന്നു!

ഇടയിലെവിടെയോ ഒരമ്മ
ഇലയടർത്തി
കൃഷ്ണമണികൾ വച്ച് നീട്ടുന്നു!
മെയ് പകുത്തവന്റെ
ദൗർഭാഗ്യം പകുത്തു വാങ്ങി
മറ്റൊരുത്തി,
കണ്ണിൽ കറുപ്പ് ചുറ്റുന്നു.

ചോര കട്ടിയായി;
ഇനിയും ഞങ്ങളെ ഉപ്പിലിടരുതേന്നു
കേഴുന്നുണ്ട് രണ്ടു കൃഷ്ണമണികൾ



ശാസ്ത്രം

സീമ ശ്രീലയം

പ്രമുഖ ശാസ്ത്ര ലേഖിക, നിരവധി ബഹുമതികൾക്ക് ഉടമ



# നോതറുടെ സിദ്ധാന്തത്തിന് നൂറു വയസ്സ് തികയുമ്പോൾ–



ഗണിതത്തിലും സൈദ്ധാന്തിക ഭൗതികത്തിലും വിലപ്പെട്ട സംഭാവനകൾ നൽകി. ഈ ശാസ്ത്രജ്ഞയുടെ സുപ്രധാനമായ ഒരു സിദ്ധാന്തത്തിന് നൂറു വയസ്സു തികയുകയാണ് ഈ വർഷം. പെണ്ണായിപ്പിറന്നതു കൊണ്ടു മാത്രം അർഹിക്കുന്ന അംഗീകാരം കിട്ടാതെ പോയ എമ്മി നോതർ എന്ന ശാസ്ത്രജ്ഞയെക്കുറിച്ചാണ് പറഞ്ഞുവരുന്നത്. 1882 മാർച്ച് 23 ന് ജർമ്മനിയിൽ ഗണിതജ്ഞനായ മാക്സ് നോതറുടെ മകളായാണ് എമ്മിയുടെ ജനനം. പെൺകുട്ടികൾ ഗണിതവും ശാസ്ത്രവുമൊന്നും പഠിക്കാൻ മുന്നോട്ടു വരാതിരുന്ന അക്കാലത്ത് തന്റെ അച്ഛൻ പഠിപ്പിച്ചുകൊണ്ടിരുന്ന എർലാൻജൻ സർവ്വകലാശാലയിൽത്തന്നെ എമ്മി ഗണിതപഠനത്തിനു ചേർന്നു. പഠനത്തിനു ശേഷം അവിടുത്തെ മാത്തമാറ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലിക്ക് ചേർന്നെങ്കിലും കടുത്ത വിവേചനമാണ് അവിടെ നേരിടേണ്ടി വന്നത്. സ്ത്രീകൾക്ക് സുപ്രധാന സ്ഥാനങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന സ്ഥാപനത്തിൽ ഏഴു വർഷം ശമ്പളമില്ലാതെയാണ് എമ്മി ജോലിചെയ്തത്!

1915 ൽ ഗണിതശാസ്ത്ര ഗവേഷണത്തിനു പേരുകേട്ട ഗോട്ടിൻജൻ സർവ്വകലാശാലയിലെ ഗണിതശാസ്ത്ര വിഭാഗത്തിൽ അധ്യാപനത്തിനുള്ള ക്ഷണം ലഭിച്ചു. എന്നാൽ അവിടെയും കാത്തിരിപ്പുണ്ടായിരുന്നു അവഗണനയുടെയും വിവേചനത്തിന്റെയും കയ്പ് നിറഞ്ഞ ഉയർന്ന പദവിയിലേക്ക പരിഗണിച്ചില്ലെന്നു മാത്രമല്ല സ്ഥിരനിയമനവും നൽകിയില്ല. ശമ്പളമില്ലാതെയും പലപ്പോഴും ജോലി ചെയ്യേണ്ടി വന്നു. എമ്മിയുടെ ക്ലാസ്സുകൾ സഹപ്രവർത്തകനായ ഹിൽബെർട്ടിന്റെ പേരിലാണ് പലപ്പോഴും പുറത്തറിഞ്ഞിരുന്നത്! ഹിൽബെർട്ടിന്റെഅസിസ്റ്റന്റ് മാത്രമാണ് ഈ വനിത എന്ന തരം താഴ്ത്തലുമുണ്ടായി.

എങ്കിലും 1933 വരെ അവിടെ തുടർന്നുകൊണ്ട് എമ്മി തന്റെഅധ്യാപനവും ഗവേഷണവും തുടർന്നു. ഒടുവിൽ എമ്മിയുടെ കഴിവുകളെ അംഗീകരിക്കാതെ തരമില്ലെന്നു വന്നു ഗവേഷകർക്ക്. നിരവധി വിദ്യാർഥികൾക്ക് ഗവേഷണത്തിൽ വഴികാട്ടിയായി ഈ വനിത. 1918

ൽ നോതർ അവതരിപ്പിച്ച സിദ്ധാന്തത്തിന് നൂറു വയസ്സു തികയുകയാണ് ഈ വർഷം. പ്രകൃതിയിലെ സമമിതിയുമായി (സിമട്രി) ബന്ധപ്പെട്ട ഈ സിദ്ധാന്തമാണ് ഭൗതികശാസ്ത്രത്തിലെ വിവിധ സംരക്ഷണ നിയമങ്ങൾക്ക് അടിസ്ഥാനമായത്. പ്രകൃതിയിലെ സമമിതിയെക്കുറിച്ച് വ്യക്തമായ ഉൾക്കാഴ്ച നൽകുന്നതായിരുന്നു നോതറുടെ സിദ്ധാന്തം.ഊർജസംരക്ഷണ നിയമത്തിനും ആക്ക സംരക്ഷണ നിയമത്തിനുമൊക്കെ

ഇത് അടിത്തറ പാകുകയും ചെയ്തു. 1932 ൽ സൂറിച്ചിൽ വച്ചു നടന്ന രാജ്യാന്തര ഗണിതശാസ്ത്ര കോൺഗ്രസ്സിൽ അബ്സ്ട്രാക്റ്റ് ആൾജിബ്രയിലെ തന്റെ ചില കണ്ടെത്തലുകൾ എമ്മി അവതരിപ്പിക്കുകയും അത് വലിയ തോതിൽ ചർച്ച ചെയ്യപ്പെടുകയും ചെയ്തു. 1933 ൽ ഹിറ്റ്ലറുടെ ജൂത വിരോധം കാരണം ജോലിയിൽ നിന്നു പിരിച്ചുവിടപ്പെട്ടവരുടെ കൂട്ടത്തിൽ എമ്മിയും ഉണ്ടായിരുന്നു. അതോടെഎമ്മി നോതർ ജന്മനാടു വിട്ട് യുഎസ്സിലെ പെൻസിൽവാനിയയിലേക്ക് പോവുകയും അവിടെ ഗവേഷണവും അധ്യാപനവും തുടരുകയും ചെയ്തു.അതിനിടയിൽ 1935 ൽ അണ്ഡാശയ മുഴ നീക്കം ചെയ്യാനുള്ള ഒരു സർജറിക്ക് എമ്മി വിധേയയായി. എന്നാൽ നാലുദിവസത്തിനു ശേഷം

ഏപ്രിൽ 14 ന്എമ്മിയെ മരണം തട്ടിയെടുത്തു. അൻപത്തി മൂന്നാമത്തെവയസ്സിൽ ആ ഗണിത വിസ്മയം വിട പറഞ്ഞു. ഗണിതശാസ്ത്രത്തിലെ ഏറ്റവും ശ്രദ്ധേയയായ വനിത എന്നാണ് ആൽബർട്ട് എൻസ്റ്റൈൻ എമ്മിയെ വിശേഷിപ്പിച്ചത്.

കടപ്പാട് : ഇന്റർനെറ്റ്

# കാർട്ടൂൺ




**'ഞാനെന്താണ് കണ്ടുപിടിച്ചതെന്ന് നോക്കൂ. ഇപ്പോൾ നാം തമ്മിൽ സമമായി!'**



Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara




## KSFE പ്രവാസി ചിട്ടി

**കൂടുതൽ മെച്ചപ്പെട്ട ജീവിതത്തിനും...കൂടുതൽ മെച്ചപ്പെട്ട സ്വദേശത്തിനും...**

- ചിട്ടിയുടെ ഗുണഫലങ്ങൾക്കൊപ്പം വരിക്കാർക്ക് **അത്യാഹിത പരിരക്ഷ, പെൻഷൻ** തുടങ്ങിയ സാമൂഹ്യ സുരക്ഷാ പദ്ധതികൾ.
- 24 X 7കാലയളവിൽ തുടർച്ചയായി സേവനം.
- ചിട്ടിയിൽ നിന്നുള്ള പണം കിഫ്ബിയുമായി ചേർന്ന് കേരളത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് ഉപയോഗിക്കുന്നു.

അഡ്വ. പീലിപ്പോസ് തോമസ്
ചെയർമാൻ

എ. പുരുഷോത്തമൻ
മാനേജിംഗ് ഡയറക്ടർ

Grafcreative.in

KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
CIN: U65923KL1969SGC002249

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്,
പി.ബി. നമ്പർ: 510, തൃശ്ശൂർ 20.
Ph: 0487-2332255. Fax: 0487-2336232
Email: mail@ksfe.com Website: www.ksfe.com

വളരുന്ന കേരളത്തിന്റെ വിരലടയാളം



## ദിവ്യ സാരഥി

ട്രാൻസ്ജെണ്ടറുകളുടെ അവകാശങ്ങൾക്കു വേണ്ടി പോരാടുന്ന 'ബോൺ ടു വിൻ' എന്ന സംഘടന ചെന്നൈയിൽ സ്ഥാപിച്ചു.

രാജസ്ഥാനിലെ ജെയ്പൂരിൽ 12000 ത്തോളം വീട്ടുജോലി ചെയ്യുന്ന സ്ത്രീകൾക്കായി രാജസ്ഥാൻ മഹിള കാംഗർ യൂനിയൻ സ്ഥാപിച്ചു.

## മേവ ഭാരതി





## ആലിസ് ഗാർഗ്

രാജസ്ഥാനിലെ 280 ഗ്രാമങ്ങളിലെ മൂവായിരത്തോളം കുട്ടികളെ സംരക്ഷിക്കുന്ന 'ബാല രശ്മി സംഘടന' 1972 ൽ സ്ഥാപിച്ചു പ്രവർത്തിക്കുന്നു.



## പ്രീതി പട്കർ

മനുഷ്യക്കടത്തിനും ലൈംഗിക പീഡനത്തിനുമിരയായ കുട്ടികൾക്കു വേണ്ടി 'പ്രേരണ' എന്ന സംഘടന മുംബൈയിൽ സ്ഥാപിച്ചു.

ഇന്ദോറിലെ ഗൈനക്കോളജിസ്റ്റായ ഡോ. ദിവ്യ ഗുപ്ത 'ജ്വാല ഫോർ ജസ്റ്റിസ് ' എന്ന സംഘടനയിലൂടെ ലൈംഗികാതിക്രമങ്ങൾക്ക് ഇരയായവർക്ക് തണലേകുന്നു.

## ഡോ. ദിവ്യ ഗുപ്ത





## ജനക് മക്ഗില്ലൻ

മദ്ധ്യപ്രദേശിലെ സനാവാടിയ ഗ്രാമത്തിലെ ജനങ്ങൾക്ക് എല്ലാമാണ് ശുദ്ധ വെള്ളത്തിനായി പോരാടുന്ന ജനക് ദീ.





## പുതിയ കാലത്തെ സ്ത്രീയെ
## പുനർനിർവ്വചിക്കുന്ന
## ഒരേയൊരു സ്ത്രീമാസിക....

# സംഘടിത

## 8 -ാം വർഷത്തിലേക്ക്

## വായിക്കുക... വരിക്കാരാവുക...

# വരിക്കാരാവാൻ

**ഒറ്റപ്രതി 20 രൂപ, വാർഷിക വരിസംഖ്യ 200 രൂപ**

Sanghaditha,C/O Anweshi Women's Counseling Centre,Kottooly,Calicut 673016,
SB account number 14130100072122, Federal Bank,Mavoor Road, Calicut,
IFS Code FDRL0001413

Sanghadithacalicut@gmail.com, sheebakm@gmail.com